# കേരള സർക്കാർ

## ബജറ്റ് പ്രസംഗം

## 2026-27


**കെ.എൻ.ബാലഗോപാൽ**

**ധനകാര്യ മന്ത്രി**


**2026 ജനുവരി 29**

| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം I** | - | 1 |
| ആമുഖം | - | 1 |
| 7-ാം ധനകാര്യ കമ്മീഷനും പ്രാദേശിക സർക്കാരുകളും | - | 21 |
| അഭിമാനകരമായ അഞ്ചുവർഷങ്ങൾ | - | 27 |
| **ഭാഗം II** | | 41 |
| വേൾഡ് എക്കണോമിക് ഫോറം | | 43 |
| തൊഴിലുറപ്പ് പദ്ധതി | - | 54 |
| കുടുംബശ്രീ | - | 63 |
| **ഭാഗം III** | - | 66 |
| കൃഷി | - | 68 |
| മത്സ്യബന്ധനം | - | 76 |
| വനവും വന്യജീവി സംരക്ഷണവും | - | 79 |
| ഊർജ്ജം | - | 91 |
| വ്യവസായം | - | 93 |
| വിവരസാങ്കേതികവിദ്യ | - | 107 |
| റോഡുകളും പാലങ്ങളും | - | 115 |
| വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | - | 148 |

| | | |
|---|---|---|
| തൊഴിലും തൊഴിലാളി ക്ഷേമവും | - | 157 |
| ധനകാര്യ വകുപ്പ് | - | 192 |
| **ഭാഗം IV** | | 205 |
| വിഭവസമാഹരണം | - | 205 |
| ഉപസംഹാരം | - | 207 |

# ആമുഖം

1. സർ, 2026-27ലേക്കുള്ള സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നത് ഏറെ സന്തോഷത്തോടെയും അതിലേറെ അഭിമാനത്തോടെയുമാണ്. ധനമന്ത്രി എന്ന നിലയിൽ ഞാൻ അവതരിപ്പിക്കുന്ന ആറാമത്തെ ബജറ്റാണിത്. സംസ്ഥാന സർക്കാരിനുവേണ്ടി ഞാൻ അവതരിപ്പിച്ച ഓരോ ബജറ്റും തിരഞ്ഞെടുപ്പുകാലത്ത് ഞങ്ങൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിനു കൃത്യമായി ആസൂത്രണം ചെയ്ത പരിപാടികളുടെ പ്രഖ്യാപനങ്ങളായിരുന്നു. തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ അവതരിപ്പിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ കൈവരിച്ച പുരോഗതി ഞങ്ങൾ ജനസമക്ഷം അവതരിപ്പിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച പ്രോഗ്രസ്സ് റിപ്പോർട്ടുകളും വിപുലമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. പറഞ്ഞ കാര്യങ്ങൾ ഏതാണ്ട് പൂർണ്ണമായി നടപ്പിലാക്കി എന്ന ചാരിതാർത്ഥ്യത്തോടെയാണ് നടപ്പുവർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കുന്നത്.

2. സർ, പത്തുവർഷം മുമ്പുള്ള കേരളമല്ല ഇന്നത്തെ കേരളം. ഏതാണ്ട് എല്ലാ മേഖലകളിലും കേരളം പുതിയ നോർമൽ (A New Normal) സൃഷ്ടിച്ചിരിക്കുകയാണ്. പഴയ നോർമലുമായി താരതമ്യം ചെയ്യാൻ പോലും കഴിയാത്ത രീതിയിൽ അതിശയകരവും അഭിമാനകരവുമായ പുരോഗതിയാണ് ജനജീവിതത്തിന്റെ എല്ലാ തുറകളിലു മുണ്ടായിരിക്കുന്നത്. ഈ സമ്മേളന കാലത്ത് ഓരോ

വികസന തുറയിലും വന്ന മാറ്റങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെടണം എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സ്ഥിതിവിവരക്കണക്കുകളും ഉദാഹരണങ്ങളും നിരത്തി സംസ്ഥാനം നേടിയ അഭിമാനകരമായ നേട്ടങ്ങൾ അവതരിപ്പിക്കാൻ ഞങ്ങൾ തയ്യാറാണ്. പ്രതിപക്ഷത്തിന് പറയാനുള്ള കാര്യങ്ങൾ ക്ഷമയോടെ കേട്ടിരിക്കാനും ഞങ്ങൾ സന്നദ്ധരാണ്. അങ്ങനെ ഒരു ചർച്ച ഈ സഭയിൽ നടന്നാൽ അത് നമ്മുടെ ജനാധിപത്യത്തിൽ ഒരു നല്ല മാതൃകയായിരിക്കും സൃഷ്ടിക്കുക.

3. 2025-26ലേക്കുള്ള ബജറ്റ് പ്രസംഗത്തിന്റെ തുടക്കത്തിൽ ഞാൻ ചില സന്തോഷ വർത്തമാനങ്ങൾ പങ്കുവെച്ചിരുന്നു. ദീർഘകാലമായി സംസ്ഥാന സർക്കാർ നേരിട്ടിരുന്ന ധനവൈഷമ്യത്തിൽ നിന്നും നാം കരകയറിയിരിക്കുന്നു എന്നതായിരുന്നു ആദ്യത്തെ പ്രസ്താവം. കേരളം സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന ഘട്ടത്തിലേക്ക് കടക്കാനുള്ള ടേക്ക് ഓഫിനു സജ്ജമായിരിക്കുന്നു എന്ന കാര്യവും തുടക്കത്തിൽ തന്നെ എടുത്തു പറഞ്ഞിരുന്നു.

4. പുതിയ ബജറ്റ് പ്രസംഗത്തിൽ എനിക്ക് കൂടുതൽ സന്തോഷ വർത്തമാനങ്ങൾ പങ്കുവെയ്ക്കാനുണ്ട്. എന്നാൽ അവയിലേക്ക് കടക്കുന്നതിന് മുമ്പ് കേരളീയരെ ആശങ്കപ്പെടുത്തുന്ന എന്നാൽ ജാഗ്രതയോടെ നീങ്ങിയാൽ ഒഴിവാക്കാനാകുന്ന ഒരു അപകടത്തെക്കുറിച്ച് പറയേണ്ടതുണ്ട്.

5. എത്ര ബജറ്റവതരിപ്പിച്ചാലും എത്ര ലക്ഷം കോടി ചെലവാക്കിയാലും കിട്ടാത്ത ഒരു സ്വത്ത് കേരളത്തിന് സ്വന്തമായുണ്ട്. കേരളീയരുടെ ഒത്തൊരുമ എന്നാണ് ആ മഹത്തായ സ്വത്തിന്റെ പേര്. ശാന്തിയും സമാധാനവും മതസൗഹാർദവും ഒത്തൊരുമയും നിലനിർത്താനാവുന്നു എന്നതാണ് നമ്മുടെ ഭാവിവളർച്ച യുടെയും ഐശ്വര്യത്തിന്റെയും ഏറ്റവും വലിയ ഗ്യാരന്റി. വിദേശസഞ്ചാരികളേയും സംരംഭകരെയും മൂലധന ത്തേയും മറ്റും നമ്മുടെ നാട്ടിലേക്ക് ആകർഷിക്കാൻ ഇതിനേക്കാൾ മെച്ചപ്പെട്ട ഒരു ഘടകത്തെക്കുറിച്ച് ആലോചിക്കാനാകില്ല. പക്ഷേ കേരളത്തിന്റെ ഈ കൂട്ടായ്മയെ തകർക്കാൻ ഉഗ്രവിഷമുള്ള വർഗീയ സർപ്പങ്ങൾ തക്കംപാർക്കുന്നുണ്ട്. കേരളീയ ജീവിതത്തിന്റെ സ്വച്ഛതയിലേക്ക് വിഷം പകരാൻ അവർ പലവുരു പരിശ്രമിച്ചിട്ടുണ്ട്. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് വിഷബാധകളെ ചെറുക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. പക്ഷേ പെട്ടെന്ന് പരാജയം സമ്മതിച്ച് പിൻവാങ്ങുന്നവരല്ല മതരാഷ്ട്രവാദം ചീറ്റുന്ന വിഷസർപ്പ ങ്ങൾ എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. കേരള ജനതയെ വർഗീയമായി വിഭജിച്ചും ധ്രുവീകരിച്ചും കീഴ്പ്പെടുത്താൻ പുതിയ തന്ത്രങ്ങളുമായി അവർ സജീവ മായിരിക്കുന്നു എന്നത് കാണണം. വർഗീയതയ്ക്കെതിരെ ജനകീയ ഐക്യത്തിന്റെ പ്രതിരോധം തീർക്കുന്നവരെ ചാപ്പകുത്തുക എന്നതാണ് 'തിരഞ്ഞെടുപ്പ് വിദഗ്ധർ' ഓതിക്കൊടുക്കുന്ന പുതിയ തന്ത്രം.

6. ചാപ്പകുത്തലുകളെ ഞങ്ങൾ അവജ്ഞയോടെ തള്ളിക്കളയുന്നു. തീക്കട്ടയിൽ ചിതലരിക്കില്ല എന്ന് മനസിലാക്കിക്കൊള്ളണം. കുറഞ്ഞത് ഒരു നൂറ്റാണ്ടുകാലമായി ഞങ്ങൾ ഇവിടെ ജനങ്ങൾക്കിടയിലുണ്ട്. സാമ്രാജ്യത്വത്തിന് എതിരായ സമരങ്ങളിൽ തുടങ്ങി ഭൂപരിഷ്കരണത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങളിലും നിയമനിർമ്മാണത്തിലും കൂടി വളർന്ന് എണ്ണമറ്റ തൊഴിൽ സമരങ്ങളിലൂടെ ശക്തി പ്രാപിച്ച് ക്ഷേമപെൻഷനുകളുടെ വിതരണത്തിലും ജനകീയാസൂത്രണത്തിലും അതിദാരിദ്ര്യ നിർമ്മാർജ്ജന ത്തിലും എത്തിനിൽക്കുന്ന ഞങ്ങൾക്ക് ഒരു മത-ജാതി വിഭാഗവും അപരരല്ല. എല്ലാവരും ചേർന്നതാണ് ഞങ്ങൾ ഇടതുപക്ഷം.

7. സർ, സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെട്ടു എന്ന് കഴിഞ്ഞ ബജറ്റ് പ്രസംഗത്തിലെ പ്രസ്താവം വസ്തുനിഷ്ഠമാണ്. നേരത്തേ നിശ്ചയിച്ച വായ്പാ പരിധി വെട്ടിക്കുറച്ചും അർഹമായ കുടിശ്ശികകൾ നിഷേധിച്ചും ഈ സർക്കാരിനെ അവസാന പാദത്തിൽ ശ്വാസംമുട്ടിക്കാൻ കേന്ദ്രം ശ്രമം നടത്തുന്നുണ്ട്. അവ പക്ഷേ താൽക്കാലികമാണ്. തിരഞ്ഞെടുപ്പുകാലത്തെ ഇരുട്ടടി എന്നേ അതിനെ കാണേണ്ടതുള്ളൂ. ദീർഘകാല ധനകാര്യനില നോക്കിയാൽ കേരളം വളരെ മെച്ചപ്പെട്ട നിലയിലാണ് എന്ന കാര്യം പറയുന്നത് ഞങ്ങൾ മാത്രമല്ല, റിസർവ് ബാങ്കും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലുമെല്ലാം ഇക്കാര്യം പറയുകയും കേരളത്തെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. ധനനിലയിലെ അഭിമാനകരമായ പുരോഗതി സംബന്ധിച്ച സ്ഥിതിവിവരങ്ങൾ

ബജറ്റ് പ്രസംഗത്തിലും അനുബന്ധരേഖകളിലുമായി അവതരിപ്പിക്കുന്നുണ്ട്.

8. സർക്കാരിന്റെ ധനസ്ഥിതി പരിശോധിച്ച് അധിക ബാധ്യത ഏറ്റെടുക്കാൻ കഴിയും എന്നുറപ്പിച്ചിട്ടാണ് കഴിഞ്ഞ ഒക്ടോബർ 29-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവിധ പെൻഷനുകളും ഓണറേറിയങ്ങളും വർധിപ്പിച്ചുകൊണ്ടുള്ള പ്രസ്താവന നടത്തിയത്. അതിനോട് അനുബന്ധിച്ച മൂന്ന് പുതിയ പദ്ധതികൾ കൂടി പ്രഖ്യാപിക്കപ്പെട്ടിരുന്നു. പുതിയ പദ്ധതികളിൽ ആദ്യത്തേത് നിലവിലുള്ള മറ്റ് സാമൂഹ്യക്ഷേമ പദ്ധതികളിലൊന്നും ഗുണഭോക്താക്കളാകാത്ത 35-നും 60-നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് പ്രതിമാസം ആയിരം രൂപ ധനസഹായം ഉറപ്പാക്കുന്ന **മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി**യാണ്. 31 ലക്ഷം പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ഇതുവരെ **16.32 ലക്ഷം** പേർ ഈ പദ്ധതിയിൽ അംഗമായി. ഈ പദ്ധതിക്കായി **3720 കോടി രൂപ** വകയിരുത്തുന്നു.

9. രണ്ടാമത്തേത് അഭ്യസ്തവിദ്യരും തൊഴിലിനായി വിവിധ പരിശീലനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ചെറുപ്പക്കാർക്ക് ഒരു പ്രോത്സാഹന സഹായം എന്ന നിലയിൽ പ്രഖ്യാപിച്ച നടപ്പാക്കിയ **മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്** എന്ന പദ്ധതിയാണ്. അഞ്ച് ലക്ഷം ചെറുപ്പക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇതുവരെ ഈ പദ്ധതിയിൽ **68,731 പേർ** രജിസ്റ്റർ

ചെയ്തിട്ടുണ്ട്. ആദ്യ മാസത്തെ സ്കോളർഷിപ്പ് തുക വിതരണം ചെയ്തുകഴിഞ്ഞു. മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതിക്കായി **400 കോടി രൂപ** മാറ്റിവയ്ക്കുന്നു.

10. മൂന്നാമത്തേത് കുടുംബശ്രീ എ.ഡി.എസുകൾക്ക് 2025 നവംബർ ഒന്നാം തീയതി മുതൽ പ്രതിമാസം ആയിരം രൂപ പ്രവർത്തന ഗ്രാന്റായി നൽകാനുള്ള തീരുമാനമായിരുന്നു. **19,470** എ.ഡി.എസുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുതുടങ്ങി.

11. സർ, തൊഴിലാളികൾക്കും കൃഷിക്കാർക്കും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും കരുതലാവുന്ന ക്ഷേമപരിപാടികൾ പ്രഖ്യാപിക്കാനും നടപ്പിലാക്കാനും അവരുടെ സർക്കാർ അധികാരത്തിലിരിക്കുമ്പോഴല്ലേ കഴിയൂ. മറ്റാർക്കും കഴിയാത്തതുകൊണ്ടാണ് ഞങ്ങൾ ആ ഉത്തരവാദിത്തം എടുക്കുന്നത്.

12. സർ, ഇക്കാര്യം ക്ഷേമപെൻഷനുകളുടെ ചരിത്രം എടുത്താൽ പകൽ പോലെ വ്യക്തമാകും. ആരാണ് അവ തുടങ്ങിയത്? ആരാണ് അവ ഘട്ടം ഘട്ടമായി ഉയർത്തിയത്? എന്നതൊക്കെ ഈ നാടിന് അറിയാം.

13. മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ക്ഷേമനിധിബോർഡ് പെൻഷനുകൾ, സർക്കസ്/അവശകലാകാര പെൻഷനുകൾ എന്നിവ നിലവിലെ 1600 രൂപ പ്രതിമാസ നിരക്കിൽ നിന്നും പ്രതിമാസം 2000 രൂപയായി വർധിപ്പിക്കും എന്ന്

പ്രസ്താവിച്ചിരുന്നു. 2025 നവംബർ മാസം മുതൽ ഉയർന്ന നിരക്കിൽ ക്ഷേമപെൻഷൻ നൽകുന്നുണ്ട്.

14. സർ, 2026-27 വർഷത്തേക്ക് ക്ഷേമപെൻഷൻ നൽകുന്നതിനായി **14,500 കോടി രൂപ** വകയിരുത്തുന്നു

15. സർ, അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും, സാക്ഷരതാ പ്രേരകുമാർ, ആശാവർക്കർമാർ, സ്കൂൾ പാചകതൊഴിലാളികൾ, പ്രീ-പ്രൈമറി അധ്യാപകരും ആയമാരും തുടങ്ങിയവരുടെ ഹോണറേറിയം വർധിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. ഉയർന്ന നിരക്കിലുള്ള ഓണറേറിയം നൽകിത്തുടങ്ങി. ഇവരുടെ ഓണറേറിയത്തിലും വേതനത്തിലും കാലോചിതമായ വർധന വരുത്തേണ്ടതുണ്ട്.

16. സർ, ഇവിടെ ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. കേന്ദ്രസർക്കാരിന്റെ സ്കീമുകളിൽ പണിയെടുക്കുന്നവർക്ക് കേന്ദ്രം ദശാബ്ദങ്ങൾക്ക് മുമ്പ് നിശ്ചയിച്ച ഓണറേറിയമാണ് ഇപ്പോഴും നൽകുന്നത്. ആനുകൂല്യങ്ങൾ ഇതിനിടയിൽ പലതവണ കൂട്ടി നൽകിയ സംസ്ഥാനത്തിനെതിരെ സമരം ചെയ്യുകയും കേന്ദ്രത്തെ പുകഴ്ത്തുകയും ചെയ്യുന്ന സംഭവങ്ങൾ ഇവിടെ അരങ്ങേറുകയുണ്ടായി. കേന്ദ്രസർക്കാരിനെതിരെ കേരളത്തിലും ഡൽഹിയിലും സമരം നടത്തുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവർ ആലോചിക്കണം. അതെന്തായാലും സ്കീം വർക്കേഴ്സിനെ ചേർത്തുപിടിക്കുന്ന നയമാണ് ഇടതുപക്ഷം എക്കാലവും പിന്തുടരുക.

**അങ്കണവാടി ജീവനക്കാർ**

17. സർ, അങ്കണവാടി വർക്കർമാരുടെ പ്രതിമാസ വേതനത്തിൽ **1000 രൂപയുടെയും** ഹെൽപർമാരുടെ പ്രതിമാസ വേതനത്തിൽ **500 രൂപയുടെയും** വർധനവ് വരുത്തുന്നു.

**ആശ വർക്കർമാർ**

18. സർ, ആശാവർക്കർമാരുടെ പ്രതിമാസ വേതനത്തിൽ **1000 രൂപയുടെ** വർധനവ് വരുത്തുന്നു.

**പ്രീ-പ്രൈമറി അധ്യാപകർ**

19. സർ, പ്രീ-പ്രൈമറി അധ്യാപകരുടെ പ്രതിമാസ വേതനത്തിൽ **1000 രൂപ** വർധനവ് ഏർപ്പെടുത്തുന്നു.

**സ്കൂൾ പാചകത്തൊഴിലാളികൾ**

20. സർ, സ്കൂൾ പാചകത്തൊഴിലാളികളുടെ ദിവസ വേതനത്തിൽ **25 രൂപയുടെ** വർധനവ് ഏർപ്പെടുത്തുന്നു.

**സാക്ഷരതാ പ്രേരക്മാർ**

21. സർ, സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ വേതനത്തിൽ **1000 രൂപയുടെ** വർധനവ് ഏർപ്പെടുത്തുന്നു.

22. സർ, അതുപോലെ സർക്കാർ ജീവനക്കാരുടെ ഡി.എയുടെയും പെൻഷൻകാരുടെ ക്ഷാമാശ്വാസ ത്തിന്റെയും നിരക്കുകൾ ഉയർത്തിക്കൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിരുന്നു. ഡി.എ, ഡി.ആർ

കുടിശ്ശികകൾ അനുവദിക്കാൻ കുറച്ച് കാലതാമസം ഉണ്ടായി എന്ന കാര്യം നിഷേധിക്കുന്നില്ല. അത് പരിഹരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.

**ധനകാര്യത്തിലെ പുരോഗതി**

23. സർ, കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണന അതിന്റെ പാരമ്യത്തിലെത്തിയത് ഈ സർക്കാരിന്റെ കാലത്താണ്. അതുകൊണ്ടുതന്നെയാണ് സംസ്ഥാന ഖജനാവിൽ 'പൂച്ച പെറ്റുകിടക്കും' 'ട്രഷറി അടച്ചിടും', 'ശമ്പളം മുടങ്ങും' തുടങ്ങിയ പരിഹാസ പ്രവചനങ്ങൾ ഉണ്ടായത്. അത്തരം അപകടം ഒന്നും സംഭവിക്കാത്തത് കണ്ടിട്ടാണ് വികസന-ക്ഷേമ ചെലവുകൾ വെട്ടിക്കുറച്ചു കൊണ്ടും അമിതമായി കടം വാങ്ങിയുമാണ് കേരളം പിടിച്ചുനിന്നത് എന്ന ആരോപണം വരുന്നത്. പക്ഷേ ഇപ്പോൾ ഈ രണ്ടുവാദങ്ങളും ആരും ഉന്നയിക്കുന്നില്ല. കേന്ദ്ര സർക്കാരുമായും മറ്റ് സംസ്ഥാനങ്ങളുമായും താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ കടം ദുർവഹമല്ല എന്ന കാര്യം ഇപ്പോൾ ഏതാണ്ടെല്ലാവർക്കും വ്യക്തമായിട്ടുണ്ട്. കേരളം കടം കയറി നശിച്ചു എന്ന പ്രചരണം വെളിവുള്ള ആരും ഇപ്പോൾ ഏറ്റെടുക്കുന്നില്ല. എന്നിരുന്നാലും കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമാകേണ്ടതുണ്ട്.

**തനതുവരുമാനം**

24. സർ, ആദ്യം കേരളം എങ്ങനെ പിടിച്ചുനിന്നു എന്നത് വ്യക്തമാക്കാം. **അതൊരു പരമ രഹസ്യമാണ്!** ഇടതുപക്ഷ

സർക്കാരിനെ ധനപരമായി ഒതുക്കാനുള്ള ശ്രമം കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവും എന്ന് തുടക്കത്തിലെ കണക്കുകൂട്ടിയിരുന്നു.

25. സർ, നമ്മളൊക്കെ അരിയാഹാരമല്ലേ കഴിക്കുന്നത്. അതുകൊണ്ട് അപകടം മുൻകൂട്ടി കാണാൻ കഴിഞ്ഞു. സർക്കാരിന്റെ ചെലവുകൾ ക്രമീകരിച്ചും തനതുവരുമാനം വർധിപ്പിച്ചും പ്രതിരോധ കോട്ട കെട്ടുകയാണ് ഞങ്ങൾ ചെയ്തത്.

26. സർ, ഹൃദയം നിറഞ്ഞ സന്തോഷത്തോടെയും അഭിമാനത്തോടെയും ഈ സഭയെ അറിയിക്കട്ടെ, കഴിഞ്ഞ അഞ്ച് വർഷക്കാലത്തിൽ ഏകദേശം **1,27,747 കോടി രൂപയുടെ** അധിക വരുമാനമാണ് തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞത്. **ഇത് മൊത്തം തനതുനികുതി വരുമാനത്തിന്റെ കണക്കല്ല. തനത് നികുതി വരുമാനത്തിൽ 1,27,747 കോടി രൂപ അധികമായി പിരിച്ചെടുക്കാൻ കഴിഞ്ഞു.** 2025-26 ധനവർഷത്തെ കണക്കുകൾ അന്തിമമാകുമ്പോൾ ഇത് ഇനിയും ഉയരും. മുൻ സർക്കാരിന്റെ കാലത്തെ (2016-17 മുതൽ 2020-21) ശരാശരി പ്രതിവർഷ തനത് നികുതി വരുമാനം **47,453 കോടി** രൂപയായിരുന്നു. ഈ സർക്കാരിന്റെ ശരാശരി പ്രതിവർഷ തനത് നികുതി വരുമാനം **73,002 കോടി** രൂപയാണ്. 2025-26 വർഷത്തെ കണക്കുകൾ അന്തിമമാകുമ്പോൾ ശരാശരി തനതുനികുതി വരുമാനം ഇനിയും ഉയരും. ഈ ബജറ്റിൽ

2025-26-ലെ തനത് നികുതി വരുമാനമായി റിപ്പോർട്ട് ചെയ്യുന്നത് **83,731 കോടി** രൂപയാണ്.

27. സർ, സംസ്ഥാന സർക്കാരിന്റെ തനത് നികുതിയേതര വരുമാനത്തിലും അഭിമാനകരമായ വളർച്ച ഉണ്ടായിട്ടുണ്ട്. നികുതിയേതര വരുമാനമായി 24,898 കോടി രൂപയോളം അധികമായി പിരിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞു. നികുതിയേതര വരുമാനത്തിന്റെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാർഷിക ശരാശരി 10,455 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ കാലത്ത് അത് 15,435 കോടിയായി ഉയർന്നു. 2025-26 ലെ കണക്കുകൾ അന്തിമമാക്കുമ്പോൾ ഇത് വീണ്ടും ഉയരും. ചുരുക്കിപ്പറഞ്ഞാൽ തനത് നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലുമായി 1,52,645 കോടിയിലേറെ നമുക്ക് അധികമായി പിരിച്ചെടുക്കാൻ കഴിഞ്ഞു.

28. സർ, അതാണ് കടുത്ത കേന്ദ്ര അവഗണനയ്ക്കിടയിലും നമ്മെ പിടിച്ചുനിൽക്കാൻ സഹായിച്ചത്. അതായിരുന്നു ധനമന്ത്രിയുടെ കയ്യിലെ മാന്ത്രിക ദണ്ഡ് : അധികമായി പിരിച്ചെടുത്ത തനത് നികുതി-നികുതിയേതര വരുമാനം. ഈ അവസരത്തിൽ ഈ നേട്ടം സാധ്യമാക്കിയ സർക്കാർ ഉദ്യോഗസ്ഥരേയും സർവോപരി നികുതിദായകരെയും അഭിനന്ദിക്കുകയാണ്. **അവരോടുള്ള സർക്കാരിന്റെ കടപ്പാട് അറിയിക്കാനും ഈ അവസരം ഉപയോഗിക്കുകയാണ്.**

29. നികുതിദായകരോട് ശത്രുതാ മനോഭാവത്തോടുകൂടി പെരുമാറരുത് എന്ന കാര്യം ഉദ്യോഗസ്ഥരോട് ആവർത്തിച്ച് പറയുന്നുണ്ട്. നികുതിദായകർ കഠിനാധ്വാനം ചെയ്ത് സമ്പത്ത് ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടാണ് സർക്കാരിന് നികുതി-നികുതിയേതര വരുമാനം ഉണ്ടാവുന്നത്. പശ്ചാത്തലമേഖലയിലും മറ്റും പുരോഗതി സാധ്യമാക്കിക്കൊണ്ട് എല്ലാ ഉൽപ്പാദകരേയും സഹായിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഒപ്പം നികുതിദായകരെ ആദരിക്കാനും അവർക്ക് പുരസ്കാരം നൽകാനും സർക്കാർ ആലോചിക്കുന്നു. ഇതിനായി **5 കോടി രൂപ** നീക്കിവെയ്ക്കുന്നു. പുരസ്കാരത്തിനുള്ള മാർഗനിർദ്ദേശം നികുതിവകുപ്പ് തയ്യാറാക്കും.

30. സർ, സംസ്ഥാന സർക്കാരിന്റെ നികുതി-നികുതിയേതര വരുമാനം ഇനിയുമേറെ വർധിപ്പിക്കാനുള്ള സാധ്യതയുണ്ട്. പക്ഷേ അതിന് കേന്ദ്രത്തിന്റെ പിന്തുണകൂടി വേണം. ജി.എസ്.ടി വരുമാനം വർധിക്കണമെങ്കിൽ സംസ്ഥാനത്തെ നികുതിഭരണം മെച്ചപ്പെട്ടാൽ മാത്രം പോര. ഐ.ജി.എസ്.ടി വരുമാനം വർധിക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ട് ഇപ്പോഴും നിലനിൽക്കുന്ന ഭരണപരവും സാങ്കേതികവുമായ പോരായ്മകൾ പരിഹരിക്കണം. ഒപ്പം കേന്ദ്രത്തിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും നികുതിഭരണം കൂടുതൽ മെച്ചപ്പെടുകയും ചെയ്യണം.

**സർക്കാരിന്റെ ചെലവ്**

31. സർ, ഇനി സർക്കാരിന്റെ ചെലവിലേക്ക് വരാം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശരാശരി പ്രതിവർഷ ചെലവ് **1,17,191 കോടി** രൂപയായിരുന്നു. 2011-16 ലെ

ഉമ്മൻചാണ്ടി സർക്കാരിന്റെ പ്രതിവർഷ ചെലവ് 68,028 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ അഞ്ച് വർഷത്തെ ശരാശരി പ്രതിവർഷ ചെലവാകട്ടെ **1,69,547 കോടി** രൂപയാണ്. 2024-25ൽ വാർഷിക ചെലവ് 1,73,808 കോടി രൂപയും. ഈ ബജറ്റിൽ അവതരിപ്പിക്കുന്ന കണക്കനുസരിച്ച് 2025-26ലെ ചെലവ് **1,92,456 കോടി** രൂപയായിരിക്കും.

32. സർ, കിഫ്ബി വഴിയുള്ള വികസന ചെലവ് മേൽപ്പറഞ്ഞതിനു പുറമേയാണ്.

33. സർ, ചുരുക്കത്തിൽ സർക്കാരിന്റെ വികസന-ക്ഷേമ ചെലവുകളുടെ കാര്യത്തിൽ ഒരു വെട്ടിക്കുറവും വരുത്തിയിട്ടില്ല. മറിച്ച് വികസന ചെലവുകൾ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയിലേക്ക് വളരുകയാണ് ചെയ്തത്.

34. സംസ്ഥാനത്തെ ഒരു നിയമസഭാ മണ്ഡലത്തിലും സർക്കാരിന്റെ വികസനച്ചെലവുകൾ കുറഞ്ഞു എന്നു പറയില്ല. അതു തന്നെയാണ് സർക്കാർ വകുപ്പുകളുടെ സ്ഥിതിയും എല്ലാ പ്രദേശത്തും എല്ലാ വകുപ്പുകളിലും കേരളം പുതിയ നോർമൽ സൃഷ്ടിച്ചിരിക്കുന്നു എന്ന പറയുന്നത് ഈ പശ്ചാത്തലത്തിലാണ്.

**സംസ്ഥാനത്തിന്റെ കടഭാരം**

35. സർ, കടുത്ത കേന്ദ്ര അവഗണന ഉണ്ടായിട്ടും എങ്ങനെ പിടിച്ചുനിന്നു എന്നതിലാണ് ചിലർക്ക് കുണ്ഠിതം. അങ്ങനെ ഒരു സംശയം ഉണ്ടാവുക സ്വാഭാവികവുമാണ്.

തനതു വരുമാനം ഉയർത്തിക്കൊണ്ടാണ് പിടിച്ചുനിന്നത് എന്നു പറഞ്ഞല്ലോ.

36. സർ, അവഗണനയ്ക്കിടയിൽ എങ്ങനെ പിടിച്ചുനിന്നു എന്ന ചോദ്യമല്ല യഥാർത്ഥത്തിൽ ചോദിക്കേണ്ടത്. കടുത്ത അവഗണന ഉണ്ടായിരുന്നില്ലെങ്കിൽ കേരളം എത്ര ത്തോളം ഉയരുമായിരുന്നു എന്ന ചോദ്യമാണ് ഉയർത്തേണ്ടത്. അവഗണനയുടെ കഥയിലേക്ക് പിന്നീട് വരാം.

37. കേരളം കടംകയറി തളർന്നിരിക്കുന്നു എന്ന ആക്ഷേപം അൽപം കാര്യഗൗരവമുള്ള ആരും ഇപ്പോൾ ഉന്നയിക്കു ന്നില്ല. ധനഉത്തരവാദിത്ത നിയമത്തിന്റെ പരിധിവിട്ടു കടം വാങ്ങാൻ സംസ്ഥാനത്തിന് കഴിയില്ല എന്ന് എല്ലാവർക്കും അറിയാം. കേരളത്തിന്റെ കടപരിധിയുടെ കാര്യത്തിൽ പല തൊടുന്യായവും പറഞ്ഞ് കൂടുതൽ വെട്ടിക്കുറവ് വരുത്തുന്നു എന്നതും സത്യമാണ്. കേരളത്തിന്റെ കടത്തെപ്പറ്റിയുള്ള രണ്ടോ മൂന്നോ പതിറ്റാണ്ട് കാലത്തെ സ്ഥിതിവിവരം നോക്കുന്നവർക്ക് കൃത്യമായി അറിയാം. ഓരോ അഞ്ചുവർഷത്തിലും സഞ്ചിതകടം ഇരട്ടിയാകുകയാണ് പതിവ്. മുൻ സർക്കാരിന്റെ തുടക്കത്തിൽ കടം **1,57,370 കോടി** രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ എത്തിയപ്പോഴേക്കും അത് 2,96,901 കോടി രൂപയായിരുന്നു. 2024-25 ൽ കടം **4,35,314 കോടി** രൂപയായി. 2025-26ൽ ഈ ബജറ്റിൽ റിപ്പോർട്ട് ചെയ്യുന്ന കടത്തിന്റെ സംഖ്യ **4,88,910 കോടി** രൂപയാണ്.

കടം ഇരട്ടിച്ചിരുന്നുവെങ്കിൽ കുറഞ്ഞത് **5,93,802 കോടി രൂപയിൽ** എത്തണമായിരുന്നു. സംസ്ഥാനത്തിന്റെ കടം താങ്ങാവുന്ന പരിധിയ്ക്കുള്ളി ലാണ് എന്നത് നിലവിൽ ഉപയോഗിക്കുന്ന ഏത് മാനദണ്ഡം വച്ചുനോക്കിയാലും വ്യക്തമാകും. കേരളത്തിന്റെ കടവും ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം ഇപ്പോൾ 33.44 ശതമാനമാണ്. കേരളത്തിന്റെ കടവും ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം 2021-ൽ 38.47 ശതമാനമായിരുന്നത് 4 വർഷം കൊണ്ട് 5 ശതമാന ത്തോളമാണ് കുറഞ്ഞത്.

**കേരളത്തോടുള്ള അവഗണന**

38. ഏറെക്കാലം ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിട്ടുള്ള ഒരാളെന്ന നിലയിൽ മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യമുണ്ട്. കേന്ദ്രത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്ന കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾ കാണിക്കുന്ന ഒത്തൊരുമ പരസ്യമായ രഹസ്യമാണ്. ഭരണപക്ഷവും പ്രതിപക്ഷവും ഉദ്യോഗസ്ഥരും മാധ്യമപ്രവർത്തകരുമെല്ലാം ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങും. കേരളത്തിന്റെ കഥ നേർവിപരീതമാണ്.

39. കേന്ദ്ര അവഗണനയുടെ വാർത്ത പുറത്തുവരുമ്പോൾ ആഘോഷിക്കുന്നവർ നമ്മുടെ കൂട്ടത്തിലുണ്ട്. പ്രകൃതി ദുരന്തകാലത്ത് പോലും അതുണ്ടായി. പക്ഷേ സമീപകാലത്ത് ചെറിയ മാറ്റം ഉണ്ടായിട്ടുണ്ട്. കേന്ദ്ര ഏജൻസികളുടെ കണക്കുകൾ നിരത്തിക്കൊണ്ട് കിട്ടാവുന്ന എല്ലാ വേദികളിലും അവഗണനയുടെ സത്യം

ഞങ്ങൾ ആവർത്തിച്ച് വിളിച്ച് പറഞ്ഞുകൊണ്ടിരിക്കുക യാണ്. വലിയ അവഗണനയുണ്ട് എന്ന കാര്യം ഇപ്പോൾ വിദഗ്ധന്മാരും മാധ്യമങ്ങളും പൊതുവെ സമ്മതിക്കുന്നുണ്ട്.

40. കേന്ദ്ര അവഗണനയെ പ്രതിരോധിക്കാനുള്ള ഒന്നാമത്തെ മാർഗം അനീതിയാണ് നടക്കുന്നത് എന്ന് ഉറക്കെ വിളിച്ച് പറയുകയാണ്. കേരളം സങ്കുചിതത്വം മറന്ന് ഒത്തൊരുമയോടെ നിന്നാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അവഗണനയുടെ ചിത്രം ബജറ്റ് പ്രസംഗത്തിൽ നൽകേണ്ടതുണ്ട്. എന്നതുകൊണ്ട് ചില കാര്യങ്ങൾ ചുരുക്കി പറയാം.

41. ഒന്ന്, കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്നുള്ള സംയുക്ത ഗവൺമെന്റിന്റെ വലുപ്പം കുറയ്ക്കാൻ കേന്ദ്രം നിരന്തരം പരിശ്രമിക്കുന്നു. മൻമോഹൻസിങ്ങിന്റെ കാലത്ത് നിയോലിബറൽ പരിഷ്കാരങ്ങൾ തുടങ്ങിയ കാലം മുതൽ കേന്ദ്രത്തിനെ പിടികൂടിയ ഒരു വ്യാധിയാണിത്. ഏറ്റവും ചെറിയ ഗവൺമെന്റാണ് ഏറ്റവും നല്ല ഗവൺമെന്റ് എന്നതാണ് ആ കാഴ്ചപ്പാട്. വികസിത രാജ്യങ്ങൾ ദേശീയോൽപ്പാദനത്തിന്റെ അമ്പത് ശതമാനം വരെ നികുതിയായി പിരിച്ചെടുത്ത് ചെലവ് ചെയ്യുമ്പോഴാണ് ഇന്ത്യ സർക്കാരിനെ ചെറുതാക്കാൻ പരിശ്രമിക്കുന്നത്. പക്ഷേ, സർക്കാരിന്റെ വലുപ്പം കുറയ്ക്കാനുള്ള ഉത്തര വാദിത്തം മുഴുവനും സംസ്ഥാനങ്ങൾക്ക് മുകളിലാണ് കെട്ടിവെയ്ക്കുന്നത്. സംസ്ഥാനങ്ങളുടെ നികുതിവരു മാനവും വായ്പാപരിധിയും വെട്ടിക്കുറയ്ക്കുന്നു. ഒപ്പം കൂടുതൽ ചെലവുത്തരവാദിത്തങ്ങൾ കെട്ടിയേൽപ്പിക്കുന്നു.

42. രണ്ട്, കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ട തുകയുടെ (ഡിവിസിബിൾ പൂൾ) അനുപാതം വെട്ടിക്കുറയ്ക്കുന്നു. വീതം വെയ്ക്കേണ്ടാത്ത സെസ്സും, സർചാർജ്ജും മറ്റും ഉയർത്തുന്നു. വീതംവെയ്ക്കേണ്ട കോർപ്പറേറ്റ് നികുതിയിലും മറ്റും വലിയ ഇളവ് നൽകുന്നു. എന്തിനേറെപ്പറയുന്നു, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുഖ്യ സ്രോതസ്സായ ജി.എസ്.ടി യുടെ നിരക്കുകൾ പോലും കേന്ദ്രം ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുന്നു. സംസ്ഥാനങ്ങൾ ആവശ്യപ്പെട്ട കോമ്പൻസേഷൻ നല്കുന്നുമില്ല.

43. മൂന്ന്, സംസ്ഥാനങ്ങൾക്ക് വീതം വെയ്ക്കേണ്ട തുക കുറയുന്നതിനോടൊപ്പം അതിൽ കേരളത്തിനുള്ള വിഹിതം കുത്തനെ വെട്ടിക്കുറയ്ക്കുന്നു. പത്താം ധനകമ്മീഷന്റെ കാലത്ത് 3.88 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനഞ്ചാം കമ്മീഷനിലെത്തിയപ്പോൾ 1.92 ശതമാനമായി കുറഞ്ഞു. കേന്ദ്ര ധനകമ്മീഷൻ ശിപാർശയിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകുന്ന ഗ്രാന്റിലും കേരളത്തിന്റെ ഓഹരി ഗണ്യമായി കുറഞ്ഞു. പന്ത്രണ്ടാം കമ്മീഷന്റെ കാലത്ത് 4.54 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനഞ്ചാം കമ്മീഷനായപ്പോൾ 2.68 ശതമാനമായി ഇടിഞ്ഞു.

44. നാല്, നികുതിവിഹിതം കുറച്ചതിന്റെ ക്ഷീണം പരിഹരിക്കാനാണ് റവന്യൂ കമ്മി ഗ്രാന്റ് അനുവദിച്ചത്.

ജി.എസ്.ടി വരുമാനത്തിൽ ഇടിവുണ്ടായത് പരിഹരിക്കാനാണ് ജി.എസ്.ടി കോമ്പൻസേഷൻ ഗ്രാന്റ് അനുവദിച്ചത്. ഈ രണ്ട് ഗ്രാന്റുകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കി.

45. അഞ്ച്, മേൽപറഞ്ഞതിനു പുറമേയാണ് സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ വലിയ വെട്ടിക്കുറവുണ്ടായത്. കോവിഡ് മഹാമാരിയുടെ കാലത്തനുവദിച്ച അധിക വായ്പാ പരിധി ഇല്ലാതായി. സംസ്ഥാനത്തിന്റെ പശ്ചാത്തല മേഖലയിലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ കൊണ്ടുവന്ന ധീരമായ പരീക്ഷണമാണ് കിഫ്ബി. ദേശീയപാത അതോറിറ്റിയുടെയും മറ്റും മാതൃക പിന്തുടർന്ന് കൊണ്ടുവന്ന കിഫ്ബിയെ പൂർണ്ണമായും റദ്ദ് ചെയ്യുന്ന സമീപനമാണ് കേന്ദ്രം സ്വീകരിച്ചത്. കിഫ്ബി മുൻപ് എടുത്ത വായ്പയും സർക്കാരിന്റെ വായ്പാ പരിധിയിൽ നിന്നും കുറവ് ചെയ്തു. ക്ഷേമപെൻഷനുകൾ കുടിശ്ശികയാകാതിരിക്കാൻ കൊണ്ടുവന്ന പെൻഷൻ കമ്പനിയുടെ വായ്പകളും തിരിച്ചടവ് പരിഗണിക്കാതെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ നിന്നും കുറവ് ചെയ്തു. ട്രഷറി അക്കൗണ്ടിലെ നിക്ഷേപങ്ങൾ പോലും സർക്കാരിന്റെ വായ്പയായി പരിഗണിച്ച വായ്പാ പരിധിയിൽ നിന്നും വെട്ടിക്കുറയ്ക്കുന്ന അനുഭവമുണ്ടായി.

46. ആറ്, ആസൂത്രണ കമ്മീഷൻ ഇല്ലാതായതോടെ സംസ്ഥാനത്തിനു ലഭിച്ചിരുന്ന പ്ലാൻ ഗ്രാന്റ് ഇല്ലാതായി.

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്രവിഹിതം വെട്ടിക്കുറച്ചു. ഏറ്റവും ഒടുവിൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കേന്ദ്രം പിന്മാറുകയാണ്. ദുരന്തകാലത്ത് ഇന്ത്യയിലെ ഗ്രാമീണ ജീവിതങ്ങൾക്ക് തണലായ തൊഴിലുറപ്പ് പദ്ധതിയുടെ അവസാനത്തിന്റെ ആരംഭം കുറിച്ചുകഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിലെ പുതിയ കേന്ദ്ര സമീപനം മൂലം സംസ്ഥാനത്തിന് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ **2000 കോടി** രൂപയിലധികം അധികമായി കണ്ടെത്തേണ്ട സ്ഥിതിയാണ്. കേന്ദ്ര വിഹിതത്തിൽ നിന്നും കേരളത്തിനു കിട്ടാനുള്ള കുടിശ്ശികകൾ തൊടുന്യായങ്ങൾ പറഞ്ഞ് നിഷേധിക്കുന്നു എന്നും പറയണം.

47. ചുരുക്കി പറഞ്ഞാൽ ഇന്ത്യയിൽ **വോട്ടുചോരി മാത്രമല്ല നോട്ടുചോരിയും** നടക്കുകയാണ്. നോട്ടുചോരി നടക്കുന്നു എന്നതിനു തെളിവ് കേന്ദ്ര സർക്കാർ ഏജൻസികൾ തന്നെ ഹാജരാക്കുന്നുണ്ട്. അടുത്ത കാലത്ത് സി.എ.ജി സംസ്ഥാനങ്ങളുടെ ധനകാര്യം സംബന്ധിച്ച് പുറത്തിറക്കിയ റിപ്പോർട്ട് കേരളത്തെ മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട്.

48. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 25 ശതമാനം മാത്രമാണ് കേന്ദ്രത്തിന്റെ വിഹിതം. 75 ശതമാനവും സംസ്ഥാനം സ്വന്തം നിലയിൽ കണ്ടെത്തുകയാണ്. രാജ്യത്തെ പൊതുശരാശരി എടുത്താൽ സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതമായി 50 ശതമാനത്തിന് മുകളിൽ ലഭിക്കുമ്പോഴാണ് ഈ അവഗണന.

49. സർ, നടപ്പ് സാമ്പത്തികവർഷത്തിന്റെ അവസാന മാസങ്ങളിൽ കേന്ദ്രസർക്കാർ കേരളത്തോട് ചെയ്തത് നമ്മളെല്ലാവരും കണ്ടതാണ്. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ കേന്ദ്രം തന്നെ അംഗീകരിച്ചതന്ന കടപരിധിയിൽ നിന്നും 5944 കോടി രൂപ വെട്ടിക്കുറച്ചു. സാമ്പത്തിക വർഷം അവസാനിക്കുന്ന മാസങ്ങളിൽ സംസ്ഥാനത്തിന്റെ ചെലവുകൾ ഏറ്റവും ഉയർന്നു നിൽക്കുമെന്ന് കേന്ദ്രത്തിന് നന്നായി അറിയാം. അതുകൊണ്ടാണ് അവസാന മാസങ്ങളിൽ ഇങ്ങനെയൊരു പ്രഹരം നമുക്ക് തന്നത്. കേരളത്തോടുള്ള ഒരു ഇരുട്ടടിയായിട്ടാണ് ഈ നടപടിയെ കാണേണ്ടത്. ഇതുമായി ബന്ധപ്പെട്ട കത്ത് ലഭിച്ചതിന്റെ അടുത്ത ദിവസം തന്നെ കേന്ദ്ര ധനകാര്യമന്ത്രിയെ ഡൽഹിയിലെത്തി നേരിൽ കണ്ട് സംസ്ഥാനത്തിന്റെ പ്രതിഷേധം അറിയിക്കുകയും നടപടി മരവിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ കേന്ദ്രം അത് ചെവിക്കൊണ്ടിട്ടില്ല. ഈ വർഷം മാത്രം സംസ്ഥാനത്തിന് അർഹതപ്പെട്ട വരുമാനത്തിൽ നിന്നും അപ്രതീക്ഷിതമായി കേന്ദ്രം വെട്ടിക്കുറച്ചത് **17,000 കോടി രൂപയാണ്.** ഇതിനൊക്കെ പുറമെയാണ് 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്രം കൊണ്ടുവന്ന ജി.എസ്.ടി നിരക്ക് പരിഷ്കരണം. **8000 കോടിയോളം രൂപ** വരെ വാർഷിക നഷ്ടം ഇതിലൂടെ ഉണ്ടാവും. എന്നാൽ സാധാരണക്കാർക്ക് ഈ നികുതി കുറവിന്റെ ഗുണം ലഭിക്കുന്നുമില്ല.

## ഫെഡറലിസം ഇന്ത്യയുടെ ആത്മാവ്

50. സർ, ആരോഗ്യകരമായി മുന്നോട്ടുപോകുന്ന സംസ്ഥാന ങ്ങളാണ് കരുത്തുറ്റ ഒരു യൂണിയന്റെ നിർണ്ണായക ഘടകം. എന്നാൽ ഇന്ന് സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരം ചരിത്രത്തിലില്ലാത്ത രീതിയിൽ കവർന്നെടുക്ക പ്പെടുകയാണ്. കേന്ദ്രത്തിന്റെ ഉപഗ്രഹങ്ങൾ പോലെ സംസ്ഥാനങ്ങൾ നിലകൊള്ളേണ്ടിവരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ചുനൽകുന്ന വിഹിതം വാങ്ങി ഏറാൻമൂളികളെ പോലെ സംസ്ഥാനങ്ങൾക്ക് ഉപജീവി ക്കേണ്ടിവരുന്നു.

51. സർ, വരും കാലത്ത് ഒരു രാഷ്ട്രം എന്ന നിലയിൽ ഇന്ത്യ അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങൾക്ക് മേലുള്ള കേന്ദ്രത്തിന്റെ കടന്നുകയറ്റം സംബന്ധിച്ചുള്ളതായിരിക്കും.

52. **സർ, കേരളത്തോടുള്ള അതിഗുരുതരമായ സാമ്പത്തിക അവഗണനയ്ക്കെതിരെയുള്ള നാടിന്റെ പ്രതിഷേധം കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി ഈ ബജറ്റ് പ്രസംഗത്തിലൂടെ ഞാൻ രേഖപ്പെടുത്തുകയാണ്.**

## 7-ാം ധനകാര്യ കമ്മീഷനും പ്രാദേശിക സർക്കാരുകളും

53. സർ, സംസ്ഥാനത്തിനുള്ളിൽ കേരളം സ്വീകരിച്ച് പോരുന്ന ഫെഡറൽ തത്ത്വങ്ങൾ കേന്ദ്രത്തിന്റേതിൽ നിന്നും വ്യത്യസ്തമാണ് എന്ന് മാത്രമല്ല രാജ്യത്തിന് തന്നെ മാതൃകയുമാണ്. സംസ്ഥാനത്തെ പ്രാദേശിക

ഗവൺമെന്റുകളിൽ തിരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഭരണസമിതികൾ അധികാരം ഏറ്റെടുത്തിരിക്കുകയാണ്. സർ, പുതിയ ഭരണസമിതികളെ സംസ്ഥാന സർക്കാർ അഭിവാദ്യം ചെയ്യുന്നത് വിവിധ ഫണ്ടുകൾ ഗണ്യമായി വർധിപ്പിച്ചുകൊണ്ടാണ്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ കൃത്യമായി നടപ്പാക്കുന്ന ഏക സംസ്ഥാനമാണ് കേരളം.

54. പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുവിതരണത്തിൽ കേരളം രാഷ്ട്രീയ പരിഗണനകൾ നോക്കാറില്ല. ജനകീയാസൂത്രണം തുടങ്ങിയപ്പോൾ ആരംഭിച്ച ഈ കീഴ്‌വഴക്കം യു.ഡി.എഫ് ഭരിക്കുമ്പോഴും ലംഘിച്ചിട്ടില്ല. വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഫണ്ട് വിതരണം നടക്കുന്നത്. കേരളത്തിന്റെ ഈ മാതൃക കേന്ദ്ര-സംസ്ഥാന ധനബന്ധങ്ങളിലും പകർത്താവുന്നതാണ്.

55. കൃത്യമായ ഇടവേളകളിൽ സംസ്ഥാന ധനകമ്മീഷനെ നിയമിക്കുകയും ശിപാർശകൾ പൊതുവിൽ അംഗീകരിക്കുകയും ചെയ്യുന്നതാണ് കേരളത്തിന്റെ കീഴ്‌വഴക്കം. ഏഴാം ധനകമ്മീഷന്റെ 2026-27 ലേക്കുള്ള ശിപാർശകൾ ലഭിച്ചിട്ടുണ്ട്. ധനവിന്യാസം സംബന്ധിച്ച ശിപാർശകൾ സർക്കാർ ഏതാണ്ട് പൂർണ്ണമായും അംഗീകരിക്കുകയാണ്. ഭരണനടപടികൾ സംബന്ധിച്ച ശിപാർശകൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടിക്രമങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കും. ധനകമ്മീഷന്റെ ശിപാർശ

കളും നടപടി റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

56. അതിവേഗനഗരവൽക്കരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ ക്കുറിച്ച് പഠിക്കാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പി ക്കാനും അർബൻ കമ്മീഷനെ നിയോഗിച്ചിരുന്നു. കമ്മീഷന്റെ റിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ചർച്ചകളും പരിഗണിച്ച് പുതിയ നഗരനയം രൂപപ്പെടുത്തി സർക്കാർ മുന്നോട്ടുപോകുകയാണ്.

57. **2026-27 ലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ യഥാക്രമം 3236.76 കോടി രൂപയും 4315.69 കോടി രൂപയും ആയി ഉയർത്തുന്നു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 786.96 കോടി രൂപ അധികമാണ്.**

58. 2026-27ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ **28.5 ശതമാനം** വരുന്ന 10,189 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടായി നീക്കിവയ്ക്കുന്നു. ഇതിലൂടെ വികസന ഫണ്ട് 9,100 കോടി രൂപയിൽ നിന്ന് 10,189 കോടി രൂപയായി വർദ്ധിക്കും. അതായത് 1,089 കോടി രൂപയുടെ (11.96 ശതമാനം) വർദ്ധന വാണ് വകയിരുത്തിയിരിക്കുന്നത്. ഇതിനുപുറമെ, കേരള ഖരമാലിന്യ സംസ്കരണ പരിപാടി (കെ.എസ്.ഡബ്ല്യു.എം.പി) പ്രകാരം നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് (യു.എൽ.ബി) ഗ്രാന്റായി **160 കോടി രൂപയും** നീക്കിവച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 45 കോടി രൂപയുടെ വർദ്ധനവാണിത്.

59. ജി.എസ്.ടി നടപ്പിലാക്കിയതോടുകൂടി സ്വന്തമായി നികുതി ഏർപ്പെടുത്താനും തനതുവരുമാനം സൃഷ്ടിക്കാനുമുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരം പരിമിതപ്പെട്ടിരിക്കുകയാണ്. എന്നാൽ നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനും വായ്പ എടുക്കുന്നതിനും പ്രാദേശിക സർക്കാരുകൾക്ക് വലിയ സാധ്യതയുണ്ട്. ഇതിൽ പ്രാദേശിക ഗവൺമെന്റുകളെ ശാക്തീകരിക്കാൻ ലോക്കൽ ഗവൺമെന്റ് ബോർഡ് ഓഫ് ഫിനാൻസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചു.

60. നിരക്കുകൾ വർധിപ്പിക്കാതെ തന്നെ സ്ഥിതിവിവര കണക്കുകൾ ശാസ്ത്രീയമാക്കിയും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കും. സ്വന്തം വരുമാനം വർധിപ്പിക്കുന്ന തദ്ദേശ സർക്കാരുകൾക്ക് പ്രോത്സാഹനമായി കൂടുതൽ സംസ്ഥാനവിഹിതം നൽകും.

61. തദ്ദേശ സ്ഥാപനത്തിലെ ജനങ്ങൾക്ക് പൊതുവെ ഉപകരിക്കുന്ന ആദായകരമായ വലിയ പ്രോജക്ടുകൾ നടപ്പിലാക്കാൻ മുനിസിപ്പൽ ബോണ്ടുകൾ പുറപ്പെടുവിക്കാൻ മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും അനുവദിക്കും. അവർക്ക് അതിനാവശ്യമായ സാങ്കേതിക സഹായം നൽകും. ഇതേ ലക്ഷ്യം മുൻനിർത്തി വായ്പയെടുക്കാൻ നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകളെയും അനുവദിക്കും.

62. കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിക്കുന്ന കാര്യത്തിൽ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ പിറകിലാണ്. സി.എസ്.ആർ ഫണ്ടിന്റെ കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കാനും ബോർഡ് ഓഫ് ഫിനാൻസ് മുൻകയ്യെടുക്കും.

63. കേരള സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പരിഗണിച്ചുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള ധനവിന്യാസത്തിൽ മാറ്റം വരുത്തും. നഗരവൽക്കരണവും മുതിർന്ന പൗരന്മാരുടെ അനുപാതവും മാനദണ്ഡങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തും. കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പുറത്ത് ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന നഗരവൽക്കരണവും വിഭവവിതരണത്തിൽ പരിഗണിക്കും.

64. പ്രാദേശിക സർക്കാരുകളുടെ വികസന പ്രോജക്ടുകളുടെ അറിവുള്ളടക്കവും സാങ്കേതികമികവും ഉറപ്പുവരുത്താൻ ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും. **ഇതിനായി ജില്ലാ ആസൂത്രണ സമിതികൾക്ക് പ്രതിവർഷം 10 കോടി രൂപ വീതം വകയിരുത്തുന്നു.**

65. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ താരതമ്യേന കൂടുതൽ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ജില്ലാ പഞ്ചായത്ത് തലത്തിൽ പ്രത്യേക വികസന ഫണ്ട് അനുവദിക്കും.

66. **പ്രാദേശിക ഗവൺമെന്റുകളിലെ ജനപ്രതിനിധികളുടെ ഹോണറേറിയം വർധിപ്പിക്കുന്നതിനുള്ള ഫിനാൻസ് കമ്മീഷൻ ശിപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മെമ്പർമാരുടെയും, കൗൺസിലർമാരുടെയും, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും, പ്രധാന ഭാരവാഹികളുടെയും ഹോണറേറിയം വർധിപ്പിച്ച നിരക്കിൽ 2026 ഏപ്രിൽ മാസം മുതൽ നിലവിൽ വരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.**

67. **പ്രാദേശിക സർക്കാരുകളിലെ മുൻജനപ്രതിനിധികളുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി ആരംഭിക്കാൻ തീരുമാനിക്കുന്നു.** 2026-27ൽ ക്ഷേമനിധിയിലേക്ക് **250 കോടി രൂപ** സമാഹരിക്കും. ക്ഷേമനിധിയിലേക്ക് പണം അടയ്ക്കാൻ പ്രാദേശിക ഗവൺമെന്റുകൾക്ക് സർക്കാർ പ്രത്യേക അനുമതി നൽകുന്നതാണ്. ക്ഷേമനിധിയുടെ നടത്തിപ്പ് സംബന്ധിച്ചും ആനുകൂല്യങ്ങൾ സംബന്ധിച്ചും ക്ഷേമനിധിയുടെ ഭരണസമിതി അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

68. സർ, 2026-ലെ കണക്കുകൾ പ്രകാരം കേരളത്തിലെ മുതിർന്ന പൗരന്മാരുടെ എണ്ണം ജനസംഖ്യയുടെ 18.7 ശതമാനമാണ്. രാജ്യത്ത് ആദ്യമായി വയോജന കമ്മീഷൻ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. വയോജനങ്ങളുടെ പ്രശ്നങ്ങളും അവരുടെ സംരക്ഷണവും വളരെ ഗൗരവത്തോടെ സർക്കാർ കാണുന്നു. ഇത്തവണ എൽഡർലി ബജറ്റ് എന്ന പുതിയൊരു പ്രമാണം കൂടി ബജറ്റ് രേഖകൾക്കൊപ്പം സർക്കാർ അവതരിപ്പി

ക്കുകയാണ്. ഇതോടെ വയോജന ബജറ്റ് അവതരിപ്പിക്കുന്ന ആദ്യ സംസ്ഥാനമായും കേരളം മാറും.

**അഭിമാനകരമായ അഞ്ചുവർഷങ്ങൾ**

69. എല്ലാ പ്രതിബന്ധങ്ങൾക്കിടയിലും വികസന-ക്ഷേമ കാര്യങ്ങളിലും നാടിന്റെ ഭാവി സംബന്ധിച്ച പ്രവർത്തനങ്ങളിലും ഒരു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറായിട്ടില്ല. പത്ത് വർഷം കൊണ്ട് കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ ഒന്നും രണ്ടും പിണറായി സർക്കാരുകൾക്ക് കഴിഞ്ഞു. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് നിർണ്ണായകമായ വളർച്ചയുണ്ടാക്കാനും നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഇവിടെ തന്നെ തൊഴിൽ ചെയ്യാൻ കഴിയുന്ന ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകാനും സർക്കാരിന് കഴിഞ്ഞു.

70. സർ, ഏറെ അഭിമാനകരമായ നേട്ടങ്ങളുമായാണ് രണ്ടാം പിണറായി സർക്കാർ അഞ്ചുവർഷക്കാലം പൂർത്തിയാക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞു. വികസന ക്ഷേമരംഗങ്ങളിൽ നാം കൈവരിച്ച നേട്ടങ്ങൾ ലോക ശ്രദ്ധ നേടിക്കഴിഞ്ഞു. ഇന്ത്യയുടെ തെക്കേയറ്റത്തുള്ള ഒരു ചെറിയ സംസ്ഥാനം ലോകത്തിന് മുന്നിൽ അവതരിപ്പിച്ച വികസന മാതൃകയെ അന്തർദേശീയ മാധ്യമങ്ങൾ പോലും ശ്രദ്ധിക്കുന്നു എന്നത് ചെറിയ കാര്യമല്ല.

71. ക്ഷേമരംഗങ്ങളിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന സർക്കാർ കേരളത്തിലേതാണ്. അതിവിപുലമായ സാമൂഹ്യസുരക്ഷാ പദ്ധതികളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്.

72. സർ, നാളിതുവരെ ക്ഷേമപെൻഷനായി രണ്ടാം പിണറായി സർക്കാർ നൽകിയ തുക **48,383.83 കോടി രൂപയാണ്.** 62 ലക്ഷം ജനങ്ങൾക്ക് മുടക്കമില്ലാതെ എല്ലാ മാസവും 2,000 രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ എത്തിക്കുന്നു.

73. സർ, ഈ സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോഴേക്കും 54,000 കോടി രൂപ ക്ഷേമപെൻഷനായി ജനങ്ങളുടെ കൈകളിലേക്ക് എത്തിച്ചിരിക്കും. **അര ട്രില്യൺ രൂപ** ക്ഷേമപെൻഷനായി കേരളത്തിലെ സാധാരണക്കാർക്ക് നൽകിയ സർക്കാരാണ് സർ ഇത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്രയും സുസ്ഥിരവും വിശ്വസ്യതയുള്ളതുമായ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയും ഇല്ല; സർ.

74. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് **10,700 കോടി രൂപ** മാത്രമാണ് ക്ഷേമപെൻഷനായി നൽകിയിരുന്നത്. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് മുൻ സർക്കാർ കുടിശ്ശികയാക്കിയ 18 മാസത്തെ ക്ഷേമപെൻഷൻ ഉൾപ്പെടെ **35,089 കോടി രൂപ** നൽകി. ഒന്നും രണ്ടും പിണറായി സർക്കാരുകൾ പത്തുവർഷം കൊണ്ട് ക്ഷേമപെൻഷനായി നൽകിയത് **90,000 കോടി രൂപയാണ്.** ഒരു മാസത്തെ കുടിശ്ശിക പോലും ഇല്ലാതെ

കൃത്യമായി മുഴുവൻ ഗുണഭോക്താക്കളിലേക്കും പെൻഷൻ എത്തുകയാണ് സർ.

75. സാമൂഹ്യ സുരക്ഷാ പെൻഷൻ, മുഖ്യമന്ത്രിയുടെ സ്ത്രീസുരക്ഷാപദ്ധതി, മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ മാത്രം **ഒരു കോടി ആളുകളിലേക്കാണ്** സർ; സർക്കാരിന്റെ സഹായമെത്തുന്നത്! അതായത് ജനസംഖ്യയുടെ 30 ശതമാനം ആളുകൾക്ക് എല്ലാ മാസവും സർക്കാർ നേരിട്ട് സാമൂഹ്യസുരക്ഷാ സഹായമെത്തിക്കുന്നു.

76. സർ, ലൈഫ് പദ്ധതിയിലൂടെ 4,81,935 കുടുംബങ്ങൾക്ക് എൽ.ഡി.എഫ് സർക്കാർ അടച്ചുറപ്പുള്ള വീടുകൾ നൽകി. രണ്ടാം പിണറായി സർക്കാരിന്റെ കാലാവധി പൂർത്തിയാകുമ്പോഴേക്കും ലൈഫ് പദ്ധതിയിലൂടെ കൈമാറുന്ന വീടുകളുടെ എണ്ണം **5,25,000** കടക്കും.

77. സർ, കടൽക്ഷോഭ ഭീഷണി അനുഭവിക്കുന്ന പ്രദേശങ്ങളിലെ മത്സ്യതൊഴിലാളി കുടുംബങ്ങളെ സുരക്ഷിത പാർപ്പിടങ്ങൾ നിർമ്മിച്ച് മാറ്റി പാർപ്പിക്കുന്ന പുനർഗേഹം പദ്ധതിയിലൂടെ സർക്കാർ നിർമ്മിച്ചു നൽകിയത് **3408 ഭവനങ്ങളാണ്.** രണ്ടായിരത്തോളം ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലുമാണ്.

78. സർ, വീടുകൾ നിർമ്മിച്ചുനൽകുക മാത്രമല്ല സർക്കാർ ചെയ്യുന്നത്, കടക്കെണികളിൽ അകപ്പെട്ട് വീടുകളിൽ നിന്നും ഇറക്കിവിടപ്പെടുന്ന മനുഷ്യർക്കായി

**ഏകകിടപ്പാടം സംരക്ഷണ നിയമം** ഈ സർക്കാർ നടപ്പിലാക്കി.

79. സർ, ഈ സർക്കാർ ചുമതലയേറ്റതിനു ശേഷം ആദ്യത്തെ മന്ത്രിസഭായോഗത്തിലെടുത്ത തീരുമാനം, സംസ്ഥാനത്ത് നമ്മുടെ ഭരണസംവിധാനങ്ങളുടെ പോലും കണ്ണിൽപ്പെടാതെ ജീവിക്കുന്ന അതിദരിദ്രരായ മനുഷ്യരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തും എന്നതായിരുന്നു. അതിനായി **അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി** നാം നടപ്പിലാക്കി.

80. സർ, സംസ്ഥാനത്തെ 64,006 കുടുംബങ്ങളിലെ 1,03,099 വ്യക്തികളെയാണ് സർക്കാർ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ചത്. സർ, ലോകത്ത് ചൈന കഴിഞ്ഞാൽ ആദ്യമായാണ് ഒരു സർക്കാർ ഇത്തരത്തിലൊരു ബൃഹദ് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നത്.

81. സർ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ 42.1 ലക്ഷം കുടുംബങ്ങളിലെ ഒന്നരക്കോടിയോളം പേർക്ക് പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ നൽകാൻ ഈ സർക്കാർ ചെലവഴിച്ചത് 4236.22 കോടി രൂപയാണ്.

82. സർ, കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് പുറത്തുള്ള 77,608 കുടുംബങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വരെ ചികിത്സാ സഹായം നൽകുന്ന

കാരുണ്യ ബെനവലന്റ് പദ്ധതിയ്ക്കായി സർക്കാർ ചെലവഴിച്ചത് 606.5 കോടി രൂപയാണ്.

83. സർ, കേരളത്തിന്റെ ശിശുമരണ നിരക്ക് 5 ആണ്. ഇത് ഇന്ത്യയിൽ ഏറ്റവും കുറവാണ്. ദേശീയ ശരാശരി 25 ആണെന്നതും നാം ഓർക്കണം. അമേരിക്കയേക്കാൾ കുറഞ്ഞ ശിശുമരണ നിരക്കാണ് നമ്മുടെ നാടിനുള്ളത് എന്ന് അഭിമാനത്തോടെ പറയട്ടെ. കുറഞ്ഞ മാതൃമരണ നിരക്കിലും ഉയർന്ന മറ്റ് ആരോഗ്യസൂചകങ്ങളിലും കേരളം രാജ്യത്ത് ബഹുദൂരം മുന്നിലാണ്. സർക്കാർ മേഖലയിൽ ആദ്യമായി റോബോട്ടിക് സർജറിയും പീഡിയാട്രിക് റോബട്ടിക് സർജറിയും ആദ്യമായി നടത്തിയതും കേരളത്തിലാണ്. സർ, സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കിയത് കേരളത്തിലാണ്. ഇത് നമുക്ക് എല്ലാവർക്കും ഒരു പോലെ അഭിമാനിക്കാവുന്ന കാര്യമാണ് സർ.

84. **സർ, ഞങ്ങളുടെ മുൻഗണനന ഈ നാട്ടിലെ സാധാരണ മനുഷ്യരാണ്, അവരുടെ ജീവിത സുരക്ഷയാണ്. ഞങ്ങൾ പ്രവർത്തിക്കുന്നത് അവരുടെ ദുരിതമകറ്റാനാണ്.**

85. **ജാതിയുടെയും മതത്തിന്റെയും സങ്കുചിത ചിന്തകളുടെയും പക്ഷത്തല്ല, മനുഷ്യന്റെ പക്ഷത്താണ് സർ ഞങ്ങൾ. വർഗ്ഗീയ ശക്തികൾ ഉയർത്തിയ ആക്രമണങ്ങളെയും, പ്രചരിപ്പിച്ച അസത്യങ്ങളെയും നേരിട്ട് മുന്നേറി വന്നവരാണ് ഞങ്ങൾ.**

86. **'മതമാണ് മതമാണ് മതമാണ് പ്രശ്നം' എന്നതല്ല ഞങ്ങളെ നയിക്കുന്ന മുദ്രാവാക്യം. അത് 'മതമല്ല, മതമല്ല മതമല്ല പ്രശ്നം– എരിയുന്ന വയറിലെ തീയാണ് പ്രശ്നം' എന്നതാണ്.**

87. **ഒരു കോടി മനുഷ്യരിലേക്ക് എത്തുന്ന സാമൂഹ്യസുരക്ഷ ധനസഹായങ്ങളും അഞ്ച് ലക്ഷം മനുഷ്യർക്ക് കിടപ്പാടവും ഒരു കോടിയിലധികം പേർക്ക് സൗജന്യ ചികിത്സയും അതിദാരിദ്ര്യത്തിൽ നിന്ന് മോചനവും കടക്കെണിയിൽ വീണവർക്ക് കിടപ്പാടം സംരക്ഷിച്ചുകൊടുക്കലും സർക്കാർ പള്ളിക്കൂടങ്ങളും സർക്കാർ ആശുപത്രികളും മികച്ചതാക്കലു മാണ് ഞങ്ങൾ ഏറ്റെടുത്തത്. അത് ഞങ്ങളുടെ രാഷ്ട്രീയമാണ് സർ. ആ രാഷ്ട്രീയം ഓരോ നിശ്വാസത്തിലും ഞങ്ങൾ ഉയർത്തിപ്പിടിക്കുന്നുണ്ട് സർ.**

88. സർ, കേരളത്തെ നടുക്കിയ മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങൾ നാം ഏറ്റവും മികച്ച രീതിയിൽ ഏറ്റെടുത്തിരിക്കുകയാണ്. മരണപ്പെട്ടവരുടെ ആശ്രിതർക്കും ദുരന്തബാധിതർക്കും പ്രതിമാസ ധനസഹായവും ചികിത്സാ സഹായവും വാടകയും നൽകുന്നതിനൊപ്പം മാതൃകാപരമായ ഒരു ടൗൺഷിപ്പ് പദ്ധതി പൂർത്തീകരണത്തിലേക്കടുക്കുക യാണ്.

89. കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ 410 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. റോഡും ഡ്രെയി നേജുകളും പൊതുജനാരോഗ്യ കേന്ദ്രവും മാർക്കറ്റും കമ്മ്യൂണിറ്റി സെന്ററും ഓപ്പൺ എയർ തീയറ്ററും അങ്കണവാടിയും മലിനജല സംസ്കരണ പ്ലാന്റും

കളിസ്ഥലങ്ങളും ഉൾപ്പെടെ ആസൂത്രിതമായ ഒരു ടൗൺഷിപ്പാണ് തയ്യാറാകുന്നത്.

90. നാടൊന്നാകെ ഈ പുനർനിർമ്മാണ പദ്ധതിയിൽ സർക്കാരിനൊപ്പമുണ്ട്. വയനാട്ടിലെ ദുരന്തബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കും എന്ന പ്രഖ്യാപനം കഴിഞ്ഞ ബജറ്റിൽ നടത്തിയിരുന്നു. ആ വാക്ക് പാലിക്കുകയാണ്. ഫെബ്രുവരി മൂന്നാം വാരത്തോടെ ആദ്യ ബാച്ച് വീടുകൾ അർഹരായവർക്ക് കൈമാറുകയാണ്.

91. സർ, ക്ഷേമവും പുനരധിവാസവും മാത്രമല്ല, നാടിന്റെ മുഖച്ഛായ മാറ്റുന്ന വികസന പദ്ധതികളും യാഥാർത്ഥ്യ മാക്കിയാണ് രണ്ടാം പിണറായി സർക്കാർ കാലാവധി പൂർത്തിയാക്കുന്നത്.

92. കേരളത്തിന്റെ തെക്ക്-വടക്ക് ദേശീയപാതയുടെ (എൻ.എച്ച് 66) നിർമ്മാണം ദ്രുതഗതിയിൽ പുരോഗമി ക്കുകയാണ് സർ. ഇന്ത്യയിലാദ്യമായി ദേശീയപാത യുടെ ഭൂമിയേറ്റെടുക്കൽ ചെലവിന്റെ 25 ശതമാനമായ 5580 കോടി രൂപ നൽകിയ സർക്കാരാണ് നമ്മുടേത്. യു.ഡി.എഫിന്റെ കാലത്ത് അസാധ്യമെന്ന് വിലയിരുത്തി ഉപേക്ഷിക്കപ്പെട്ട ഈ പദ്ധതിയുടെ ഓഫീസ് പൂട്ടി ദേശീയ പാത അധികൃതർ മടങ്ങി പ്പോയിരുന്നു. പിണറായി വിജയൻ സർക്കാരിന്റെ ഇച്ഛാശക്തിയുടെ, വികസന കാഴ്ചപ്പാടിന്റെ, ഭരണമിക വിന്റെ അഭിമാന പ്രതീകമാണ് ഈ ദേശീയപാത. കേരളത്തിന്റെ വരും തലമുറകൾ പിണറായി

വിജയനെയും ഇടത് സർക്കാരിനെയും അഭിമാന പുരസരം നോക്കിക്കാണും എന്ന് ഞങ്ങൾക്കുറപ്പുണ്ട്.

93. ഭാവികേരളത്തിന്റെ വികസന ചക്രവാളം തുറന്നാണ് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായത്. വിസ്മയകരമായ വികസനം വിഴിഞ്ഞത്തിലൂടെ കേരളത്തിലെത്തും. നാളിതുവരെ വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടത് 611 ചരക്കുകപ്പലുകളാണ്. വിഴിഞ്ഞത്ത് നടന്ന ചരക്ക് നീക്കമാകട്ടെ 13.14 ലക്ഷം എണ്ണം ടി.ഇ.യു കണ്ടെയിനറുകളുടേതും.

94. വിഴിഞ്ഞം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2026 ജനവരി 24-ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചു. 2045-ൽ പൂർത്തിയാക്കാൻ വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങളാണ് 17 വർഷം മുൻപുതന്നെ പൂർത്തീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

95. സർ, കെ.എസ്.ആർ.ടി.സി ജീവനക്കാരെയും പെൻഷൻകാരെയും ചേർത്തുപിടിച്ച സർക്കാരാണിത്. പൊതുമേഖലയെ ഇറച്ചിവിലയ്ക്ക് വിറ്റുകളയണം എന്ന വലതുപക്ഷ നയമല്ല ഞങ്ങളുടേത്.

96. കേരളത്തിലെ കെ.എസ്.ആർ.ടി.സി ജീവനക്കാർ ഇപ്പോൾ ശമ്പളം വാങ്ങുന്നത് എല്ലാ മാസവും ഒന്നാം തീയതിയാണ്. പ്രതിമാസം 125 കോടിയോളം രൂപയാണ് ശമ്പളവും പെൻഷനും നൽകുന്നതിനായി സർക്കാർ കെ.എസ്.ആർ.ടി.സിയ്ക്ക് കൃത്യമായി നൽകി വരുന്നത്.

97. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് നാളിതുവരെ കെ.എസ്.ആർ.ടി.സിയ്ക്ക് നൽകിയത് **8,525.43 കോടി രൂപയാണ്.** ഒന്നാം പിണറായി സർക്കാർ **5,002 കോടി രൂപയും** ഉമ്മൻചാണ്ടി സർക്കാർ **1,466.79 കോടി രൂപയുമാണ്** കെ.എസ്.ആർ.ടി.സിയ്ക്ക് നൽകിയത്.

98. സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ വ്യവസായ വളർച്ചയുടെ കൂടി കാലമായിരുന്നു. സംസ്ഥാനത്ത് പുതുതായി ആരംഭിച്ചത് **3.92 ലക്ഷം** സംരംഭങ്ങളാണ്. കേരളത്തിലേക്ക് വന്ന നിക്ഷേപ മാകട്ടെ **22,000 കോടി രൂപയുടേതും.** ഇതിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ 7.5 ലക്ഷവും.

99. രാജ്യത്തെ വ്യവസായ സൗഹൃദ റാങ്കിംഗ് ആയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളം ഒന്നാം സ്ഥാനത്താണ് സർ.

100. സംസ്ഥാനത്തെ ഐ.ടി കയറ്റുമതി ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ കാലത്ത് 8500 കോടി രൂപയിൽ നിന്ന് 26,252 കോടി രൂപയായി വളർന്നു. പുതുതായി 100 ലക്ഷം ചതുരശ്ര അടി ഐ.ടി തൊഴിലിടം നാം സൃഷ്ടിച്ചു.

101. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളുടെ എണ്ണം 650-ൽ നിന്ന് 1160 ആയി വളർന്നു.

102. സർ, വ്യവസായവും നിക്ഷേപങ്ങളും അടിസ്ഥാന സൗകര്യവും വർധിക്കുന്നതിനൊപ്പം നമ്മുടെ അടിസ്ഥാന മേഖലകളും വികസിക്കുകയാണ്.

103. സർ, ഈ സർക്കാർ ചുമതലയേറ്റതിനുശേഷം നെല്ലിന്റെ സംഭരണവില 30 രൂപയായി ഉയർത്തി.

104. സർ, റബ്ബറിന്റെ താങ്ങുവില 200 രൂപയായി ഉയർത്തി.

105. നെല്ല് സംഭരണത്തിനായി ഈ സർക്കാർ ചെലവഴിച്ചത് 2720.15 കോടി രൂപയാണ്.

106. സർ, ഈ സർക്കാർ നാളിതുവരെ വിപണി ഇടപെടൽ നടത്തുന്നതിനായി സപ്ലൈകോയ്ക്ക് നൽകിയത് 3435.28 കോടി രൂപയാണ്.

107. സർ, ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 5,82,908 പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു.

108. സർ, ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് വിതരണം ചെയ്ത പട്ടയങ്ങൾ 2,33,947 ആണ്.

109. സർ, സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയത് 10 ലക്ഷം ഹെക്ടർ ഭൂമിയിലാണ്.

110. സർ, സംസ്ഥാനത്ത് ഈ സർക്കാർ നൽകിയ പുതിയ വൈദ്യുതി കണക്ഷനുകൾ 15,51,609 ആണ്.

111. സർ, ഈ സർക്കാരിന്റെ കാലത്ത് ഉൽപ്പാദിപ്പിക്കപ്പെട്ട വൈദ്യുതി 39,392.84 മെഗാ യൂണിറ്റാണ്.

112. സർ, കഴിഞ്ഞ പത്തുവർഷക്കാലത്ത് കേരളത്തിൽ പവർകട്ടോ ലോഡ് ഷെഡിംഗോ ഉണ്ടായിട്ടില്ല. പവർകട്ടും ലോഡ് ഷെഡിംഗും അനുഭവിച്ചിട്ടില്ലാത്ത ഒരു തലമുറ നമ്മുടെ നാട്ടിൽ ജീവിക്കുന്നുണ്ട് സർ.

ഇടതുസർക്കാരിന്റെ ഏറ്റവും വലിയ അഭിമാന നേട്ടമല്ലേ സർ, അത്?

113. സർ, ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നൽകിയ കുടിവെള്ള കണക്ഷനുകൾ 39.79 ലക്ഷമാണ് സർ.

114. സർ, ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ വികസനത്തിന്റെ ചാലകശക്തിയായിരുന്ന കിഫ്ബി യിലൂടെ അനുമതി നൽകിയിട്ടുള്ള പദ്ധതികൾ **96,531.14 കോടി** രൂപയുടേതാണ്.

115. കിഫ്ബി പദ്ധതികൾക്കായി ഇതിനകം ചെലവഴിക്ക പ്പെട്ടിട്ടുള്ള **38,535.02 കോടി** രൂപയിൽ **27,712.36 കോടി രൂപ** ഈ സർക്കാരാണ് നൽകിയത്.

116. സർ, ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ബി.എം & ബി.സി നിലവാരത്തിലേക്ക് ഉയർത്തിയത് 17,749.11 കി.മീ റോഡുകളാണ്.

117. സർ, ഈ സർക്കാരിന്റെ കാലത്ത് 1657 കോടി രൂപ ചെലവഴിച്ച് മലയോരപാതയുടെ 212.2 കി.മീ നിർമ്മിച്ചു.

118. സർ, 2730 കോടി രൂപ ചെലവിൽ തീരദേശപാതയുടെ നിർമ്മാണം നടക്കുകയാണ്. പാതയുടെ ഭാഗമായ മുനമ്പം, കോരപ്പുഴ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു സർ.

119. സർ, വടക്കൻ കേരളത്തിന്റെ ചിരകാല സ്വപ്നമായ വയനാട് തുരങ്കപാതയുടെ നിർമ്മാണം ആരംഭിച്ചു.

8.73 കി.മീ നീളമുള്ള ആനക്കാം പൊയിൽ കള്ളാടി മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാകുന്നതോടെ വിസ്മയ കരമായ മാറ്റങ്ങൾ വയനാട്ടിലുണ്ടാകും. തുരങ്കപാതയുടെ ചെലവ് 2134.5 കോടി രൂപയാണ് സർ.

120. സർ, ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിർമ്മിച്ച റെയിൽവേ ഓവർബ്രിഡ്ജുകളുടെ എണ്ണം 100 ആണ്.

121. സർ, ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പൂർത്തീകരിച്ച സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം 607 ആണ്.

122. സർ, ഈ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണങ്ങളുടെ നഷ്ടപരിഹാരമായി സർക്കാർ നൽകിയ തുക 68.69 കോടി രൂപയാണ്.

123. സർ, ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ മൃഗശാല 512 കോടി രൂപ ചെലവിൽ തൃശ്ശൂർ പുത്തൂരിൽ ഈ സർക്കാർ സ്ഥാപിച്ചു. ഭാവിയിൽ നമ്മുടെ നാട്ടിലെ ഏറ്റവും ആകർഷകമായ സ്ഥാപനങ്ങളിലൊന്നായി പുത്തൂർ സുവോളജിക്കൽ പാർക്ക് മാറും എന്ന് തീർച്ചയാണ് സർ.

124. സർ, പട്ടികവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ പഠിക്കുവാനായി സർക്കാർ സഹായം നൽകുന്ന **ഉന്നതി** ഓവർസീസ് സ്കോളർഷിപ്പിലൂടെ 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നേടി വിദേശത്തേക്ക് പോയ കുട്ടികളുടെ എണ്ണം 1104 ആണ് സർ.

125. സർ, സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ഭൂമി 8573.52 ഏക്കറാണ്.

126. സർ, ഈ സർക്കാരിന്റെ കാലത്ത് കായിക മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ചെലവഴിച്ചത് **5000 കോടി രൂപയാണ്.**

127. ഈ സർക്കാരിന്റെ കാലത്ത് കായിക താരങ്ങൾക്ക് നൽകിയ സർക്കാർ തൊഴിലുകളുടെ എണ്ണം 961 ആണ് സർ.

128. സർ, രണ്ടാം പിണറായി സർക്കാർ നാലുവർഷം കൊണ്ട് പി.എസ്.സി വഴി നൽകിയ നിയമനങ്ങളുടെ എണ്ണം 1,45,586 ആണ്. ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ ഒൻപത് വർഷക്കാലം നിയമന ശിപാർശ നൽകിയത് മൂന്ന് ലക്ഷത്തിലധികം പേർക്കാണ്.

129. സർ, ഇന്ത്യയിലെ ആകെ പി.എസ്.സി നിയമനങ്ങളുടെ കണക്കെടുത്താൽ 60 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. ഒന്നും രണ്ടും പിണറായി സർക്കാരുകൾ കേരളത്തിൽ സൃഷ്ടിച്ച പുതിയ തസ്തികകളുടെ എണ്ണം 32,000 ആണ് സർ.

130. സർ, സംസ്ഥാന സർവ്വീസ് ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കിയ മെഡിസെപ് ഇൻഷുറൻസ് പദ്ധതിയിലൂടെ ആകെ 2374 കോടി രൂപ വരുന്ന 13 ലക്ഷത്തോളം ക്ലെയിമുകളാണ് സെറ്റിൽ ചെയ്തത്.

131. മെഡിസെപ് 1.0 യുടെ പ്രവർത്തനം പരിശോധിച്ചും ഉയർന്നുവന്ന പരാതികൾ പരമാവധി പരിഹരിച്ചും തയ്യാറാക്കിയിട്ടുള്ള മെഡിസെപ് 2.0, സർക്കാർ ഫെബ്രുവരി 1 മുതൽ നടപ്പിലാക്കുകയാണ് സർ.

132. **സർ, മുകളിൽ സൂചിപ്പിച്ച ഈ നേട്ടങ്ങൾക്ക് രണ്ട് കാരണങ്ങളാണുള്ളത്. ഒന്ന്, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഏറ്റവും ശരിയായ വികസന കാഴ്ചപ്പാട്.**

133. ജനങ്ങളിൽ നിന്ന് കൂടി സ്വീകരിക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് എൽ.ഡി.എഫ് പ്രകടനപത്രിക പുറത്തിറക്കുന്നത്. അതിനുവേണ്ടി സംസ്ഥാനമൊട്ടാകെ പഠന കോൺഗ്രസ്സുകൾ സംഘടിപ്പിക്കുകയും രാഷ്ട്രീയ ത്തിനതീതമായി സംസ്ഥാനത്തിന്റെ പൊതു അഭിപ്രായം സമാഹരിക്കുകയും ചെയ്യുന്നു. അപ്രകാരം അന്തിമമാക്കി ജനങ്ങളിലേക്ക് അവതരിപ്പിക്കുന്ന പ്രകടനപത്രിക സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് എല്ലാ വർഷവും തിരികെ ജനങ്ങൾക്ക് സമർപ്പിക്കും. അതുകൊണ്ടുതന്നെ സർക്കാരിന്റെ ലക്ഷ്യങ്ങൾക്കും മുൻഗണനകൾക്കും വ്യതിയാനങ്ങളുണ്ടാകുന്നില്ല.

134. **രണ്ട്, സർക്കാരിന്റെ തുടർച്ച മൂലം നമുക്ക് സാധ്യമാക്കാൻ കഴിഞ്ഞ വികസന ക്ഷേമകാര്യങ്ങൾ.**

135. പത്തുവർഷം തുടർച്ചയായി സർക്കാരിന് നേതൃത്വം നൽകിയതുവഴി കേരളത്തിന്റെ ഭാവികാല വികസന ത്തിന് ശക്തമായ അടിത്തറയിടാൻ ഒന്നും രണ്ടും പിണറായി സർക്കാരുകൾക്ക് കഴിഞ്ഞു.

136. സർ, വൻകിട വികസന പദ്ധതികൾ ആവിഷ്കരിക്കുകയും നവകേരളത്തിന് വേണ്ട സമഗ്രമായ വികസന സമീപനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അടുത്ത രണ്ട് പതിറ്റാണ്ടിലേക്കുള്ള കേരള വികസനത്തിന് അടിത്തറയിടാൻ പത്ത് വർഷം നീണ്ട എൽ.ഡി.എഫ് ഭരണത്തിന് സാധിച്ചു. ഇത് ചെറിയ നേട്ടമല്ല. ലോകത്തിനൊപ്പം കേരളത്തിന് സഞ്ചരിക്കാൻ കഴിയുമെന്നും നാം തെളിയിച്ചു. ശാസ്ത്ര സാങ്കേതിക രംഗത്തെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തി നാടിന്റെ വ്യവസായ - തൊഴിൽ രംഗങ്ങളെ ആധുനീകരിച്ച്, അതിലൂടെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി നാം വികസന കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു.

## ഭാഗം II

### വി.എസ്. സെൻറർ

137. സർ, സഖാവ് വി.എസ്. അച്യുതാനന്ദൻ ഓർമ്മയായിരിക്കുന്നു. കേരളത്തിന്റെ സാമൂഹിക ജീവിതത്തിലെ ജ്വലിക്കുന്ന ഏടാണ് വി.എസിന്റെ സമരജീവിതം. വിഎസിന്റെ ഐതിഹാസികമായ പോരാട്ടങ്ങളും ജീവിതവും അടയാളപ്പെടുത്താനും പുതിയ തലമുറയ്ക്ക് പകർന്നുനൽകാനും കഴിയുന്ന ഒരു കേന്ദ്രം – വി.എസ് സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കും. അതിനായി 20 കോടി രൂപ വകയിരുത്തുന്നു.

138. **സർ,** ഞാൻ അവതരിപ്പിച്ച കഴിഞ്ഞ അഞ്ച് ബജറ്റുകളിലും പുതിയ കാലത്തിനനുസൃതമായ പദ്ധതികളും പ്രഖ്യാപനങ്ങളും സവിശേഷ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിരുന്നു. ലോകം മാറുന്നതിനൊപ്പം കേരളവും മാറണമെന്നും, നമ്മുടെ നാടിന്റെ സാമൂഹിക, സാംസ്കാരിക തൊഴിൽ മണ്ഡലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായ വികസന ശൈലി രൂപപ്പെടുത്തുന്ന പദ്ധതികൾ സർക്കാർ ഏറ്റെടുക്കുമെന്നും പ്രഖ്യാപിച്ചിരുന്നു.

139. മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ച ഗ്രാഫീൻ ഇന്നവേഷൻ സെന്റർ യാഥാർത്ഥ്യമായിരിക്കുന്നു. ഡിജിറ്റൽ സയൻസ് പാർക്ക്, സർവകലാശാലകളിലെ മികവിന്റെ കേന്ദ്രങ്ങൾ, വർക്ക് നിയർ ഹോമുകൾ, ട്രാൻസ്‌ലേഷണൽ സെന്ററുകൾ, സ്കിൽ പാർക്കുകൾ, അഗ്രി പാർക്കുകൾ തുടങ്ങി നിരവധി പദ്ധതികൾ യാഥാർത്ഥ്യമാകുകയോ പൂർത്തീകരണ ഘട്ടത്തിൽ എത്തുകയോ ചെയ്തിട്ടുണ്ട്.

140. നമ്മുടെ നാട്ടിൽ പ്രായമായവരുടെ എണ്ണം വർധിക്കുകയും ചെറുപ്പക്കാർ കുറയുകയും ചെയ്യുകയാണ്. മുതിർന്ന പൗരന്മാർക്ക് സംരക്ഷണവും വരുമാനവും നൽകാൻ കഴിയുന്ന നിരവധി പദ്ധതികൾ മുൻബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കെയർ എക്കോണമിയും സിൽവർ എക്കോണമിയും കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്ന മേഖലകളാണ്.

141. ഈ പശ്ചാത്തലത്തിലാണ് പുതിയ വർഷത്തിലേക്കുള്ള പദ്ധതികളെക്കുറിച്ച് നാം ചർച്ച ചെയ്യുന്നത്. മുൻബജറ്റുകളിലെ നൂതന ആശയങ്ങളും ചർച്ചകളും മുന്നോട്ടു കൊണ്ടുപോകുകയും പുതിയവ കൂട്ടിച്ചേർത്ത് അതിനെ വികസിപ്പിക്കുകയും ചെയ്യുക എന്ന സമീപനമാണ് ഈ ബജറ്റിലും സ്വീകരിക്കുന്നത്.

**വേൾഡ് എക്കണോമിക് ഫോറം**

142. സർ, കഴിഞ്ഞ ദിവസം ദാവോസിൽ നടന്ന ലോകസാമ്പത്തിക ഫോറത്തിൽ കേരളം ഒപ്പുവെച്ചത് 1.18 ലക്ഷം കോടി രൂപയുടെ നിക്ഷേപ താൽപര്യ പത്രമാണ്. വിവിധ ലോകരാഷ്ട്രങ്ങളിൽ നിന്നുള്ള കമ്പനികളാണ് കേരളത്തിൽ നിക്ഷേപം നടത്താനായി തയ്യാറായിരിക്കുന്നത്. മെഡിക്കൽ ടെക്നോളജി, വ്യവസായം, റിന്യൂവബിൾ എനർജി, ഡേറ്റാസെന്റർ, എമർജിംഗ് ടെക്നോളജി എന്നീ മേഖലകളിലെ 27 കമ്പനികളാണ് താൽപര്യപത്രങ്ങളിൽ ഒപ്പിട്ടിരിക്കുന്നത്.

**ഹൈഡ്രജൻ വാലി**

143. സർ, കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഹൈഡ്രജൻ വാലി പദ്ധതിയും ഹൈഡ്രജൻ ഇന്ധനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയും സംബന്ധിച്ച് നിർണ്ണായക നടപടികളിലേക്ക് കടക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സിയാൽ BPCL ലുമായി ചേർന്ന് ഗ്രീൻ ഹൈഡ്രജൻ ഡിസ്പോസിംഗ് യൂണിറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഹൈഡ്രജൻവാലി ഇന്നവേഷൻ ക്ലസ്റ്റ

കൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകുകയുണ്ടായി. വേൾഡ് എക്കണോമിക് ഫോറത്തിൽ വച്ച് ഗ്രീൻകോ കമ്പനിയിൽ നിന്നും **10,000 കോടി രൂപയുടെ** നിക്ഷേപം പുനരുപയോഗ ഉർജ്ജ മേഖലയിൽ നമുക്ക് ആകർഷിക്കാൻ കഴിഞ്ഞു. തുടർ പ്രവർത്തനങ്ങൾക്കായി ആവശ്യമായ തുക അനുവദിക്കുന്നതാണ്.

**റെയർ എർത്ത് കോറിഡോർ**

144. സർ, ബഹിരാകാശ ഗവേഷണം, പ്രതിരോധം തുടങ്ങിയ മേഖലകളിൽ ആവശ്യമായ തോറിയം, സ്കാൻഡിയം തുടങ്ങിയ റെയർ എർത്ത് മൂലകങ്ങൾ കേരളത്തിലെ തീരപ്രദേശങ്ങളിൽ സുലഭമാണ്. ഊർജോൽപ്പാദനം, പ്രതിരോധ-വ്യോമയാന മേഖലകളിലും ഇലക്ട്രിക് വാഹനങ്ങളുടെയും ഡ്രോണുകളുടെയും സി.ടി സ്കാൻ ഉപകരണങ്ങളുടെയും നിർമ്മാണത്തിനും ഇവ അത്യന്താപേക്ഷിതമാണ്. വിഴിഞ്ഞം തുറമുഖത്ത് നിന്നും ചവറയെയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന ഒരു റെയർ എർത്ത് കോറിഡോർ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട **ഒരു കേന്ദ്രം ചവറ കെ.എം.എം.എൽ-നോട് ചേർന്ന് സ്ഥാപിക്കും.** ഇതു വഴി രാജ്യത്തിലെ ഏറ്റവും വലിയ പെർമനെന്റ് മാഗ്നറ്റ് ഹബ്ബായി മാറാൻ കേരളത്തിന് കഴിയും സർ. കൂടാതെ 42,000 കോടിയുടെ നിക്ഷേപവും 50,000 തൊഴിൽ അവസരങ്ങളും പ്രതീക്ഷിക്കുന്നു.

145. കെ.എം.എം.എൽ, കെൽട്രോൺ, എൻ.എഫ്.ടി.ഡി.സി എന്നീ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ഒരു റെയർ എർത്ത് & ക്രിട്ടിക്കൽ മിനറൽസ് മിഷൻ

രൂപീകരിക്കുന്നതിനായി **100 കോടി രൂപ** നീക്കി വെയ്ക്കുന്നു.

**പ്രതിരോധ ഇടനാഴി**

146. കേരളത്തിൽ ഗവേഷണ സ്ഥാപനങ്ങൾ ഉൾപ്പെടെ പ്രതിരോധ മേഖലയിലെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നേവൽ കമാൻഡ്, സതേൺ എയർ കമാൻഡ്, നേവൽ അക്കാഡമി, DRDO-NPOL, ബ്രഹ്മോസ് എയ്റോസ്പേസ്, VSSC, IIST, IISER ഉൾപ്പെടെയുള്ള പ്രതിരോധ രംഗത്തെ വിവിധ സ്ഥാപന ങ്ങളെ കൂട്ടിയിണക്കി ഒരു പ്രതിരോധ സാങ്കേതിക ഇന്നവേഷൻ ഹബ് സ്ഥാപിക്കാൻ സർക്കാർ ആലോചിക്കുന്നു. ഇതൊരു പ്രതിരോധ ഗവേഷണ വികസന ഇടനാഴിയായി വികസിപ്പിക്കും. ഇതിനായി 50 കോടി രൂപ മാറ്റിവെയ്ക്കുന്നു.

147. മലയാളത്തിൽ ഉന്നത ഗുണനിലവാരമുള്ള ഒരു വിശാല ഭാഷാ മാതൃക സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഡെവലപ്പർമാർക്കും ഇന്നവേറ്റർമാർക്കും പ്രോത്സാഹനം നൽകുന്നതിനുമായി ഒരു സമയബന്ധിത മലയാള ഭാഷാ മാതൃക ചലഞ്ച് ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആഗോള നിർമ്മിത ബുദ്ധി ഒരു പരിതി വരെ മലയാളത്തെ പിന്തുണയ്ക്കുമെങ്കിലും ഇത്തരം സംവിധാനങ്ങൾ ഒക്കെയും ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രഥമ സ്ഥാനം നൽകുന്ന വിധത്തിൽ രൂപീകരിക്കപ്പെട്ടവ യാണ്. അതുകൊണ്ട് തന്നെ മലയാളത്തിന് പ്രഥമ പരിഗണന നൽകുന്ന വിധത്തിൽ പഠനം

ആശയവിനിമയം സർഗ്ഗ സൃഷ്ടി, ഡിജിറ്റൽ സേവനങ്ങൾ എന്നിവ ഗുണനിലവാരത്തോടെ സ്ഥിരമായി ലഭ്യമാക്കുന്ന സംവിധാനങ്ങൾ ഇപ്പോഴും പൂർണ്ണതോതിൽ ആയിട്ടില്ല. ആയതിനാൽ മലയാളത്തിന് പ്രഥമ പരിഗണന നൽകുന്ന ഒരു മാതൃക സൃഷ്ടിക്കുന്നത് വഴി നിർമ്മിത ബുദ്ധിയുടെ ഗുണഫലങ്ങൾ സാധാരണക്കാരായ ജനങ്ങൾക്ക് അവരുടെ ഭാഷയിൽ തന്നെ ലഭ്യമാകുന്ന തിനും ഡിജിറ്റൽ സമത്വം ഉയർത്തുന്നതിനും വിദ്യാത്ഥികൾ അദ്ധ്യാപകർ സംരംഭകർ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ചെയ്യുന്നവർ മുതിർന്ന പൗരന്മാർ എന്നിവർക്ക് പുതിയ അവസരങ്ങൾ കൂടുതൽ പ്രാപ്തമാകുന്നതിനും സഹായകമായിരിക്കും. നിർമ്മിത ബുദ്ധി സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ തുടർ ശ്രമങ്ങൾ മലയാത്തിൽ ഗൗരവകരമായ ഗവേഷണ ങ്ങളും ഉല്പന്ന വികാസവും പ്രോത്സാഹിപ്പിക്കുകയും അതിലൂടെ ഒരു ശക്തമായ ഭാഷാ അടിസ്ഥാനത്തിന് മുകളിലുള്ള ഗണ്യമായ ഉപയോഗങ്ങളും സേവനങ്ങളും സൃഷ്ടിക്കുന്നതിന് ഡെവലപ്പർമാരെ സഹായിക്കുകയും ചെയ്യും. ഈ ലക്ഷ്യത്തിനായി ഒരു കോടി രൂപ വകയിരുത്തുന്നു.

**റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം (RRTS)**

148. സർ, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അതിവേഗ യാത്രാ സൗകര്യം അനിവാര്യമാണ് എന്നുള്ളത് നമുക്ക് എല്ലാവർക്കും ബോധ്യമുള്ള

താണല്ലോ. ഡൽഹി-മീററ്റ് RRTS കോറിഡോർ മാതൃകയിൽ നാല് ഘട്ടമായാണ് കേരളത്തിൽ ഈ സംവിധാനം വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയ്ക്ക് കേന്ദ്ര ഭവന – നഗരകാര്യ മന്ത്രാലയം പിന്തുണ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെ ഒന്നാം ഘട്ടം, തൃശ്ശൂർ - കോഴിക്കോട് രണ്ടാം ഘട്ടം, കോഴിക്കോട് – കണ്ണൂർ മൂന്നാം ഘട്ടം, കണ്ണൂർ - കാസർഗോഡ് നാലാം ഘട്ടം എന്ന നിലയിലാണ് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്. പൊതുവിൽ ഉയർന്ന തൂണുകളിൽ കൂടി പോകുന്ന ഈ ഗതാഗതമാർഗത്തിന്റെ പ്രത്യേകത നഗര മെട്രോ പദ്ധതികളുമായി സംയോജിപ്പിക്കാൻ കഴിയുമെന്ന താണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ അനുവദിക്കുന്നു.

**എം.സി റോഡ് വികസനം**

149. സർ, തിരുവനന്തപുരം മുതൽ അങ്കമാലി വരെയുള്ള എം.സി റോഡ് 24 മീറ്റർ വീതിയിൽ നാലുവരിയായി പുനർനിർമ്മിക്കുന്ന പദ്ധതി കിഫ്ബിയിലൂടെ ഏറ്റെടു ക്കുകയാണ്. പ്രധാന ജംഗ്ഷനുകളിലെ ഗതാഗത ക്കുരുക്ക് ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെ ബൈപാസുകൾ നിർമ്മിക്കുകയും ജംഗ്ഷനുകൾ വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് ആദ്യ ഘട്ടം. ഇതിന്റെ ഭാഗമായി കൊട്ടാരക്കര ബൈപാസിന് 110.36 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകി യിട്ടുള്ളതും ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾ

ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നതുമാണ്. ആദ്യഘട്ട ത്തിൽ കിളിമാനൂർ, നിലമേൽ, ചടയമംഗലം, ആയൂർ, പന്തളം, ചെങ്ങന്നൂർ ബൈപാസുകളുടെ നിർമ്മാണവും വിവിധ ജംഗ്ഷനുകളുടെ നിർമ്മാണവുമുണ്ടാവും. സർ, ഒന്നാം ഘട്ട എം.സി റോഡ് വികസന പദ്ധതിയ്ക്കായി 5217 കോടി രൂപയാണ് കിഫ്ബിയിലൂടെ നീക്കിവെയ്ക്കുന്നത്.

**സൈബർവാലി**

150. സർ, കൊച്ചിയിലെ 300 ഏക്കർ ഇൻഫോപാർക്ക് ഫേസ് 3-യിൽ ഒരു സൈബർ വാലി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഐ.ടി, ഐ.ടി അധിഷ്ഠിത സേവനങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മറ്റ് പുതിയ സാങ്കേതികവിദ്യകൾ എന്നിവയുടെ ഒരു കേന്ദ്ര ഹബായി സൈബർ വാലി പ്രവർത്തിക്കും. ആധുനിക നഗര ജീവിതത്തിന് പര്യാപ്തമാകുന്ന ഡിജിറ്റൽ സൗകര്യങ്ങളോടൊപ്പം ഡിജിറ്റൽ സംരംഭകത്വവും തൊഴിലും സൃഷ്ടിക്കുന്ന കേന്ദ്രമാകും സൈബർ വാലി. പി.പി.പി മാതൃകയിൽ ആസൂത്രണം ചെയ്യുന്ന ഈ പദ്ധതിയ്ക്കായി **30 കോടി രൂപ** മാറ്റിവെയ്ക്കുന്നു.

**ആഗോള സ്കൂൾ**

151. കേരളത്തിലെ വിദ്യാർത്ഥികൾ പ്രതിവർഷം ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ പഠനങ്ങൾക്കുമായി ഏകദേശം 8000 കോടിയിലധികം രൂപ സംസ്ഥാന ത്തിന് പുറത്തേക്ക് നൽകുന്നു എന്നാണ് കണക്ക്.

ഏറ്റവും നൂതനമായ സാങ്കേതികവിദ്യകളും പുതിയകാലത്തിന് അനുയോജ്യമായ തൊഴിൽ പരിശീലനവും നൈപുണി സമ്പാദനവും പ്രദാനം ചെയ്യുന്ന ആഗോള സ്കൂൾ കേരളത്തിൽ സ്ഥാപിക്കും. ടെക്നോ ഇക്കണോമിക്സിനും ഫ്യൂച്ചർ ടെക്നോളജിക്കുമായിരിക്കും ഇവിടെ പ്രധാന്യം നൽകുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **10 കോടി രൂപയുടെ** സർക്കാർ വിഹിതം നീക്കിവെയ്ക്കുന്നു.

**വർക്ക് നിയർ ഹോം**

152. കേരളത്തിലെ ആദ്യത്തെ വർക്ക് നിയർ ഹോം കൊട്ടാരക്കരയിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. 150 പേർക്ക് ഐ.ടി, ഐ.ടി അധിഷ്ഠിത തൊഴിലെടുക്കാനുള്ള സൗകര്യമാണ് കൊട്ടാരക്കര വർക്ക് നിയർ ഹോമിലുള്ളത്. കൊല്ലം, വർക്കല, രാമനാട്ടുകര എന്നിവിടങ്ങളിലേത് നിർമ്മാണ ഘട്ടത്തിലാണ്. വർക്ക് നിയർ ഹോം പദ്ധതി അടുത്ത വർഷം ചുരുങ്ങിയത് 200 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കും. കെട്ടിടങ്ങൾ വിട്ടുനൽകാൻ തയ്യാറുള്ള കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകും. ഇതിനായി **150 കോടി രൂപ** നീക്കിവെയ്ക്കുന്നു.

**സ്പെഷ്യൽ എൻറിച്ച്മെന്റ് പദ്ധതി**

153. സർ, ഗോത്രമേഖലകളിലെ 40 സ്കൂളുകളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുവേണ്ടി

ആവിഷ്കരിച്ച സ്പെഷ്യൽ എൻറിച്ച്മെന്റ് പദ്ധതിയുടെ വിജയത്തെ തുടർന്ന് ഇത് കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കും. കുറഞ്ഞത് 50 പട്ടികവർഗ വിദ്യാർത്ഥി കളെങ്കിലും പഠിക്കുന്ന 340 സ്കൂളുകളിലേക്കും കുറഞ്ഞത് 100 പട്ടികജാതി വിദ്യാർത്ഥികളെങ്കിലും പഠിക്കുന്ന 300 സ്കൂളുകളിലേക്കുമാകും അടുത്തവർഷം ഈ പദ്ധതി വ്യാപിപ്പിക്കുക. ഇതിനായി **60 കോടി രൂപ** വകയിരുത്തുന്നു.

**പഞ്ചായത്തുതല സ്കിൽ സെന്ററുകൾ**

154. ദൂര സ്ഥലങ്ങളിൽ പോയി തൊഴിലെടുക്കാൻ കഴിയാതെ പല കാരണങ്ങളാൽ വീടുകളിൽ തന്നെ നിൽക്കേണ്ടി വന്നിട്ടുള്ള സ്ത്രീകൾക്ക് മികച്ച വരുമാനം ലഭിക്കുന്ന തൊഴിലുകൾ പരിശീലിക്കാനുള്ള അവസരം ഗ്രാമ ങ്ങളിൽ ഒരുക്കും. സർക്കാർ മുൻകൈയ്യിൽ സജ്ജ മാക്കുന്ന ഇത്തരം സ്കിൽ സെന്ററുകളിലൂടെ സ്ത്രീകൾക്ക് വിവിധ തൊഴിലുകൾ സ്വായത്തമാക്കാം. തുടർന്ന് വീട്ടിലിരുന്നുകൊണ്ട് തന്നെ തങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സംരംഭം മുന്നോട്ടുകൊണ്ടുപോകാൻ സ്ത്രീകൾ പര്യാപ്തരാകും. ഇതിനായി സ്കിൽ സെന്ററുകൾ വ്യാപിപ്പിക്കുന്നതിനും ഷി-വർക്ക്സ്പേസുകൾ നിർമ്മി ക്കുന്നതിനുമായി **20 കോടി രൂപ** വകയിരുത്തുന്നു.

**കമ്മ്യൂണിറ്റിതല സൗരോർജ്ജ ഉൽപാദനം**

155. ഗ്രാമപഞ്ചായത്തുകളെ ഊർജോൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി

പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി തല സൗരോർജ ഉൽപ്പാദനവും സംഭരണവും പ്രോത്സാഹിപ്പിക്കും. സൗരോർജം സംഭരിച്ച് വിതരണം ചെയ്യുന്ന സൗകര്യങ്ങൾ സൃഷ്ടിക്കും. അതിനായി ഓരോ പഞ്ചായത്തിനും ഒരു കോടി രൂപ വീതം നൽകുന്ന പദ്ധതി പ്രഖ്യാപിക്കുന്നു. തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനത്ത് പൈലറ്റ് പദ്ധതി നടപ്പിലാക്കും. ഇതിനായി **2 കോടി രൂപ** നീക്കിവെയ്ക്കുന്നു.

**ബ്ലൂ എക്കോണമി**

156. സർ, കേരളത്തിൽ സമ്പന്നമായ സമുദ്രോൽപ്പന്നങ്ങളുണ്ട്. വിഴിഞ്ഞം ഉൾപ്പെടെയുള്ള തുറമുഖങ്ങളുടെ വളർച്ചയോടെ സമുദ്രവിഭവങ്ങളുടെ വ്യവസായ രംഗത്ത് ഒരു പ്രധാന കേന്ദ്രമായി മാറാൻ കേരളത്തിന് കഴിയും. സ്വകാര്യനിക്ഷേപങ്ങൾ ആകർഷിച്ചും ആധുനിക വ്യവസായങ്ങൾ തുടങ്ങിയും നമുക്ക് മുന്നേറാനാകും. പി.പി.പി മോഡൽ വികസനത്തിന് ഈ രംഗത്ത് വലിയ സാധ്യതകളുണ്ട്. കേരളത്തിൽ ശക്തമായൊരു മറൈൻ എക്കോ സിസ്റ്റം സൃഷ്ടിച്ച് ബ്ലൂ എക്കോണമി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **10 കോടി രൂപ** വകയിരുത്തുന്നു.

**കേരള കലാകേന്ദ്രം – സ്ഥിരം വേദികൾ**

157. സർ, കേരളം കലാരൂപങ്ങളാൽ സമ്പന്നമായ നാടാണ്. നാടകവും നൃത്തങ്ങളും ആയോധനകലകളും തുടങ്ങി വിദേശികൾക്കുൾപ്പെടെ പ്രിയങ്കരമായ നിരവധി

ആവിഷ്കാര രൂപങ്ങൾ നമുക്കുണ്ട്. ഇവ പ്രദർശിപ്പിക്കാനുള്ള സ്ഥിരം വേദികളെന്ന നിലയിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ **കേരള കലാകേന്ദ്രങ്ങൾ** നിർമ്മിക്കാൻ സർക്കാർ ആലോചിക്കുന്നു. ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും തുടർന്ന് കൊച്ചി, കോഴിക്കോട് നഗരങ്ങളിലും കേരള കലാകേന്ദ്രങ്ങൾ നിർമ്മിക്കും. ഇതിനായി **10 കോടി രൂപ** വകയിരുത്തുന്നു.

**ഗിഗ് തൊഴിലാളികൾ**

158. സർ, ഗിഗ് തൊഴിലുകൾ ഇന്ന് വളരെയധികം സാർവത്രികമായിരിക്കുന്നു. ഓൺലൈൻ ഡെലിവറി ആപ്പുകൾ വഴി സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന തൊഴിലുകൾ ഉൾപ്പെടെ ചെയ്യുന്ന ഗിഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവമായി ഇനിയും അഭിസംബോധന ചെയ്യപ്പെട്ടിട്ടില്ല. പലപ്പോഴും ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്ന ഇവർക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യമൊരുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും. കൂടാതെ ഗിഗ് തൊഴിലാളികൾക്ക് ക്ഷേമനിധികളിൽ അംഗമാകുന്നതിനുള്ള സാഹചര്യം സർക്കാർ ഒരുക്കും. ഗിഗ് തൊഴിലാളികൾക്ക് വിശ്രമിക്കാനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഗിഗ് ഹബ്ബുകൾ സർക്കാർ ഒരുക്കും. ഇതിനായി **20 കോടി രൂപ** വകയിരുത്തും.

**ഓട്ടോ തൊഴിലാളികൾ**

159. സർ, നമ്മുടെ ഗതാഗത സംവിധാനത്തിന്റെ നട്ടെല്ലാണ് ഓട്ടോ റിക്ഷാ തൊഴിലാളികൾ. കേന്ദ്രസർക്കാർ

നയങ്ങളും ഇന്ധന വിലവർധനവും മൂലം പ്രതിസന്ധി നേരിടുന്ന ഓട്ടോ റിക്ഷാ തൊഴിൽ രംഗത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ ചില നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

i. **പരിസ്ഥിതിത സൗഹൃദ മാറ്റം (Green Transition) –**പഴയ പെട്രോൾ-ഡീസൽ ഓട്ടോറിക്ഷകൾ പൊളിച്ച് (Scrap) പുതിയ ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് 40,000 രൂപ വരെ ഒറ്റത്തവണ സ്ക്രാപ്പേജ് ബോണസ് അനുവദിക്കും.

ii. **പലിശയിളവ് –** ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിനായി തിരഞ്ഞെടുത്ത പൊതുമേഖലാ ബാങ്കുകൾ വഴി എടുക്കുന്ന **വായ്പകൾക്ക് 2 ശതമാനം പലിശയിളവ്** നൽകും.

**ഈ പദ്ധതികളുടെ നിർവ്വഹണത്തിനായി 20 കോടി രൂപ നീക്കിവെയ്ക്കുന്നു.**

160. കേരളത്തിലെ അയ്യായിരത്തിലധികം അനൗപചാരിക ഓട്ടോ സ്റ്റാൻഡുകളെ സ്മാർട്ട് മൈക്രോ ഹബ്ബുകളാക്കി മാറ്റാൻ സർക്കാർ ഒരു പദ്ധതി തയ്യാറാക്കുന്നു. ഓരോ സ്ഥലത്തിനും അനുയോജ്യമായ തൊഴിലാളി സൗഹൃദ സ്മാർട്ട് ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കും. അവിടെ സോളാർ അധിഷ്ഠിത ചാർജ്ജിംഗ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കും. ഈ പദ്ധതിയ്ക്കായി **20 കോടി രൂപ** നീക്കിവെയ്ക്കും.

**തൊഴിലുറപ്പ് പദ്ധതി**

161. സർ, ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഏറെ സഹായകരമായിരുന്ന പദ്ധതിയാണ് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. എന്നാൽ കേന്ദ്ര സർക്കാർ ആ പദ്ധതിയെത്തന്നെ ഇല്ലാതാക്കുന്ന രീതിയിലുള്ള വലിയ മാറ്റങ്ങൾ വരുത്തിയിരിക്കുകയാണ്. പദ്ധതിയുടെ ആകെ ചെലവിന്റെ 60 ശതമാനം മാത്രം കേന്ദ്രം ഏറ്റെടുക്കുകയും നിശ്ചിത തൊഴിൽ ദിനങ്ങളിലേക്ക് അതിനെ ചുരുക്കുകയും ചെയ്തു. ഇപ്പോൾ തന്നെ കേന്ദ്ര നയങ്ങൾ മൂലം സംസ്ഥാനത്തിന്റെ അർഹമായ സാമ്പത്തിക വിഹിതം വെട്ടിക്കുറയ്ക്കുന്ന നടപടി മൂലമുള്ള സാമ്പത്തിക ഞെരുക്കത്തിന് പുറമേയാണ് ഇത്തരം നടപടികൾ ഉണ്ടാകുന്നത്. ഇതോടെ കേരളം പോലെ മികച്ച രീതിയിൽ തൊഴിലുറപ്പ് പദ്ധതി മുന്നോട്ടു കൊണ്ടു പൊയ്ക്കൊണ്ടിരിക്കുന്ന സംസ്ഥാനങ്ങൾക്ക് ഇത് വലിയ തിരിച്ചടിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നയം തിരുത്തിക്കുന്നതിനുള്ള ശ്രമം നടത്തുന്നതിനോടൊപ്പം തന്നെ സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനായി സംസ്ഥാന സർക്കാർ അധിക തുക വകയിരുത്തുകയാണ്. മുൻവർഷത്തിൽ നിന്നും അധികമായി **1000 കോടി രൂപ** പദ്ധതിയ്ക്കായി വകയിരുത്തുന്നു.

**റിട്ടയർമെന്റ് ഹോമുകൾ**

162. സംസ്ഥാനത്തെ ജനസംഖ്യയിൽ വയോജനങ്ങളുടെ അനുപാതം ഏകദേശം 20 ശതമാനത്തിനടുത്ത് ആയിട്ടുണ്ട്. ഇത് നാടിന്റെ സാമൂഹിക- സാമ്പത്തിക- വികസന മേഖലകളിലെ പ്രവർത്തനങ്ങളിൽ നിർണ്ണായകമായി പരിഗണിക്കേണ്ട ഘടകമാണ്. വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന വയോജന ങ്ങൾക്ക് ഒരുമിച്ച് താമസിക്കാൻ കഴിയുന്നവിധത്തിലുള്ള റിട്ടയർമെന്റ് ഹോമുകൾ സജ്ജമാക്കേണ്ടതുണ്ട്. അവിടെ കമ്മ്യൂണിറ്റി കിച്ചൺ, കളിസ്ഥലങ്ങൾ, വിനോദോപാധി കൾ, ആരോഗ്യ പരിപാലന സംവിധാനങ്ങൾ തുടങ്ങിയവ ഉണ്ടാകണം. കൂടാതെ ആരോഗ്യ വോളന്റിയർമാരുടെ സേവനവും ഇത്തരം കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തണം. ഇത്തരം റിട്ടയർമെന്റ് ഹോമുകൾ സജ്ജമാക്കാൻ സംഘടനകൾക്കും ഗ്രൂപ്പുകൾക്കും സ്വകാര്യ വ്യക്തികൾക്കും സർക്കാർ സബ്സിഡി നൽകും. ഇതിനായി **30 കോടി** രൂപ നീക്കിവെയ്ക്കുന്നു.

163. വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന വ്യക്തികൾക്ക് സഹായം നൽകുന്നതിനായി സന്നദ്ധ വോളന്റിയർമാ രുടെ സേന പ്രാദേശിക തലത്തിൽ രൂപീകരിക്കും. തദ്ദേശ സ്ഥാപനങ്ങൾ ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കും. മുതിർന്നവർക്ക് ചികിത്സ ഉൾപ്പെടെയുള്ള സഹായത്തിനായി വിളിക്കുവാൻ ടെലിഫോൺ നമ്പരുകൾ പരസ്യപ്പെടുത്തും. ഓൺ കോൾ വോളന്റിയർമാരുടെ സേവനം തദ്ദേശ സ്ഥാപനങ്ങളുടെ

നിയന്ത്രണത്തിലാകും നൽകുക. ഈ പദ്ധതിയ്ക്കായി **10 കോടി രൂപ** വകയിരുത്തുന്നു.

164. സർ, കാൻസർ, ലെപ്രസി, ക്ഷയം, എയ്ഡ്സ് രോഗബാധിതരുടെ പ്രതിമാസ പെൻഷനിൽ ആയിരം രൂപ വർധനവ് വരുത്തി **2000 രൂപയായി** ഉയർത്തുന്നു.

**അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട്**

165. അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് നിലവിൽ പത്ത് ലക്ഷം രൂപയാണ്. ഇത് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് തുക **20 ലക്ഷമായി** ഉയർത്തുന്നതാണ്.

**ഇൻഷുറൻസ് പരിരക്ഷ**

166. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന വർക്ക് അപകട/ലൈഫ് ഇൻഷുറൻസ് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഇൻഷുറൻസ് വകുപ്പുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നു. ഇതിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സഹായവും ഉണ്ടാകും.

167. സംസ്ഥാനത്തെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.

168. സംസ്ഥാനത്തെ ഓട്ടോറിക്ഷ/ടാക്സി തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.

169. ക്ഷേമനിധി അംഗങ്ങളായ ലോട്ടറി തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.

**സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പദ്ധതി**

170. സർ, ഇതുകൂടാതെ കേരളത്തിലെ ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട/ലൈഫ് ഇൻഷുറൻസ് ഏർപ്പെടുത്തുകയാണ്. ഇതിന് വേണ്ടുന്ന മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. വർഷം 15 കോടി രൂപ ഇതിനായി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഇതിനായി **15 കോടി രൂപ** ബജറ്റിൽ നീക്കിവെയ്ക്കുന്നു.

**സൗജന്യവിദ്യാഭ്യാസം ബിരുദതലം വരെ**

171. സർ, കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുകയാണ്. **ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുകയാണ്.** നിലവിൽ പ്ലസ്ടു വരെയുള്ള സൗജന്യ വിദ്യാഭ്യാസമാണ് സംസ്ഥാനത്തുണ്ടായിരുന്നത്.

**മെഡിസെപ് 2.0**

172. സർ, കേരളത്തിലെ സർക്കാർ ജീവനക്കാരും പെൻഷൻകാരുമായ 11 ലക്ഷത്തോളം പേർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് മെഡിസെപ്. ഏത് പ്രായത്തിലുള്ളവർക്കും യാതൊരു മെഡിക്കൽ പരിശോധനകളും ഇല്ലാതെ ഇതിൽ ക്യാഷ്ലെസ് ഇൻഷുറൻസ് സേവനം നൽകുന്നു. 104 വയസ്സുള്ള വ്യക്തിവരെ മെഡിസെപ്പിൽ നിന്ന് ഇൻഷുറൻസ് സേവനം സ്വീകരിച്ചിട്ടുണ്ട്. മെഡിസെപ്പിന്റെ ഒന്നാം

ഘട്ട പദ്ധതി പൂർത്തിയായിരിക്കുന്ന വേളയിൽ കൂടുതൽ പാക്കേജുകളും ആശുപത്രികളെയും ഉൾപ്പെടുത്തി മെഡിസെപ് 2.0 പ്രഖ്യാപിക്കുകയാണ്. ഫെബ്രുവരി 1 മുതൽ പദ്ധതി നിലവിൽ വരും.

173. സർ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവർക്കും വിരമിച്ചവർക്കുമായി മെഡിസെപ് മാതൃകയിൽ ഒരു ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കും.

174. സർ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവർക്കും വിരമിച്ചവർക്കുമായി മെഡിസെപ് മാതൃകയിൽ ഒരു ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കും.

**ഓട്ടോറിക്ഷ, ടാക്സി തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ്**

175. ക്ഷേമനിധിയിൽ അംഗങ്ങളായ ഓട്ടോറിക്ഷ, ടാക്സി തൊഴിലാളികൾക്ക് വളരെ ചെലവ് കുറച്ച് വിഹിതം അടയ്ക്കുന്ന വിധത്തിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.

**റോഡപകടങ്ങളിൽപെട്ടുന്നവർക്ക് ലൈഫ് സേവർ പദ്ധതി**

176. സർ, സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 48,000 റോഡപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഇത്തരം അപകടങ്ങളിൽപ്പെടുന്നവർക്ക് സമയബന്ധിതമായി ചികിത്സ ലഭിക്കാത്ത സാഹചര്യമുണ്ടാകാറുണ്ട്. റോഡപകടത്തിൽപ്പെട്ട് ചികിത്സതേടുന്ന ആളുകൾക്ക്

ആദ്യത്തെ **5 ദിവസം** പണരഹിത ചികിത്സ നൽകുന്ന ഒരു പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയാണ്. പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത സർക്കാർ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ഈ സൗകര്യമുണ്ടാകും. ഇതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും. ഈ പദ്ധതിയ്ക്കായി **15 കോടി രൂപ** സർക്കാർ നീക്കിവെയ്ക്കുന്നു.

**പുതിയ ഇൻഷ്വറൻസ് പദ്ധതി**

177. സംസ്ഥാനത്തെ 42 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് പരിധിയ്ക്ക് പുറത്തുള്ള കുടുംബങ്ങൾക്കായി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നു. താരതമ്യേന ചെറിയ തുക അടച്ച് ചേരാൻ കഴിയുന്ന ഇൻഷ്വറൻസ് പദ്ധതി ബജറ്റ് വർഷം തന്നെ നടപ്പിലാക്കും. ഇതിനായി **50 കോടി രൂപ** വകയിരുത്തുന്നു.

**ആർട്ടിസാൻസ് മേഖല**

178. സർ, ആർട്ടിസാൻസ് മേഖലകളിൽ തൊഴിലെടുക്കുന്ന നിരവധി ആളുകൾ കേരളത്തിലുണ്ട്. സ്വർണ്ണപ്പണിക്കാർ, ലോഹപ്പണിക്കാർ, കൽപ്പണിക്കാർ, തടിപ്പണിക്കാർ, കരകൗശല തൊഴിലാളികൾ തുടങ്ങി പരമ്പരാഗത തൊഴിലാളികൾ ധാരാളമുള്ള ഈ മേഖലയിലെ തൊഴിലുകൾ സംരക്ഷിക്കുകയും

ആധുനികവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ആർട്ടിസാൻസ് മേഖലയിലുള്ളവർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ സഹായം നൽകും. 50 ശതമാനം സർക്കാർ സബ്സിഡിയോടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയ്ക്കായി **5 കോടി രൂപ** നീക്കിവെയ്ക്കുന്നു.

**മൺപാത്ര നിർമ്മാണം**

179. മൺപാത്ര നിർമ്മാണം കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായ മേഖലകളിലൊന്നാണ്. പരിസ്ഥിതി സൗഹൃദമായ മൺപാത്ര നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി **ഒരു കോടി രൂപ അധികമായി അനുവദിക്കുന്നു.**

**നേറ്റിവിറ്റി കാർഡ്**

180. സർ, രാജ്യത്ത് പൗരത്വ നിയമം നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ ശ്രമങ്ങളെ കേരള സർക്കാരും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അതി ശക്തമായി എതിർക്കുകയുണ്ടായി. ഇപ്പോൾ എസ്.ഐ.ആർ അടിസ്ഥാനത്തിൽ വോട്ടർപട്ടിക പരിഷ്കരിക്കാനുള്ള നീക്കങ്ങൾ ജനങ്ങളിൽ ആശങ്ക ഉയർത്തിയിട്ടുണ്ട്. എസ്.ഐ.ആർ സംബന്ധിച്ച് ശക്തമായ നിലപാടുകൾ കേരള സർക്കാർ കേന്ദ്രത്തെയും സുപ്രീംകോടതിയെയും അറിയിച്ചിട്ടുണ്ട്. എസ്.ഐ.ആർ നടപ്പിലാക്കുന്നത് ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ള ജനങ്ങൾക്കിടയിൽ

വലിയ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. തലമുറകളായി കേരളത്തിൽ ജീവിച്ചുവരുന്ന മനുഷ്യരുടെ ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിനായി സംസ്ഥാനം **നേറ്റിവിറ്റി കാർഡ്** എന്ന രേഖ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ പൗരന്മാർക്കും നേറ്റിവിറ്റി കാർഡുകൾ നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനി ച്ചിട്ടുണ്ട്. ഇതിനായി **20 കോടി രൂപ** നീക്കിവെയ്ക്കുന്നു.

181. സർ, കേരളം ചരിത്രാതീത കാലം മുതൽക്കേ മതസഹിഷ്ണുതയ്ക്കും സാംസ്കാരിക സമന്വയത്തിനും പേരുകേട്ട നാടാണ്. വിവിധ മതങ്ങളും സംസ്കാരങ്ങളും ഇവിടേയ്ക്ക് വന്നു. അവയെല്ലാം വേരോട്ടമുണ്ടായി. പരസ്പര സഹകരണത്തിന്റെയും സഹവർത്തിത്വ ത്തിന്റെയും അന്തരീക്ഷം എല്ലാക്കാലവും ഇവിടെയുണ്ടാ യിരുന്നു. ഹിന്ദുമതവും ബുദ്ധമതവും ക്രിസ്തുമതവും ഇസ്ലാം ജൂത മതവുമെല്ലാം ശക്തമായി ഇവിടെ നിലനിന്നു പോന്നു. തരിസാപ്പള്ളി ശാസനവും കരുമാടിക്കുട്ടനും കൊടുങ്ങല്ലൂരിലെ ചേരമാൻ പള്ളിയും കൂനൻകുരിശ് സത്യവുമെല്ലാം ചരിത്രത്തിന്റെ ശേഷിപ്പുകൾ മാത്രമല്ല, മറിച്ച് ഈ നാടിന്റെ സാംസ്കാരിക വൈവിധ്യത്തിന്റെ അടയാളങ്ങൾ കൂടിയാണ്.

182. വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും അംഗീകരിച്ചും ആദരിച്ചുമാണ് ഇന്നത്തെ കേരളത്തിലേക്ക് നാമെത്തി യത്. അയ്യപ്പന്റെയും വാവരുടെയും ഐതീഹ്യത്തിൽ പോലും മതസാഹോദര്യത്തിന്റെ ഇഴകൾ പരസ്പരം

ചേരുന്നുണ്ട്. ഈ ഐക്യവും സാഹോദര്യവും മറ്റുപല പ്രദേശക്കാർക്കും ചിലപ്പോൾ അത്ഭുതമുളവാക്കിയേക്കാം. കേരളത്തിന്റെ ചരിത്രപരമായ ഈ സാഹോദര്യത്തെ നമുക്ക് കൂടുതൽ കരുത്തോടെയും ചൈതന്യത്തോടെയും മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കേരളത്തിന്റെ മത-സാംസ്കാരിക സാഹോദര്യത്തിന്റെ ചരിത്രവും നാൾവഴികളും വിശകലനാത്മകമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ഒരു പദ്ധതി നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നു. അതിനായി ഈ ബജറ്റിൽ **10 കോടി രൂപ** വകയിരുത്തുന്നു.

**കാവാരികുളം കണ്ടൻ കുമാരൻ പഠനഗവേഷണ കേന്ദ്രം**

183. കേരളത്തിലെ നവോത്ഥാന നായകരിലൊരാളും ശ്രീമൂലം പ്രജാസഭയിലെ അംഗവുമായിരുന്ന കാവാരികുളം കണ്ടൻ കുമാരന് തിരുവനന്തപുരം ജില്ലയിൽ നേമം വില്ലേജിൽ ഉചിതമായ സ്മാരകവും ലൈബ്രറിയും ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നതിനായി 1.50 കോടി രൂപ അനുവദിക്കുന്നു.

**അയ്യാവൈകുണ്ഠസ്വാമി സ്മാരകം**

184. അയ്യാ വൈകുണ്ഠസ്വാമിയ്ക്ക് സ്മാരകം സ്ഥാപിക്കും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

185. സർ, മഹാത്മാഗാന്ധി തന്റെ അഞ്ചാമത്തെയും അവസാനത്തെയും കേരള സന്ദർശനത്തിലെ അവസാന പൊതുപരിപാടിയിൽ പങ്കെടുത്തത് 1937 ജനുവരി 21-ന് കൊട്ടാരക്കര തൃക്കണ്ണമംഗൽ ആയിരുന്നു.

തൃക്കണ്ണമംഗൽ ക്ഷേത്രം എല്ലാ ജാതിക്കാർക്കുമായി തുറന്നുകൊടുക്കുന്നതായിരുന്നു ചടങ്ങ്. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഓഫീസും റസ്റ്റ് ഹൗസും സ്ഥിതി ചെയ്യുന്ന കൊട്ടാരക്കര മുസാവരി ബംഗ്ലാവിലായിരുന്നു ഗാന്ധിജി വിശ്രമിച്ചത്. സർ, ഗാന്ധിജിയുടെ ഓർമ്മകളുള്ള മുസാവരി ബംഗ്ലാവിൽ മഹാത്മാ ഗാന്ധി പബ്ലിക് ലൈബ്രറിയും ഗാന്ധി സ്മാരകവും സ്ഥാപിക്കാൻ **2 കോടി രൂപ** അനുവദിക്കുന്നു.

### യുവജന ക്ലബുകൾക്ക് പ്രവർത്തന ഗ്രാന്റ്

186. സർ, നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലും യുവാക്കളുടെ നേതൃത്വത്തിൽ നിരവധി ആർട്സ് & സ്പോർട്സ് ക്ലബുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് പലതിന്റെയും പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയാണ്. നാടിനാകെ ഉണർവ് നൽകുന്ന ക്ലബുകളെ ശാക്തീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ക്ലബുകൾക്ക് പ്രതിവർഷം പതിനായിരം രൂപ പ്രവർത്തന ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി സർക്കാർ പ്രഖ്യാപിക്കുന്നു. **ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.**

### കുടുംബശ്രീ

187. സർ, കേരളത്തിന്റെ അഭിമാനമായ കുടുംബശ്രീ വിപ്ലവകരമായ ഒരു പുതിയ കാൽവെപ്പ് നടത്തിയിരിക്കയാണ്. കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ്

പ്രോഗ്രാമിന്റെ ഭാഗമായി നടത്തിയ ടെക്നോളജി കോൺക്ലേവിലൂടെ ഇന്ത്യയിലെ മുൻനിര ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സർവകലാശാലകളിൽ നിന്നുമായി 180 സാങ്കേതികവിദ്യകൾ കുടുംബശ്രീ കരസ്ഥമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് ആദ്യഘട്ട ത്തിൽ നിർമിച്ച മികച്ച ഗുണനിലവാരമുള്ള 30 ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഗ്ലോബൽ ലോഞ്ച് നടത്തിക്കഴിഞ്ഞു. ഇനി 150 ഉൽപ്പന്നങ്ങൾ കൂടി അടുത്ത ഘട്ടത്തിൽ വിപണിയിലിറക്കും. കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ കൃഷിചെയ്യുന്ന കാർഷിക ഉൽപ്പന്നങ്ങളാണ് ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങളാക്കുന്നത്. ഓസ്ട്രേലിയ, ന്യൂസിലാൻഡ്, യു കെ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ നിന്ന് ഇതിനകം ഈ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് താല്പര്യം അറിയിച്ചുകഴിഞ്ഞിട്ടുണ്ട്.ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ ഈ ഉൽപ്പന്ന ങ്ങളുടെ വിപണനത്തിനായി കുടുംബശ്രീയുടെ ധാരണാ പത്രം ഒപ്പുവെക്കാനും മുന്നോട്ടുവന്നിട്ടുണ്ട്. കുടുംബശ്രീക്ക് ആഗോള വിപണിയിലേക്കുള്ള കവാടങ്ങൾ തുറന്നു നൽകുകയും വനിതാ സംരംഭകർക്ക് മികച്ച വരുമാനവും ഒപ്പം സ്ത്രീകൾക്ക് തൊഴിലവസരവും ലഭ്യമാക്കാനുള്ള വലിയൊരു കുതിപ്പിനാണ് കുടുംബശ്രീ ഇതിലൂടെ തുടക്കം കുറിക്കുന്നത്.

188. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപുലമായ പ്രചാരവും വിതരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള മാർക്കെറ്റിംഗ്- വിതരണ ശൃംഖലക്ക് കുടുംബശ്രീ ലക്ഷ്യമിടുന്നു.

സംസ്ഥാനത്തുടനീളമുള്ള വെയ്റ്ഹൗസുകൾ, പ്രോഡക്റ്റ് ബ്രാൻഡിംഗ്, ഡിസ്ട്രിബ്യൂട്ടർമാരുമായുള്ള ബന്ധം എന്നിവയിലൂന്നിയായിരിക്കും പ്രവർത്തനം. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ഫുൾഫിൽമെൻറ് സെന്ററുകൾ സ്ഥാപിക്കുകയും അവ ഉത്പാദകരെയും ഡിസ്ട്രിബ്യൂട്ടർ മാരെയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കു കയും ചെയ്യും. ഇതിനായി **22.27 കോടി രൂപ** വകയിരുത്തുന്നു.

**ഗ്രാമീണ വനിതാ തൊഴിലിടങ്ങളും കമ്മ്യൂണിറ്റി കിച്ചൺ ഫാക്ടറികളും**

189. കൊട്ടാരക്കര എഴുകോൺ ഗ്രാമപഞ്ചായത്തിൽ രേഷ്മ എന്ന യുവസംരംഭക നേതൃത്വം നൽകുന്ന ടോക്കോ ചിപ്സ് എന്ന സ്റ്റാർട്ടപ്പ് കമ്പനിയെ പരിചയപ്പെടുത്താം. കുടുംബശ്രീ അംഗങ്ങളായ ശുഭയും സംഘവുമാണ് ഈ ചിപ്സ് ഉൽപ്പാദന യൂണിറ്റ് മികച്ചനിലയിൽ മുന്നോട്ട് കൊണ്ടുപോകുന്നത്. ഇത്തരത്തിൽ സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന മൂല്യവർധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനമാകെ വ്യാപിപ്പിക്കാൻ സർക്കാർ പിന്തുണ നൽകും. ഇതിനൊപ്പം പ്രാദേശിക തലത്തിൽ കമ്മ്യൂണിറ്റി കിച്ചനുകൾ വ്യാപകമാക്കുന്ന പദ്ധതിയ്ക്ക് സർക്കാർ പിന്തുണ നൽകും.

190. പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളെ ശാസ്ത്രീയമായ സംസ്കരണത്തിലൂടെ പ്രീമിയം ബ്രാൻഡുകളായി മാറ്റുന്നതിനും, കുടുംബശ്രീ അംഗങ്ങൾക്ക് ആഗോള വിപണിയിൽ മത്സരിക്കാൻ തക്കവണ്ണമുള്ള സാങ്കേതിക

പരിശീലനം നൽകുന്നതിനും ഈ പദ്ധതി മുൻഗണന നൽകുന്നു. സ്വകാര്യ പങ്കാളിത്തത്തോടെയും സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെയും നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി **10 കോടി രൂപ** ഞാൻ വകയിരുത്തുന്നു. ആയിരക്കണക്കിന് സ്ത്രീകൾക്ക് സ്വന്തം നാട്ടിൽത്തന്നെ മികച്ച വരുമാനവും മാന്യമായ തൊഴിൽ സാഹചര്യവും ഒരുക്കാൻ ഇതിലൂടെ സാധിക്കും.

**സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്**

191. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ ഉന്നത വിദ്യാഭ്യാസം, പരിശീലനം, സാമ്പത്തിക ശാസ്ത്രത്തിലും പൊതുനയത്തിലുമുള്ള ഗവേഷണം എന്നിവയ്ക്കുള്ള ലോകോത്തര നിലവാരമുള്ള സ്ഥാപനമായി വിപുലീകരിക്കും. ഐ.ഐ.ടി കൾ, ഐ.ഐ.എമ്മുകൾ പോലുള്ള മുൻനിര സ്ഥാപനങ്ങളുടെ മാതൃകയിൽ വികസിപ്പിച്ച് അധ്യാപനത്തിനും ഗവേഷണത്തിനുമുള്ള രാജ്യത്തെ മുൻനിര മികവിന്റെ കേന്ദ്രമായി സി.ഡി.എസിനെ മാറ്റും. ഇതിനായി ഒരു പുതിയ അത്യാധുനിക കാമ്പസ് ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതിന് **10 കോടി രൂപ** വകയിരുത്തുന്നു.

## ഭാഗം – III

192. സർ, സംസ്ഥാനത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ അവസാന വാർഷിക പദ്ധതിയാണ് 2026-27ലേത്. അടുത്ത വർഷം മുതൽ പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ തുടക്കമാവും. സംസ്ഥാന

ത്തിന്റെ പതിനഞ്ചാം പദ്ധതിയുടെ പരിപ്രേക്ഷ്യം സംബന്ധിച്ച ചർച്ചകൾ വളരെ മുൻകൂട്ടി ആരംഭിക്കാൻ നമുക്ക് കഴിഞ്ഞു. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് ആസൂത്രണത്തിന്റെ തുടർച്ചയെ ക്കുറിച്ച് സൂചിപ്പിക്കേണ്ടതുണ്ട്.

193. കേന്ദ്രവും സംസ്ഥാനങ്ങളും ആസൂത്രണം ഉപേക്ഷിച്ചിട്ട് നാളേറെയായി. നെഹ്റുവിന്റെ പാരമ്പര്യം അവകാശ പ്പെടുന്ന കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളും ആസൂത്രണത്തെ കയ്യൊഴിഞ്ഞു. കേരളം ആസൂത്രണത്തെ മുറുകെപ്പിടിക്കുന്നതിന് കാരണമുണ്ട്.

194. 1957-ൽ അധികാരമേറ്റ ഇ.എം.എസ് സർക്കാർ ആധുനിക കേരളത്തിന്റെ സൃഷ്ടിയിൽ വഹിച്ച പങ്ക് എല്ലാവരും അംഗീകരിക്കുന്നതാണ്. 1957-ലെ സർക്കാരിന്റെ രൂപീകരണത്തിന് മുമ്പ് നടന്ന വികസന സംവാദവും അതിലൂടെ ഉരുത്തിരിഞ്ഞ വികസന പരിപ്രേക്ഷ്യവുമാണ് ചെറിയ സമയത്തിനുള്ളിൽ ഭാവിവികസനത്തിന് ദിശാബോധം നൽകുന്ന പരിഷ്കാര ങ്ങൾ തുടങ്ങാൻ ആ സർക്കാരിനെ പ്രാപ്തമാക്കിയത്. കഴിഞ്ഞ പത്തുവർഷക്കാലത്തെ വികസന നേട്ടങ്ങളുടെ അടിസ്ഥാനവും വ്യക്തതയാർന്ന ഈ വികസന ദർശനമാണ്.

195. 2026-27 ലേക്കുള്ള വാർഷിക പദ്ധതിയുടെ കാര്യത്തിലും പതിനഞ്ചാം പദ്ധതിയുടെ കാര്യത്തിലും കൃത്യതയാർന്ന ഒരു വികസന ദർശനത്തോടെയാണ് സർക്കാർ നീങ്ങുന്നത്.

196. ഈ വർഷത്തെ പദ്ധതി അടങ്കൽ 35,750 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ഇത് മുൻ വർഷത്തേക്കാൾ 10 ശതമാനം കൂടുതലാണ്. കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റെ സാഹചര്യത്തിലും സർക്കാരിന്റെ വാർഷിക പദ്ധതി യിൽ ഇത്രയും വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞതിൽ വളരെ സന്തോഷവും അഭിമാനവുമുണ്ട്. പ്രതീക്ഷിത കേന്ദ്ര സഹായം ഉൾപ്പെടെ ആകെ പദ്ധതി അടങ്കൽ 44,574.66 കോടി രൂപയാണ്.

## കൃഷി

197. സർ, കേരളത്തിലെ കാർഷിക രംഗം 2011-12 മുതൽ തളർച്ചയിലായിരുന്നു. എന്നാൽ ഈ തളർച്ചയുടെ ഘട്ടത്തെ നാം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ മറികടന്നു. കാർഷിക മേഖലയിലെ വളർച്ച ഇന്ന് ഉയർന്നു കൊണ്ടിരിക്കുന്നു.

198. കാർഷികമേഖലയ്ക്ക് പ്രത്യേക ഊന്നൽ സർക്കാർ നൽകുന്നുണ്ട്. കാർഷികാനുബന്ധ മേഖലയുടെ ആകെ പദ്ധതി അടങ്കൽ 2071.95 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ഇതിൽ 234.73 കോടി രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നതാണ്.

199. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കാർഷിക മേഖലയിലെ പദ്ധതി ചിലവിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല കാർഷിക മേഖലയിലെ വളർച്ചയ്ക്കായി ലോക ബാങ്ക് വായ്പാ

സഹായത്തോടെ **കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യു ചെയിൻ മോഡനൈസേഷൻ (കേര)** എന്ന ബൃഹത്തായ പദ്ധതി കേരളത്തിൽ ഇന്ന് നടപ്പാക്കി വരുന്നു. **കേര പദ്ധതിക്കായി 100 കോടി രൂപ നീക്കി വയ്ക്കുന്നു.**

200. നെല്ലിൻറെ സംഭരണ വില ഈ സർക്കാർ കിലോയ്ക്ക് 30 രൂപയായി വർദ്ധിപ്പിച്ചു. നെൽകൃഷിക്ക് ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ ഇൻപുട്ട് സബ്സിഡികൾ നൽകുന്നത് കേരളത്തിലാണ്. എല്ലാ സീസണിലും ഹെക്ടറിന് 5,000 രൂപ നിരക്കിൽ ഇൻപുട്ട് സഹായവും 1,000 രൂപ നിരക്കിൽ ഉൽപാദന ബോണസും ഉടമയ്ക്ക് 3,000 രൂപ റോയൽറ്റിയും നൽകിവരുന്നു. തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40,000 രൂപ വരെയും സഹായം നൽകിവരുന്നു.

201. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന 95% നെല്ല് സർക്കാരാണ് സംഭരിക്കുന്നത്. നിലവിലെ പി.ആർ.എസ് (PRS) വായ്പാ രീതി ഒഴിവാക്കി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് സംഭരണ സമയത്ത് തന്നെ നേരിട്ട് പണം നൽകുന്ന പുതിയ ദ്വിതല സംഭരണ മാതൃകയാണ് നടപ്പിലാക്കുന്നത്. **കേരള ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെയും ഡിജിറ്റൽ പോർട്ടലിന്റെ മേൽനോട്ടത്തിലും വരാനിരിക്കുന്ന സീസൺ മുതൽ തന്നെ ഈ പുതിയ സംവിധാനം നിലവിൽ വരും. നെല്ല് വികസന പദ്ധതികളുടെ സംയോജനത്തിനായി 150 കോടി രൂപ വകയിരുത്തുന്നു.**

202. സർ, സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്കായി **78.45 കോടി രൂപ** വകയിരുത്തുന്നു. ഇതിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വി.എഫ്.പി.സി.കെ-യ്ക്ക് **18 കോടി രൂപയും** കൃഷി വകുപ്പിന്റെ വിവിധ പച്ചക്കറി വികസന പ്രവർത്തനങ്ങൾക്കായി **60.45 കോടി** രൂപയും ഉൾപ്പെടുന്നു.

203. നാളികേര വികസനത്തിനായി **73 കോടി** രൂപ വകയിരുത്തുന്നു.

204. സുഗന്ധവ്യഞ്ജന വികസന പദ്ധതിയുടെ അടങ്കൽ **7.60 കോടി രൂപയിൽ** നിന്ന് **15 കോടി രൂപയായി** വർദ്ധിപ്പിക്കുന്നു.

205. സംസ്ഥാനത്ത് പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും പഴവർഗ്ഗങ്ങളുടെ കൃഷി വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി **20.92 കോടി** രൂപ വകയിരുത്തുന്നു.

206. കേരള കാർഷിക സർവ്വകലാശാലയ്ക്കായി **78 കോടി** രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 2 കോടി രൂപ അധികമാണ്.

207. ഉല്പാദക സംഘങ്ങളുടെ വികസനത്തിനും സാങ്കേതിക വിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതിയ്ക്കായി **5 കോടി** രൂപ വകയിരുത്തുന്നു.

208. മണ്ണിന്റെ ആരോഗ്യപരിപാലനവും, ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും എന്ന പദ്ധതിക്കായി **31.15 കോടി** രൂപ വകയിരുത്തുന്നു. വിള ആരോഗ്യപരിപാലനം പദ്ധതിയ്ക്കായി **13 കോടി** രൂപ വകയിരുത്തുന്നു.

209. ജൈവ കൃഷിയും, ഉത്തമ കൃഷി രീതികളും (ജി.എ.പി) പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയ്ക്കായി **5.25 കോടി** രൂപ വകയിരുത്തുന്നു.

210. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനും കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ മെച്ചപ്പെടുത്തുന്നതിനുമായി **13.44 കോടി** രൂപ വകയിരുത്തുന്നു.

211. കാർഷിക മേഖലയിൽ ശാസ്ത്രസാങ്കേതിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി **15.40 കോടി** രൂപ വകയിരുത്തുന്നു.

212. **തൊഴിലാളി ക്ഷാമം മറികടക്കുന്നതിനും, യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപെടുത്തി പ്രവർത്തനങ്ങൾ ഏകീകരിച്ച് ഒറ്റ കേന്ദ്രത്തിലൂടെ സേവനങ്ങൾ നൽകുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

213. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കായി **33.14 കോടി രൂപ** വകയിരുത്തുന്നു.

214. രാഷ്ട്രീയ കൃഷി വികാസ് യോജന, കൃഷി ഉന്നതി യോജന, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുടെ സംസ്ഥാന വിഹിതമായ 40 ശതമാനമായി **78.14 കോടി രൂപ** വകയിരുത്തുന്നു.

215. ആധുനിക കാർഷിക രീതികൾ പരിചയപ്പെടുത്തി കൊണ്ട് യുവതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. ഹൈടെക്ക്/ പ്രിസിഷൻ ഫാമിങ്ങിൻ സംരംഭങ്ങൾ തുടങ്ങാൻ 3 ശതമാനം പലിശ സബ്സിഡിയോടെ വായ്പകൾ ലഭ്യമാക്കുന്ന പദ്ധതിക്കായി **10 കോടി രൂപ** വകയിരുത്തുന്നു.

**മണ്ണ് ജല സംരക്ഷണം**

216. മണ്ണ് ജലസംരക്ഷണ മേഖലയിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി **81.24 കോടി രൂപ** വകയിരുത്തുന്നു.

**മൃഗസംരക്ഷണം**

217. കേരളത്തിലെ പാലുത്പാദനത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പ്രതിദിനം 10 ലക്ഷം ലിറ്ററിന്റെ വർദ്ധനവ് കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. മാംസോല്പാദന മേഖലയിലും പൗൾട്രി മേഖലയിലും പുതിയ നിക്ഷേപങ്ങൾ കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

218. മൃഗസംരക്ഷണ മേഖലയിൽ പൊതുവിലുള്ള സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനൊപ്പം വലിയ ഡയറി ഫാമുകളും അറവുശാലകളും കൊണ്ടുവരികയും വേണം. തീരെ ചെറിയ ഉത്പാദന യൂണിറ്റുകളിൽ നിന്ന് വളർന്ന് അമ്പതും നൂറും പശുക്കളുള്ള ഡയറി ഫാമുകളും പതിനായിരമോ ഇരുപതിനായിരമോ അതിൽ കൂടുതലോ പക്ഷികളുള്ള പൗൾട്രി ഫാമുകളും വൃത്തി യുള്ളതും ലോകോത്തര നിലവാരത്തിലുള്ളതുമായ അറവുശാലകളും നമുക്കിന്ന് അടിയന്തരമായി വേണ്ടിയിരിക്കുന്നു. ഇതിന്റെ ഭാഗമായി 2024ൽ പഞ്ചായത്ത്, മുനിസിപ്പൽ ചട്ടങ്ങളിൽ പ്രധാനപ്പെട്ട ഭേദഗതികൾ ഈ സർക്കാർ കൊണ്ടുവന്നിരുന്നു.

219. മൃഗസംരക്ഷണ മേഖലയ്ക്ക് 318.46 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രതീക്ഷിത കേന്ദ്ര വിഹിതമായി 12.76 കോടി രൂപ വകയിരുത്തുന്നു.

220. സങ്കരയിന ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിക്കായി 9.20 കോടി രൂപ വകയിരുത്തുന്നു.

221. മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കുന്ന പദ്ധതിക്കായി 18.50 കോടി രൂപ വകയിരുത്തുന്നു.

222. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണത്തിനും ശക്തിപ്പെടുത്തലിനുമായി 18 കോടി രൂപ വകയിരുത്തുന്നു.

223. സംസ്ഥാനത്തെ വെറ്ററിനറി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2.82 കോടി രൂപ അധികമായി വകയിരുത്തി ആകെ പദ്ധതി വിഹിതം **38 കോടി രൂപയായി** വർദ്ധിപ്പിക്കുന്നു.

224. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി 7.5 കോടി രൂപ അധികമായി വകയിരുത്തി പദ്ധതി വിഹിതം 48.50 കോടി രൂപയിൽ നിന്ന് 56 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

225. മൃഗചികിത്സ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 44.50 കോടി രൂപ വകയിരുത്തുന്നു.

226. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 30.46 കോടി രൂപയും കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെ.എസ്.പി.ഡി.സി) 10 കോടി രൂപയും വകയിരുത്തുന്നു.

227. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന് 6.14 കോടി രൂപ വകയിരുത്തുന്നു.

228. കേരള ഫീഡ്സിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 22.20 കോടി രൂപ വകയിരുത്തുന്നു.

229. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 69 കോടി രൂപ വകയിരുത്തുന്നു.

230. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് (കെ.സി.എം.എം.എഫ്) **8.70 കോടി രൂപ** വകയിരുത്തുന്നു.

**ക്ഷീരവികസനം**

231. ക്ഷീരവികസന മേഖലയ്ക്കായി 2026-27 വർഷത്തിൽ ആകെ **128.05 കോടി രൂപ** വകയിരുത്തുന്നു.

232. "ധർമ്മടം-വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ്" പദ്ധതിയുടെ തുടർ നടത്തിപ്പിന് 10 കോടി രൂപ വകയിരുത്തുന്നു.

233. വാണിജ്യ ക്ഷീരവികസന പ്രവർത്തനങ്ങളും മിൽക്ക്ഷെഡ് വികസന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് 5.20 കോടി രൂപ അധികം അനുവദിച്ച് പദ്ധതി വിഹിതം 45 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

234. സംസ്ഥാനത്തെ ഗ്രാമീണ ക്ഷീര വിപുലീകരണത്തിനും കാർഷിക ഉപദേശക സേവനങ്ങൾക്കുമുള്ള വിഹിതം 12 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

235. പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആധുനികവത്കരിക്കുകയും ചെയ്യുന്നതിനായി 22.55 കോടി രൂപ വകയിരുത്തുന്നു.

236. പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ലബോറട്ടറികളെ

ശക്തിപ്പെടുത്തുന്നതിനു വേണ്ടി 8 കോടി രൂപ വകയിരുത്തുന്നു.

237. പാലുത്പാദകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി 8 കോടി രൂപ വകയിരുത്തുന്നു.

238. ക്ഷീര കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് **4 കോടി രൂപ** വകയിരുത്തുന്നു.

239. സ്റ്റേറ്റ് ഫോഡർ ഫാമും മോഡൽ ഡയറി യൂണിറ്റും തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയിൽ സ്ഥാപിക്കുന്നതിനായി **10 കോടി** രൂപ വകയിരുത്തുന്നു.

**മത്സ്യബന്ധനം**

240. മത്സ്യബന്ധന മേഖലയിൽ മൂന്നു പ്രധാനപ്പെട്ട മേഖലകളിലാണ് ഈ സർക്കാർ ഊന്നൽ നൽകി വന്നിട്ടുള്ളത്. ഒന്നാമതായി മത്സ്യത്തൊഴിലാളികളുടെ ജീവ സുരക്ഷ ഉറപ്പ് വരുത്തുകയും കൂടുതൽ മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്യുക, രണ്ടാമതായി കടൽക്ഷോഭം നേരിടുന്ന ഗ്രാമങ്ങളുടെ പുനരധിവാസവും അതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന ഫ്ലാഗ്ഷിപ്പ് പദ്ധതിയായ പുനർഗേഹം, മൂന്നാമതായി ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ വലിയ വികാസം. ഇതിനൊക്കെ പുറമേ ഈ സർക്കാർ പൊതുവിൽ മത്സ്യബന്ധന മേഖലയുടെ വികസനത്തിനു വേണ്ടി ഒരു **ബ്ലൂ ഇക്കോണമി നയവും** ഒരുക്കിയിട്ടുണ്ട്.

241. മത്സ്യബന്ധന വകുപ്പിന് **166.31 കോടി രൂപയും** ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് **35.31 കോടി രൂപയും** കേരള ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്ക് (കുഫോസ്) **37.50 കോടി രൂപയും** ഉൾപ്പെടെ ആകെ **239.12 കോടി രൂപ** വകയിരുത്തുന്നു.

242. മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായുള്ള മറൈൻ ആംബുലൻസുകൾക്കായി **2.5 കോടി രൂപ** വകയിരുത്തുന്നു.

243. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (PMMSY) യുടെ കീഴിലെ സംയോജിത മത്സ്യബന്ധന വികസനത്തിനും പരിപാലനത്തിനുമായി 8 കോടി രൂപയും സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് **22 കോടി രൂപയും** വകയിരുത്തുന്നു.

244. മത്സ്യക്കൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി, അക്വാകൾച്ചർ വികസന പദ്ധതിയ്ക്കുള്ള വിഹിതം 70.00 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ഇതിനുപുറമേ അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങൾക്കായി **7.11 കോടി രൂപയും** വകയിരുത്തുന്നു.

245. കടൽ സുരക്ഷയും കടൽ രക്ഷാപ്രവർത്തനവും എന്ന പദ്ധതിയുടെ അടങ്കൽ തുക **3 കോടി** രൂപയായി വർദ്ധിപ്പിക്കുന്നു.

**തീരദേശ വികസനം**

246. തീരദേശ വികസനത്തിനായി മുൻവർഷത്തേക്കാൾ **7 കോടി രൂപ** വർദ്ധിപ്പിച്ച് **183.98 കോടി രൂപ**

വകയിരുത്തുന്നു. ഇതിൽ തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യതൊഴിലാളികളുടെ മാനവശേഷി വികസനത്തിനുമായി **143.2 കോടി രൂപയും** NCDC വിഹിതമായ ഒരു കോടി രൂപയും ഉൾപ്പെടുന്നു.

247. പുനർഗേഹം പദ്ധതിക്ക് **4.20 കോടി രൂപ** അധികമായി വകയിരുത്തി പദ്ധതി വിഹിതം **60 കോടി രൂപയിൽ** നിന്ന് **64.20 കോടി രൂപയായി** വർദ്ധിപ്പിക്കുന്നു.

248. സംയോജിത തീരദേശ വികസന പദ്ധതിക്കായി **15 കോടി രൂപ** വകയിരുത്തുന്നു.

249. സംസ്ഥാനത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മത്സ്യബന്ധന തൊഴിലാളികൾക്കുമുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കായി **10 കോടി രൂപ** വകയിരുത്തുന്നു.

250. തീരദേശ മേഖലയുടെ 'അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും' എന്ന പദ്ധതിക്ക് **69 കോടി രൂപ** വകയിരുത്തുന്നു.

251. മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും എന്ന പദ്ധതിയുടെ വിഹിതം **9.50 കോടി രൂപയിൽ** നിന്ന് **12.30 കോടി രൂപയായി** വർദ്ധിപ്പിക്കുന്നു.

252. മത്സ്യവിത്തുഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി **18 കോടി രൂപ** വകയിരുത്തുന്നു.

253. മത്സ്യബന്ധന തുറമുഖങ്ങൾക്ക് **13.31 കോടി രൂപ** വകയിരുത്തുന്നു. ഇതിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയുടെ സംസ്ഥാന വിഹിതമായി **10 കോടി രൂപയും** ഉൾപ്പെടുന്നു.

254. നിലവിലെ മത്സ്യ ബന്ധന തുറമുഖങ്ങളുടെ ആധുനികവൽകരണത്തിനും കടൽപ്പാലങ്ങളുടേയും റോഡുകളുടേയും നിർമ്മാണത്തിനുമായി **20 കോടി രൂപ** വകയിരുത്തുന്നു.

255. സംയോജിത മത്സ്യ വികസന പ്രോജക്ടിനായി **12 കോടി രൂപ** വകയിരുത്തുന്നു.

**വനവും വന്യജീവി സംരക്ഷണവും**

256. വനവും വന്യജീവി സംരക്ഷണവും എന്ന മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി **288.6 കോടി രൂപ** വകയിരുത്തുന്നു.

257. മനുഷ്യ–വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപിത പ്രവർത്തനം ഉറപ്പാക്കികൊണ്ടു നാം ബൃഹത്തായ ഒരു മിഷൻ ആരംഭിച്ചിട്ടുണ്ട്. ഇതിൽ സ്മാർട്ട് ഫിസിക്കൽ ബാരിയറുകൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ, വന്യജീവി ആവാസവ്യവസ്ഥയുടെ മെച്ചപ്പെടുത്തൽ, ജനബോധവത്കരണം, റാപ്പിഡ് റെസ്പോൺസ് ടീമുകളും പ്രാഥമിക പ്രതികരണ ടീമുകളും ശക്തിപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നൽകുന്നു. 793 കിലോമീറ്റർ നീളത്തിൽ പുതിയ സോളാർ വേലികൾ

സ്ഥാപിക്കുകയും പ്രവർത്തനരഹിതമായിരുന്ന 1,954 കിലോമീറ്റർ സോളാർ വേലികൾ പുനഃസ്ഥാപിക്കുകയും ചെയ്തു. സംസ്ഥാനതലത്തിലും ഡിവിഷൻതലത്തിലും ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

258. വന്യജീവി ആക്രമണങ്ങളെ സംസ്ഥാനത്തിന്റെ പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാന മാണ് കേരളം. കേരളത്തിലെ വന്യജീവി സംഘർഷ ങ്ങൾക്കുള്ള നഷ്ടപരിഹാര തുക ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്നവയിലൊന്നാണ്. വന്യജീവി ആക്രമണത്തിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ജീവഹാനി സംഭവിക്കുന്ന മനുഷ്യ-വന്യമൃഗ സംഘർഷ ങ്ങൾ കൂടുതൽ ലഘൂകരിക്കുകയും അതിവേഗം ഫലപ്രദ മായ പരിഹാരങ്ങൾ നടപ്പിലാക്കുകയും വേണം. ഇതിനാ യുള്ള വിവിധ പദ്ധതികൾക്കായി മുൻവർഷത്തേക്കാൾ 29.6 കോടി രൂപ വർദ്ധിപ്പിച്ച് **100 കോടി രൂപ** വകയിരുത്തുന്നു.

259. വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) എന്ന പദ്ധതിയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി **50 കോടി രൂപ** വകയിരുത്തുന്നു.

260. പ്ലാന്റേഷൻ സ്റ്റോക്ക് വർദ്ധിപ്പിച്ച് അതിലൂടെ ഖജനാവിലേയ്ക്ക് മെച്ചപ്പെട്ട വരുമാനം ലക്ഷ്യമിടുന്ന വൻമരത്തോട്ടങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

261. വനസംരക്ഷണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി **50.30 കോടി രൂപ** വകയിരുത്തുന്നു.

262. തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ തുടർ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ വകയിരുത്തുന്നു.

263. കോഴിക്കോട് ബയോളജിക്കൽ പാർക്കിലെ വിവിധ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**വിപണനം, സംഭരണം, വെയർഹൗസിംഗ്**

264. കാർഷിക വിപണനം, സംഭരണം, വെയർഹൗസിംഗ്, മറ്റു പരിപാടികൾ എന്നിവയ്ക്കായി 164.31 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 43.90 കോടി രൂപ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായ പദ്ധതിയ്ക്കായും, 10 കോടി രൂപ ആർ.ഐ.ഡി.എഫ്-ന് കീഴിൽ കാർഷിക അടിസ്ഥാന വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിയും, 8 കോടി രൂപ വിളവെടുപ്പിന് ശേഷമുള്ള പരിപാലന മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും, 2 കോടി രൂപ കർഷകക്ഷേമ ഫണ്ട് ബോർഡിന് വേണ്ടിയുമാണ്.

**ഗ്രാമവികസനം**

265. സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഗ്രാമവികസന മേഖലയ്ക്ക് വൻ പ്രാധാന്യമാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്. ഗ്രാമവികസന മേഖലയ്ക്കാകെ **1997.91 കോടി** രൂപ

വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 69.58 കോടി രൂപ അധികമാണ്. ഇതിൽ ഗ്രാമവികസന പരിപാടികൾക്കുള്ള 598.10 കോടി രൂപയും സാമൂഹ്യ വികസനത്തിനും പഞ്ചായത്തുകൾക്കുമായുള്ള **1399.81 കോടി രൂപയും** ഉൾപ്പെടുന്നു.

**കുടുംബശ്രീ**

266. സൂക്ഷ്മ സംരംഭങ്ങൾ, പ്രാദേശിക സാമ്പത്തിക വികസനം, മൈക്രോഫിനാൻസ്, ഉപജീവന പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീയുടെ ബജറ്റ് വിഹിതം 275 കോടി രൂപയായി വകയിരുത്തുന്നു. ഗുണമേന്മയുള്ള ചിക്കൻ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'കേരള ചിക്കൻ' പദ്ധതി വ്യാപിപ്പിക്കും.

**അതിദാരിദ്ര്യ നിർമ്മാർജ്ജനം**

267. അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന പദ്ധതിയുടെ രണ്ടാം ഘട്ടം 2026-27 വർഷത്തിൽ 'EPEP 2.0' എന്ന പേരിൽ തുടരുന്നതാണ്. അതി ദാരിദ്ര്യമുക്തരായ കുടുംബങ്ങളെ തുടർന്നും പിന്തുണയ്ക്കാനും അവർ വീണ്ടും ദാരിദ്ര്യത്തിലേക്ക് മടങ്ങുന്നത് തടയാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്യാപ്പ് ഫണ്ടായി (Gap fund) 2 കോടി രൂപ വകയിരുത്തുന്നു.

## കില (KILA)

268. കിലയ്ക്ക് (KILA) 32.5 കോടി രൂപ വകയിരുത്തുന്നു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള പരിശീലനത്തിനും, ഗ്രാമ-നഗര പ്രദേശങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും പ്രത്യേക ഊന്നൽ നൽകും. മുൻ വർഷത്തെ അപേക്ഷിച്ച് 3.18 കോടി രൂപയുടെ വർദ്ധനവാണിത്. കില കൊട്ടാരക്കര അംബേദ്ക്കർ ചെയർ അനുവദിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## ഇൻഫർമേഷൻ കേരള മിഷൻ

269. ഇൻഫർമേഷൻ കേരള മിഷനുള്ള വിഹിതം 10 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

270. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ്പ് കേരള മിഷൻ) പ്രവർത്തനങ്ങൾക്കായി 20.20 കോടി രൂപ വകയിരുത്തുന്നു.

## ഉപജീവന ദൗത്യങ്ങൾ (NRLM & NULM)

271. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ (DAY-NRLM) ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ ഘടകങ്ങൾക്കായുള്ള സംസ്ഥാന വിഹിതമായി 99.90 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 36.8 കോടി രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ നഗര ഉപജീവന ദൗത്യത്തിന് (NULM) കീഴിലുള്ള നഗര പദ്ധതിയ്ക്കും, പുതുതായി അവതരിപ്പിച്ച ദീൻദയാൽ ജൻ

ആജീവിക യോജന–ഷെഹരി (DJAY-S) പദ്ധതിക്കും സംസ്ഥാന വിഹിതമായി **39 കോടി രൂപ** വകയിരുത്തുന്നു.

**പ്രധാനമന്ത്രി ആവാസ് യോജന (PMAY)**

272. കേന്ദ്ര വിഹിതം വളരെ കുറവായതിനാൽ ഈ പദ്ധതി ലൈഫ് (LIFE) മിഷനുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. ഇതിലൂടെ ഓരോ വീടിനും 4 ലക്ഷം രൂപ വീതം ഉറപ്പാക്കുന്നു. പി.എം.എ.വൈ (PMAY) ഗ്രാമീൺ പദ്ധതിയുടെ യൂണിറ്റ് നിരക്ക് 1.20 ലക്ഷം രൂപ മാത്രമാണ്. പി.എം.എ.വൈ അർബൻ പദ്ധതിയുടെ യൂണിറ്റ് ചെലവ് 2 ലക്ഷം രൂപയാണ്. ഈ രണ്ട് പദ്ധതികളുടേയും യൂണിറ്റ് നിരക്ക് നാല് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള ബാക്കി തുക തദ്ദേശ സർക്കാരുകളാണ് വഹിക്കുന്നത്. പി.എം.എ.വൈ ഗ്രാമീണ–നഗര മേഖലകളിലെ 40 ശതമാനം സംസ്ഥാന വിഹിതം നൽകുന്നതിനായി ആകെ **110.01 കോടി രൂപ** വകയിരുത്തുന്നു.

**പി.എം.ജി.എസ്.വൈ (PMGSY)**

273. ഗ്രാമീണ റോഡ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജനയ്ക്ക് കീഴിൽ സംസ്ഥാന വിഹിതമായി 95 കോടി രൂപയും, ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അധികമായി 30 കോടി രൂപയും വകയിരുത്തുന്നു. ഇത് മുൻ വർഷത്തേക്കാൾ 21.40 കോടി രൂപയുടെ വർദ്ധനവാണ്.

## കാസറഗോഡ്, ഇടുക്കി, വയനാട്, കുട്ടനാട് വികസന പാക്കേജുകൾ

274. കാസറഗോഡ്, ഇടുക്കി ജില്ലകളുടെ സമഗ്രവികസനത്തിനായി ആരംഭിച്ച പ്രത്യേക വികസന പാക്കേജുകളിൽ, 5 കോടി രൂപ വീതം ഓരോ പാക്കേജിനും അധികമായി വകയിരുത്തി വിഹിതം 80 കോടി രൂപ വീതമാക്കി വർദ്ധിപ്പിക്കുന്നു.

275. കുട്ടനാട് മേഖലയുടെ സമഗ്ര വികസനത്തിന് പ്രത്യേക ഊന്നൽ നൽകികൊണ്ട്, രണ്ടാം കുട്ടനാട് പാക്കേജിനായി 75 കോടി രൂപ വകയിരുത്തുന്നു.

276. വയനാട് വികസന പാക്കേജിനായി 80 കോടി രൂപ വകയിരുത്തുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ

277. തീർത്ഥാടകർക്ക് സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമായി, സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവയുടെ വികസനത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് വിഹിതം 30 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

278. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നദികളിൽ ഒന്നാണ് പമ്പ. ലോകപ്രശസ്തമായ ശബരിമല ക്ഷേത്രം സ്ഥിതി ചെയ്യുന്നതും മാരാമൺ കൺവെൻഷൻ നടക്കുന്നതും പമ്പയുടെ തീരത്താണ്. പമ്പാ നദി മാലിന്യമുക്തമാക്കു

വാൻ ക്ലീൻ പമ്പാ പദ്ധതിക്കായി **30 കോടി രൂപ വകയിരുത്തുന്നു.**

**സഹകരണം**

279. സഹകരണ മേഖലയ്ക്കായി **ആകെ 142.52 കോടി രൂപ വകയിരുത്തുന്നു.**

280. വിദേശത്തുള്ള മക്കളുടെ അഭാവത്തിൽ ഒറ്റയ്ക്ക് കഴിയുന്ന മാതാപിതാക്കൾക്ക് സമഗ്ര പരിചരണം പ്രദാനം ചെയ്യുന്നതിനായി നടപ്പിലാക്കുന്ന "കോ-ഓപ്പ് കെയർ ജെറിയാട്രിക് ആൻഡ് പാലിയേറ്റീവ് സെന്ററുകൾ" എന്ന പദ്ധതിയ്ക്ക് **21.40 കോടി** രൂപ വകയിരുത്തുന്നു.

281. സഹകരണ മേഖലയുടെ നൂതനമായ കാർഷിക പദ്ധതിയായ സാങ്കേതിക വിദ്യാധിഷ്ഠിതമായ കൃഷിയ്ക്കായുള്ള സഹകരണ സംരംഭത്തിന് (CITA) 35 കോടി രൂപ വകയിരുത്തുന്നു. ഇതിന്റെ ഭാഗമായി നാളികേര വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി "പ്ലസ് വൺ" പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

282. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതികൾക്കായി **15.95 കോടി** രൂപ വകയിരുത്തുന്നു. ആയതിൽ വിവിധ നിയമങ്ങൾക്ക് കീഴിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, കേരള സഹകരണ വികസന-ക്ഷേമ ബോർഡിന്റെ "റിസ്ക് ഫണ്ട്" സ്കീമിലേക്കുള്ള സംസ്ഥാന വിഹിതമായ **7 കോടി** രൂപയും ഉൾപ്പെടുന്നു.

283. CAPE-ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, നൈപുണ്യ വിജ്ഞാന വികസന കേന്ദ്രത്തിനും, സാഗര ആശുപത്രിയുടെ നവീകരണത്തിനും, ഇൻകുബേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്കുമായി **6 കോടി** രൂപ വകയിരുത്തുന്നു.

284. എസ്.സി/എസ്.ടി ഫെഡറേഷന്റെ പുനരുദ്ധാരണം, പുതിയ പദ്ധതികളുടെ നടത്തിപ്പിനായി സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനസഹായം തുടങ്ങിയ വിവിധ വികസന പദ്ധതികൾക്കായി **6 കോടി** രൂപ വകയിരുത്തുന്നു.

285. വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള സഹായമായി **3.54 കോടി** രൂപ വകയിരുത്തുന്നു.

286. കേരള നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘത്തിന് (കാപ്കോസ്) കീഴിൽ കോട്ടയം ഏറ്റുമാനൂരിൽ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണം നടത്താനായി **10 കോടി** രൂപ വകയിരുത്തുന്നു.

**ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും**

287. ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ പരിപാലനത്തിനുമായി 623.85 കോടി രൂപ വകയിരുത്തുന്നു. ഇതിൽ വൻകിട-ഇടത്തരം ജലസേചന ത്തിനായി 233.82 കോടി രൂപയും, ചെറുകിട ജലസേചനത്തിനായി 206.96 കോടി രൂപയും, കമാന്റ്

ഏരിയ വികസനത്തിനായി 1.5 കോടി രൂപയും, വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ സംരക്ഷണ ത്തിനുമായി **181.57 കോടി** രൂപയും ഉൾപ്പെടുന്നു.

288. കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത്, 3.50 കോടി രൂപ അധികമായി ഉൾപ്പെടുത്തി, വിഹിതം 60.50 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കനിയന്ത്രണത്തിന് സമഗ്ര പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ തുടങ്ങുന്നതിന് ആദ്യ ഘട്ടമായി **50 കോടി** രൂപ വകയിരുത്തുന്നു.

289. മീനച്ചിൽ വാലി ജലസേചന പദ്ധതിയ്ക്ക് 2.50 കോടി രൂപ അധികമായി വകയിരുത്തി പദ്ധതി അടങ്കൽ **5.50 കോടി** രൂപയായി വർദ്ധിപ്പിക്കുന്നു.

290. ഇടമലയാർ ജലസേചന പദ്ധതിക്കായി RIDF വിഹിത മായ 30 കോടി രൂപ ഉൾപ്പെടെ ആകെ **32 കോടി** രൂപ വകയിരുത്തുന്നു.

291. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിക്ക് RIDF വിഹിതമായ 10 കോടി രൂപ ഉൾപ്പെടെ ആകെ **11.56 കോടി** രൂപ വകയിരുത്തുന്നു.

292. കാവേരി നദീതട പദ്ധതിക്കായി RIDF വിഹിതമായ 27 കോടി രൂപ ഉൾപ്പെടെ ആകെ **28.75 കോടി** രൂപ തുടർ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു.

293. ബാണാസുരസാഗർ പദ്ധതിക്കായി RIDF വിഹിതമായ **20 കോടി** രൂപ ഉൾപ്പെടെ **ആകെ 21.75 കോടി രൂപ** വകയിരുത്തുന്നു.

294. കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2.60 കോടി രൂപ വകയിരുത്തുന്നു.

295. പട്ടിശ്ശേരി ഡാമിന്റെയും കനാൽ സംവിധാനത്തിന്റെയും പുനർനിർമ്മാണത്തിനായി 17 കോടി രൂപ വകയിരുത്തുന്നു.

296. ചമ്രവട്ടത്ത് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ പ്രവൃത്തികൾക്കായി 2.5 കോടി രൂപ വകയിരുത്തുന്നു.

297. 'കാഡാ കനാലുകളുടെയും ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണം' എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 14.10 കോടി രൂപ വകയിരുത്തുന്നു.

298. ഡാം പുനരുദ്ധാരണവും വികസനവും പദ്ധതിയുടെ (ഡ്രിപ്പ്) രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 16 കോടി രൂപ വകയിരുത്തുന്നു.

299. കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

300. പഴശ്ശി ജലസേചന പദ്ധതിക്ക് 13 കോടി രൂപ വകയിരുത്തുന്നു.

301. ചേരമംഗലം പദ്ധതിക്ക് 2.5 കോടി രൂപ വകയിരുത്തുന്നു.

302. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തുന്നു.

303. ചിറ്റൂർ പുഴ പദ്ധതിയുടെ കനാലുകളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി 12 കോടി രൂപ വകയിരുത്തുന്നു.

304. തോട്ടപ്പള്ളി പദ്ധതിയുടെ വിവിധ പ്രവൃത്തികൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

305. കല്ലട ഇറിഗേഷൻ കനാലുകളുടെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**ചെറുകിട ജലസേചനം**

306. ഭൂഗർഭജല വികസനവും പര്യവേഷണവും പദ്ധതിക്കായി **23 കോടി** രൂപ വകയിരുത്തുന്നു.

**ഉപരിതല ജലവികസനം**

307. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി **17 കോടി** രൂപ വകയിരുത്തുന്നു.

308. ചെറുകിട ജലസേചന ക്ലാസ്സ്-1 പദ്ധതിക്കായി 71.10 കോടി രൂപയും ക്ലാസ്സ് II പദ്ധതിക്ക് കീഴിൽ തുടർന്നുവരുന്ന പ്രവൃത്തികൾക്കും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 22.5 കോടി രൂപയും വകയിരുത്തുന്നു.

309. ഹരിതകേരളം മുഖേന കുളങ്ങളും ടാങ്കുകളും നവീകരിച്ച് സംരക്ഷിക്കുന്ന പദ്ധതിക്കായി 7.5 കോടി രൂപ വകയിരുത്തുന്നു.

310. നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് മുൻ വർഷത്തേക്കാൾ 16 കോടി രൂപ വർദ്ധിപ്പിച്ച് 46.68 കോടി രൂപ വകയിരുത്തുന്നു.

**വെള്ളപ്പൊക്ക നിയന്ത്രണം**

311. കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നബാർഡ് RIDF പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തുന്നു.

312. തീരദേശ സംരക്ഷണത്തിനുള്ള ആർ.ഐ.ഡി.എഫ് പദ്ധതിക്ക് 15 കോടി രൂപ വകയിരുത്തുന്നു.

**ഊർജ്ജം**

313. സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയിലെ വിവിധ നേട്ടങ്ങൾ കണക്കിലെടുത്തുകൊണ്ട് പുനരുപയോഗ ഊർജ്ജ സംവിധാനങ്ങൾ, ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾ, വൈദ്യുത സുരക്ഷാ പരിപാടികൾ, ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനം, ഹരിത ഊർജ്ജം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ എന്നിവയാണ് 2026-27 ബജറ്റിൽ ഊന്നൽ നൽകുന്ന പ്രധാന മേഖലകൾ.

314. ഊർജ്ജ മേഖലയുടെ വിഹിതം **1309.84 കോടി രൂപയായി** ഉയർത്തിയിട്ടുണ്ട്. ഇതിൽ ഊർജ്ജമേഖലാ വികസനത്തിനായി കെ.എസ്.ഇ.ബിയ്ക്ക് വിവിധ ധന സ്രോതസ്സുകളിലൂടെ **1238.80 കോടി രൂപയും** പാരമ്പര്യേതരവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായി **71.04 കോടി രൂപയുമാണ്** വകയിരുത്തിയിട്ടുള്ളത്.

315. കെ.എസ്.ഇ.ബിയുടെ കീഴിൽ വരുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1238.80 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന വിഹിതം നൽകുന്ന പദ്ധതികളിൽ 'ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റംസ് (BESS)', 'സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ', 'പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ' എന്നീ മൂന്ന് പുതിയ പദ്ധതികൾക്കായി യഥാക്രമം 5 കോടി രൂപയും 31.22 കോടി രൂപയും 5 കോടി രൂപയും വകയിരുത്തുന്നു. ബാഹ്യ സഹായ പദ്ധതികളായ Energy Efficiency Indian Grid നും Green Energy Corridor 2 എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 150 കോടി രൂപ വകയിരുത്തുന്നു.

316. പാരമ്പര്യേതര/പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിനായുള്ള പരിപാടികൾ നടപ്പിലാക്കുന്നതിലേക്കായി അനർട്ടിനുള്ള വിഹിതം 53.18 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

317. ഇനിയും വൈദ്യുതീകരിക്കപ്പെടാൻ ബാക്കിയുള്ള വിദൂര ആദിവാസി ഉന്നതികളിലെ ജനങ്ങളുടെ ജീവിത

നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സൗരോർജ്ജ വൈദ്യുതീകരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി 7 കോടി രൂപ വകയിരുത്തുന്നു.

318. ഗ്രീൻ ഹൈഡ്രജൻ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 7.18 കോടി രൂപ വകയിരുത്തുന്നു.

319. വൈദ്യുത സുരക്ഷാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്കായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് 9.36 കോടി രൂപ വകയിരുത്തുന്നു.

320. വൈദ്യുത ഇൻസ്റ്റലേഷനുകളുടെ സുരക്ഷ ഉറപ്പാക്കാനും ലബോറട്ടറികളിലെ പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിക്ക് 7.71 കോടി രൂപ വകയിരുത്തുന്നു.

## വ്യവസായവും ധാതുക്കളും

321. വ്യവസായ മേഖലയ്ക്കുള്ള ആകെ വിഹിതം 1417.26 കോടി രൂപയാണ്. ഇത് മുൻ വർഷത്തെ വിഹിതത്തെക്കാൾ 122.54 കോടി രൂപ അധികമാണ്. ധാതുക്കൾക്കായി 8.20 കോടി രൂപയും വിവര സാങ്കേതിക വിദ്യയ്ക്കായി 548.05 കോടി രൂപയും ഉൾപ്പെടെ ആകെ വ്യവസായവും ധാതുക്കളും എന്ന മേഖലയ്ക്ക് **ആകെ 1,973.51 കോടി രൂപ** വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ **154.15 കോടി രൂപ** അധികമാണ്.

## എം.എസ്.എം.ഇ

322. സംസ്ഥാനത്തിന്റെ വ്യാവസായിക രംഗത്ത് എം.എസ്.എം.ഇ കൾക്ക് ഒരു സുപ്രധാന പങ്കുണ്ട്. 2022-23 ൽ 'സംരംഭ വർഷ'ത്തിന് തുടക്കം കുറിച്ചതിനുശേഷം, എം.എസ്.എം.ഇ കളുടെ വളർച്ച ശ്രദ്ധേയമായിരുന്നു.

323. എം.എസ്.എം.ഇ, വാണിജ്യം എന്നീ മേഖലയ്ക്കുള്ള വിഹിതം 310.84 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

324. സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് കൂടുതൽ ഉണർവേകുന്നതിനായി നടപ്പിലാക്കിയ സംരഭകവർഷം ക്യാമ്പയിന്റെ ഭാഗമായി, സംസ്ഥാനത്ത് ഇതിനോടകം 3.82 ലക്ഷത്തിലധികം സംരംഭങ്ങൾ ആരഭിച്ചിട്ടുണ്ട്. ഇതിലൂടെ 25,227.53 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുവാനും, 8.16 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിച്ചു. നിലവിൽ ആരംഭിച്ച സംരംഭങ്ങളുടെ വളർച്ചയും നിലനിൽപ്പും സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായി സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്ന 'മിഷൻ 1000' പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ 444 സംരംഭകരെ തിരഞ്ഞെടുക്കുകയും 105 DPR-കൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായമേഖലയുടെ

ഉന്നമനത്തിനു കൂടുതൽ പ്രാധാന്യം നൽകുന്ന ഈ പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി 35 കോടി രൂപ വകയിരുത്തുന്നു.

325. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂല്യവർദ്ധനവ് മെച്ചപ്പെടുത്തുന്നതിനുമായി പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് ഗ്രാമീണ അപ്പാരൽ പാർക്കുകളും, ഗ്രാമീണ മേഖലാധിഷ്ഠിത ഇലക്ട്രോണിക് അസംബ്ലിംഗ് പാർക്കുകളും (യൂണിറ്റുകളും) സ്ഥാപിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. നടപ്പു സാമ്പത്തിക വർഷം ഈ പാർക്കുകൾക്കായി ഓരോന്നിനും 10 കോടി രൂപ വീതം നീക്കിവയ്ക്കുന്നു.

326. ഒരു ലക്ഷം നാനോ, സൂക്ഷ്മ സംരംഭങ്ങൾക്ക് സാമ്പത്തിക - സാങ്കേതിക പിന്തുണ നൽകി നവീകരിക്കുന്നതിനും അതിലൂടെ കുറഞ്ഞത് ഒരു കോടി രൂപയുടെ വാർഷിക വിറ്റുവരവ് കൈവരിക്കുന്നതിലേക്ക് അവയെ ഉയർത്തുന്നതിനും ലക്ഷ്യമിടുന്ന "മിഷൻ 1,00,000" (Mission One Lakh) എന്ന പുതിയ പദ്ധതിക്കായി 4 കോടി രൂപ വകയിരുത്തുന്നു.

327. കൂടുതൽ മെച്ചപ്പെട്ട എം.എസ്.എം.ഇ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് പ്രചോദനം നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് 'സംരംഭക സഹായ പദ്ധതി (ESS)'. കഴിഞ്ഞ നാല് വർഷത്തിൽ 3,431 സംരംഭകർക്ക് മൂലധന സഹായമായി 203.56 കോടി രൂപ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഈ

പദ്ധതിക്കുള്ള വർദ്ധിച്ച ആവശ്യകത കണക്കിലെടുത്ത് **110 കോടി രൂപ** വകയിരുത്തുന്നു.

328. സംസ്ഥാനത്തെ വ്യാവസായിക ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിലേക്കായി സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, കാമ്പസ് വ്യവസായ പാർക്കുകൾ, സഹകരണ വ്യവസായ പാർക്കുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ നിലവിൽ നടപ്പിലാക്കി വരികയാണ്. നിലവിൽ 38 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ അംഗീകാരം നൽകുകയും അതിൽ 8 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട് 2026-27 വർഷത്തേക്ക്, പ്രവാസി വ്യവസായ പാർക്ക്, വനിതാ വ്യവസായ പാർക്ക്, പരമ്പരാഗത വ്യവസായ പാർക്ക് തുടങ്ങിയ പുതിയ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി വിഹിതം 20 കോടി രൂപയായി ഉയർത്തുന്നു.

329. തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പാർപ്പിട സൗകര്യങ്ങളുടെ നിർമ്മാണവും തൊഴിലാളികളുടെ നിലവിലുള്ള വീടുകളുടെ നവീകരണവും പദ്ധതിക്ക് ബജറ്റ് വിഹിതമായി 5 കോടി രൂപയും അധിക വിഹിതമായി 10 കോടി രൂപയും വകയിരുത്തുന്നു.

330. പിപിപി രീതിയിലൂടെ "കേരള യൂണിവേഴ്സിറ്റി ഫോർ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ്" എന്ന

പുതിയ സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള ബിരുദധാരികളെ വാർത്തെടുക്കാൻ ഇത് സഹായിക്കും. പദ്ധതിയുടെ സാധ്യതാ പഠനം, ഡിപിആർ തയ്യാറാക്കൽ തുടങ്ങിയ പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

331. ചെറുകിട വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്കായി 39.45 കോടി രൂപ വകയിരുത്തുന്നു.

**നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ്**

332. വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കി സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹന പ്രവർത്തനങ്ങൾക്കായി 17.06 കോടി രൂപ വകയിരുത്തുന്നു.

333. കേന്ദ്ര എം.എസ്.എം.ഇ മേഖല പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതമായി 6.17 കോടി രൂപ വകയിരുത്തുന്നു.

334. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജിനായി 63 കോടി രൂപ വകയിരുത്തുന്നു.

## ഇടത്തരവും വലുതുമായ വ്യവസായങ്ങൾ

335. വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി വ്യവസായ പാർക്ക് അധിഷ്ഠിത വികസന രീതിയാണ് സംസ്ഥാനം സ്വീകരിച്ചു വരുന്നത്. ഭൂമി ഏറ്റെടുത്ത് പുതിയ പാർക്കുകൾ സൃഷ്ടിക്കുന്നതിനും നിലവിലെ പാർക്കിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇടത്തരം വൻകിട വ്യവസായ മേഖലയിൽ പ്രധാനമായും, ലൈഫ് സയൻസ് പാർക്ക് (രണ്ടാം ഘട്ടം), മെഡിക്കൽ ഡിവൈസസ് പാർക്ക്, പെട്രോ കെമിക്കൽ പാർക്ക് എന്നിവയുടെ പൂർത്തീകരണത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്. സംയോജിത റൈസ് ടെക്നോളജി പാർക്കുകളുടെ പൂർത്തീകരണത്തിനും ഊന്നൽ നൽകുന്നു. പൂർത്തീകരണത്തോട് അടുത്തുകൊണ്ടിരിക്കുന്ന ഈ പ്രൊജക്റ്റുകൾക്ക് അധികമായി തുക വകയിരുത്തിയിട്ടുണ്ട് .

336. കൊച്ചി – ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായുള്ള കൊച്ചി - പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയുടെ വികസനത്തിനായി ആകെ 1710 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതിൽ ഇതുവരെ 1350 ഏക്കർ ഭൂമി ഏറ്റെടുത്തു.

337. ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് 853.74 കോടി രൂപ വകയിരുത്തുന്നു. മുൻ വർഷം ഇത് 795.09 കോടി രൂപയായിരുന്നു. ഇതിൽ കെ.എസ്.ഐ.ഡി.സിക്കുള്ള 146.18 കോടി രൂപയും ബോർഡ് ഓഫ് പബ്ലിക്ക് സെക്ടർ

ട്രാൻസ്ഫോർമേഷനുള്ള 331.10 കോടി രൂപയും കിൻഫ്രയ്ക്കുള്ള 363.81 കോടി രൂപയും ഉൾപ്പെടുന്നു.

338. വിഴിഞ്ഞം അന്താരാഷ്ട്ര വിവിധോദ്ദേശ ആഴക്കടൽ തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി വരുന്ന വ്യാവസായിക, ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്കായി 17 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, ഇതേ ആവശ്യങ്ങൾക്കായി കുറ്റിച്ചലിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 4 കോടി രൂപ വകയിരുത്തുന്നു. **ഈ പദ്ധതിക്ക് കിൻഫ്രക്ക് ഗ്യാരന്റി നല്കി വായ്പയെടുത്ത് 1000 കോടി രൂപ നിക്ഷേപിക്കുവാൻ പദ്ധതി തയ്യാറാക്കും. 100 കോടി രൂപ ഇതിനായി വകയിരുത്തുന്നു.**

339. പുതിയ രണ്ടു മിനി ഭക്ഷ്യ പാർക്കുകൾ - കിൻഫ്ര മുഖേന ഇടുക്കിയിലെ ചെറുതോണിയിൽ മിനി ഭക്ഷ്യ പാർക്ക് സ്ഥാപിക്കുന്നതിന് 4 കോടി രൂപയും എറണാകുളത്ത് കുന്നുകരയിൽ മിനി ഭക്ഷ്യ പാർക്ക് സ്ഥാപിക്കുന്നതിന് 8 കോടി രൂപയും വകയിരുത്തുന്നു.

340. കൊട്ടാരക്കരയിൽ പുതിയ Integrated IT cum Industrial Park സ്ഥാപിക്കുന്നതിന് 10 കോടി രൂപയും കൊല്ലത്തെ വ്യവസായ പാർക്കിന്റെ വിപുലീകരണത്തിന് 10 കോടി രൂപയും വകയിരുത്തുന്നു. കിൻഫ്ര മുഖേന ഇവ നടപ്പിലാക്കുന്നതാണ്.

341. കണ്ണൂരിൽ പുതിയ മൾട്ടി സെക്ടറൽ ലോജിസ്റ്റിക്സ് സൗകര്യം സ്ഥാപിക്കുന്നതിന് 2.50 കോടി രൂപ വകയിരുത്തുന്നു.

342. കണ്ണൂർ, കാസർകോഡ്, എറണാകുളം എന്നീ ജില്ലകളിലെ പുതിയ മൂന്ന് വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 9.50 കോടി രൂപ [കണ്ണൂർ -5 കോടി രൂപ, കാസർകോഡ് -2.50 കോടി രൂപ, എറണാകുളം -2 കോടി രൂപ] വകയിരുത്തുന്നു .

343. One District One Product പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് നിർമ്മിക്കുന്ന യൂണിറ്റി മാളിന്റെ പൂർത്തീകരണത്തിനായി 6 കോടി രൂപ വകയിരുത്തുന്നു.

344. പുരോഗമിച്ചു കൊണ്ടിരിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 35 കോടി രൂപയും മെഡിക്കൽ ഡിവൈസസ് പാർക്കിന് 30 കോടി രൂപയും വകയിരുത്തുന്നു.

345. കിൻഫ്ര മുഖേന കൊച്ചിയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ കമ്മിഷനിംഗ് 2026-27 ൽ വിഭാവനം ചെയ്യുന്നു. പ്രസ്തുത പാർക്കിന്റെ പൂർത്തീകരണത്തോടെ 10,000 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാനും ഏകദേശം 10,000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. പെട്രോകെമിക്കൽ പാർക്കിനായി 17 കോടി രൂപ വകയിരുത്തുന്നു.

346. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ പല പൊതുമേഖലാ സ്ഥാപനങ്ങളെയും പ്രവർത്തന

ലാഭം നേടാൻ പ്രാപ്തമാക്കി. 2021-22 ൽ, 12 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന ലാഭം ഉണ്ടാക്കിയപ്പോൾ, ഇത് 2024-25 ൽ 22 ആയി വർദ്ധിച്ചു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്നിവയാണ് അവയിൽ ചിലത്.

347. പൊതു മേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും പദ്ധതിക്കായി ഒഴിവാക്കാനാവാത്തതും ഏറ്റവും കുറഞ്ഞ നിരക്കിലുള്ളതുമായ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഉൾപ്പെടെയുള്ള സമഗ്ര സാമ്പത്തിക പുനർ രൂപീകരണ പദ്ധതിക്കായി **294.60 കോടി** രൂപ വകയിരുത്തുന്നു. ഇതിൽ:

**കെമിക്കൽ മേഖല**

348. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനായി 4.88 കോടി രൂപയും മലബാർ സിമന്റ്സ് ലിമിറ്റഡിനായി 6 കോടി രൂപയും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിനായി 19.69 കോടി രൂപയും കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിനായി 5 കോടി രൂപയും ഓങ്കോളജി ഫാർമാപാർക്ക് സ്ഥാപിക്കുന്നതിനായി 10 കോടി രൂപയും വകയിരുത്തുന്നു.

## ഇലക്ട്രോണിക്സ് മേഖല

349. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് കോർപ്പറേഷനായി 20.15 കോടി രൂപയും കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിനായി 6 കോടി രൂപയും വകയിരുത്തുന്നു.

## വികസന മേഖല

350. ഇന്ത്യയിലെ ഏറ്റവും വലിയ പത്രകടലാസ് നിർമ്മാണ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് മൂന്നര കൊല്ലത്തിലേറെ നീണ്ട അടച്ചുപൂട്ടലിലായിരുന്നു. എന്നാൽ ഇന്ന്, കേന്ദ്ര സർക്കാർ വിറ്റഴിച്ച ഈ സ്ഥാപനം കേരള സർക്കാരിന്റെ സഹായത്തോടെ പുനരുദ്ധാരണ പ്രവർത്തനത്തിലൂടെ മുന്നേറി രാജ്യത്തെ മുൻനിരയിലേക്ക് നീങ്ങുന്നു. ഇത് ഇന്ത്യയുടെ പൊതുമേഖലാ വ്യവസായ ചരിത്രത്തിൽ തന്നെ സമാനതകളില്ലാത്ത കാഴ്ചയാണ്. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനായി 15 കോടി രൂപ വകയിരുത്തുന്നു.

351. സർ, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉൽപ്പാദന ശേഷി വർധിപ്പിക്കാനും ആധുനിക വൽക്കരണത്തിനുമായി 741 കോടി രൂപയുടെ ബൃഹദ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ സർക്കാർ വിഹിതമായി **175 കോടി രൂപ** അധികമായി അനുവദിക്കുന്നു.

352. കെൽട്രോണിന്റെ പരിധിയിൽ ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്

പാക്കേജ് ടെസ്റ്റിംഗ് സൗകര്യം ഒരുക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

**പരമ്പരാഗത വ്യവസായങ്ങൾ**

353. പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ഫലപ്രദമായ വിപണന വിതരണ തന്ത്രം എന്നിവയിൽ അധിഷ്ഠിതമായ വികസന പ്രവർത്തനങ്ങളായിരുന്നു കഴിഞ്ഞ നാല് വർഷങ്ങളിലായി നടപ്പിലാക്കിയത്. ഇതിലൂടെ, ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മാന്യമായ വേതനവും തൊഴിലും ഉറപ്പാക്കാൻ സർക്കാരിന് കഴിയുന്നു. പരമ്പരാഗത വ്യവസായ ങ്ങൾക്കുള്ള വിഹിതം **242.34 കോടി രൂപയായി** വർദ്ധിപ്പിക്കുന്നു.

**കരകൗശല മേഖല**

354. കേരളത്തിൽ ലഭ്യമായ 32 വ്യത്യസ്ത ഇനം കരകൗശലവസ്തുക്കളിൽ പ്രധാന വാണിജ്യ വസ്തുക്കൾ നിർമ്മിക്കുന്ന കരകൗശല മേഖലയ്ക്കായി 4.34 കോടി രൂപ വകയിരുത്തുന്നു.

355. മുള വ്യവസായ വികസന പ്രവർത്തനങ്ങൾക്കായി 1.50 കോടി രൂപ വകയിരുത്തുന്നു.

**കൈത്തറി മേഖല**

356. 2026-27 ലെ ബജറ്റിൽ, കൈത്തറി, പവർലൂം മേഖലയ്ക്ക് കീഴിൽ മാർക്കറ്റിംഗ്, കയറ്റുമതി പ്രോത്സാഹനം,

ആധുനികവൽക്കരണം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ, പ്രീമിയം ഉൽപ്പന്നങ്ങളുടെ വികസനം, ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ വിതരണം ഉറപ്പാക്കൽ, നെയ്ത്തുകാരുടെ ക്ഷേമം, നെയ്ത്തുകാരെ പ്രചോദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ എന്നിവയ്ക്കായി 59 കോടി രൂപ വകയിരുത്തുന്നു.

357. തുണി മിൽ യൂണിറ്റുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി 'ടെക്സ്റ്റൈൽ ഇൻഡസ്ട്രി മോഡേണൈസേഷൻ' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുന്നു. ഈ പുതിയ പദ്ധതിക്ക് പ്രാരംഭമായി ഒരു കോടി രൂപ വകയിരുത്തുന്നു.

358. കേരളത്തിലെ കൈത്തറി മേഖലയുടെ പ്രവർത്തന ങ്ങളിൽ ഹാന്റക്സ് സുപ്രധാന പങ്കാണ് വഹിക്കുന്നത്. "ഹാന്റക്സ് പുനരുജ്ജീവന പാക്കേജിനായി" 20 കോടി രൂപ വകയിരുത്തുന്നു.

359. കൈത്തറി സഹകരണ സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ് എന്നിവയെ വായ്പാ സൗകര്യങ്ങൾക്ക് കൂടുതൽ യോഗ്യരാക്കുന്നതിന് വേണ്ടി ഓഹരി പങ്കാളിത്തത്തിനായി 5.30 കോടി രൂപ വകയിരുത്തുന്നു

**നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി**

360. കൈത്തറി സംഘങ്ങളുടെ പ്രീ-ലൂം പ്രവർത്തനങ്ങൾ, സ്പിന്നിംഗ്, നെയ്ത്ത്, ഡൈയിംഗ് ആന്റ് പ്രിന്റിംഗ്

അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ വകയിരുത്തുന്നു.

361. ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ വകയിരുത്തുന്നു.

**കശുവണ്ടി മേഖല**

362. ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും, വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പുതിയ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വികസനത്തിനും, കൃഷി വിപുലീകരിക്കുന്നതിനും, സംസ്കരണ യൂണിറ്റുകൾക്ക് കുറഞ്ഞ ചെലവിൽ അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി കശുവണ്ടി മേഖലയ്ക്ക് **56 കോടി രൂപ** വകയിരുത്തുന്നു.

363. സംസ്ഥാനത്തെ പൊതുമേഖലയിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകളിലേക്ക് അസംസ്കൃത വസ്തുക്കളുടെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുന്നതിന് റിവോൾവിംഗ് ഫണ്ടായി കേരള കശുവണ്ടി ബോർഡിന് (കെ.സി.ബി) 41 കോടി രൂപ വകയിരുത്തുന്നു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 4.50 കോടി രൂപയും കാപെക്സിന് 3.50 കോടി രൂപയും കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷന് 7 കോടി രൂപയും വകയിരുത്തുന്നു.

364. കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവന പദ്ധതികൾക്കായി **30 കോടി രൂപ അധികമായി** വകയിരുത്തുന്നു.

365. കയർ മേഖലയുടെ വിഹിതം 107.64 കോടി രൂപയിൽ നിന്നും 110.64 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

366. കയർ വ്യവസായത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും മേഖലയെ നവീകരിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾക്കായി 20 കോടി രൂപ വകയിരുത്തുന്നു.

367. 'ചകിരിച്ചോറിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള സംസ്കരണവും വിപണനവും' എന്ന പുതിയ പദ്ധതിക്കായി 3 കോടി രൂപ വകയിരുത്തുന്നു.

368. കയർ, കയർ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി 'ഉൽപ്പാദനവും വിപണന പ്രചോദനവും' (പിഎംഐ) എന്ന പദ്ധതിക്ക് 11 കോടി രൂപയും ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 7 കോടി രൂപയും കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായമായി 10 കോടി രൂപയും വകയിരുത്തുന്നു.

369. കയർ ഉല്പന്നങ്ങൾക്ക് വില വ്യതിയാന സ്ഥിരതാ ഫണ്ടിനായി 36 കോടി രൂപ വകയിരുത്തുന്നു.

370. കയർ ഉല്പാദന സംഘങ്ങളുടെ പുന:ക്രമീകരണവും മാനേജീരിയൽ സബ്സിഡികളും പദ്ധതിക്കായി 13.50 കോടി രൂപ വകയിരുത്തുന്നു.

371. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലായി സർക്കാർ സഹായത്തിലൂടെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുകയും, ഉൽപ്പന്നങ്ങളുടെ വിൽപ്പന മെച്ചപ്പെടുകയും ചെയ്തു. കൂടാതെ പ്രതിവർഷം 12,500-ലധികം ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്ക് പ്രോത്സാഹന ധനസഹായം നൽകുകയും ചെയ്തു.

372. ഖാദി ഗ്രാമ വ്യവസായങ്ങൾക്കുള്ള വിഹിതം 16.70 കോടി രൂപയാണ്.

**മൈനിംഗ് &ജിയോളജി**

373. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് 8.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**വിവരസാങ്കേതികവിദ്യ**

374. ഐടി നവീകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിലാണ് സംസ്ഥാനത്തിന്റെ നയങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, കൂടാതെ എല്ലാ വിഭാഗങ്ങൾക്കും ഈ പുരോഗതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നു. 2026-27 ലെ ബജറ്റിൽ ഐടി മേഖലയ്ക്ക് തുടർന്നും മുൻഗണന നൽകുന്നു. ഈ മേഖലയ്ക്കുള്ള പദ്ധതി വിഹിതം മുൻ വർഷത്തെ 517.27 കോടി രൂപയിൽ നിന്ന് 548.05 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

375. കേരളത്തിലെ മൂന്ന് ഐടി പാർക്കുകൾ (ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്) സമീപ വർഷ

ങ്ങളിൽ ഗണ്യമായ വളർച്ച കൈവരിച്ചു. ഈ ഐടി പാർക്കുകളിലെ കമ്പനികളുടെ എണ്ണം 2016-17 ലെ 676 ൽ നിന്ന് 2024-25 ൽ 1162 ആയി വർദ്ധിച്ചു. തൊഴിലവസരങ്ങൾ 2016-17 ൽ 85,974 ആയിരുന്നത്, 2024-25 ആയപ്പോൾ 1,55,800 ആയി വർദ്ധിച്ചു. ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപയും ഇൻഫോപാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 21.60 കോടി രൂപയും സൈബർ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 12.10 കോടി രൂപയും വകയിരുത്തുന്നു.

376. കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം സമീപ വർഷങ്ങളിൽ ഗണ്യമായ വളർച്ച കൈവരിച്ചു. 2017-18 ൽ 800 ആയിരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം 2024-25 ൽ 6477 ആയി വർദ്ധിച്ചു. ഈ കാലയളവിൽ, തൊഴിൽ 28,000 ൽ നിന്ന് 64,870 ആയി വർദ്ധിച്ചു; അതേസമയം നിക്ഷേപം 280 കോടി രൂപയിൽ നിന്ന് 6,983 കോടി രൂപയായി വർദ്ധിച്ചു.

377. സംസ്ഥാനത്തുടനീളം ഏകദേശം 2023 പബ്ലിക് വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചു. മൊത്തം ഉപയോക്താക്കളുടെ എണ്ണം 2018-19 ലെ 38 ലക്ഷത്തിൽ നിന്ന് 2024-25 ൽ 60 ലക്ഷത്തിലധികമായി വർദ്ധിച്ചു. ഈ കാലയളവിൽ ഉപയോഗം 553 TB ൽ നിന്ന് ഏകദേശം 2,354 TB ആയി വർദ്ധിച്ചു.

378. കേരളത്തിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റിയിൽ വിപ്ലവം സൃഷ്ടിക്കുകയാണ് കെ-ഫോൺ. 2025 ഓഗസ്റ്റ് 31 ലെ

കണക്കനുസരിച്ച്, കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിന് (കെ-ഫോൺ) 1,13,525 സജീവ കണക്ഷനുകളുണ്ട്, അതിൽ 14,194 ബിപിഎൽ കണക്ഷനുകൾ, 73,134 വാണിജ്യ കണക്ഷനുകൾ (പെയ്ഡ് ഹോം), 3,034 എസ്എംഇ കണക്ഷനുകൾ, 23,163 സർക്കാർ ഓഫീസ് കണക്ഷനുകൾ എന്നിവ ഉൾപ്പെടുന്നു.

379. പബ്ലിക് വൈഫൈ പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തുന്നു.

380. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതി പ്രവർത്തനങ്ങൾക്കായി കെ-ഫോൺ ന് **112.44 കോടി** രൂപ വകയിരുത്തുന്നു. 'Tribal Connectivity' ഉറപ്പാക്കുന്നതിനുള്ള പുതിയ പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

381. കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ പ്രവർത്തനങ്ങൾക്കായി **143.28 കോടി രൂപ** വകയിരുത്തുന്നു.

382. സംസ്ഥാന ഡാറ്റാ സെന്ററുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായി 47 കോടി രൂപ വകയിരുത്തുന്നു.

383. കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 14.5 കോടി രൂപ വകയിരുത്തുന്നു.

384. ഡിജിറ്റൽ സേവന രംഗത്ത് പുതിയ നയങ്ങളുടെയും, സ്ട്രാറ്റജികളുടേയും, മിഷനുകളുടെയും നടപ്പാക്കുന്നതിന്റെ

ഭാഗമായുള്ള പദ്ധതിയുടെ വിവിധ പ്രവർത്തന ങ്ങൾക്കായി 22 കോടി രൂപ വകയിരുത്തുന്നു.

**അക്ഷയ പദ്ധതി**

385. സംസ്ഥാനത്തെ 2991 അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 3.95 കോടി രൂപ വകയിരുത്തുന്നു.

**ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫിൻ (IICG)**

386. ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫിൻ - ന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ 86.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതമായി 6.50 കോടി രൂപ വകയിരുത്തുന്നു.

387. ഇന്റർനാഷണൽ അക്കാഡമിക് കോ ഓപ്പറേഷൻ വിത്ത് യൂണിവേഴിസിറ്റി ഓഫ് ഓക്സ്ഫോർഡ് സ്കോളർഷിപ്പിനുള്ള ഫണ്ടിനായി 2 കോടി രൂപ വകയിരുത്തുന്നു.

388. കേരള ഡിജിറ്റൽ സർവകലാശാലയുടെ പ്രവർത്തനങ്ങൾ ക്കായി 27.81 കോടി രൂപ വകയിരുത്തുന്നു.

**ഗ്രാഫീൻ അറോറ**

389. ഡിജിറ്റൽ സർവ്വകലാശാലയും സെക്ഷൻ 8 കമ്പനിയായ ഇൻഡ്യൻ ഗ്രാഫീൻ എഞ്ചിനീയറിംഗ് ആന്റ് ഇന്നവേഷൻ സെന്ററും (IGEIC) സംയുക്തമായി 94.85 കോടി രൂപ മുതൽ മുടക്കി നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഗ്രാഫീൻ അറോറ. പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതമായി 3.8 കോടി രൂപ വകയിരുത്തുന്നു.

390. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിന്റെ (IIITMK) വിവിധ പ്രവർത്തന ത്തിനായി 16.95 കോടി രൂപ വകയിരുത്തുന്നു.

391. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS) ന്റെ പ്രവർത്തന ങ്ങൾക്കായി 8.45 കോടി രൂപ വകയിരുത്തുന്നു.

392. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITL) ന്റെ പ്രവർത്തന ങ്ങൾക്കായി 15.27 കോടി രൂപ വകയിരുത്തുന്നു.

**ടെക്നോളജി ഇന്നൊവേഷൻ സോൺ – കൊച്ചി**

393. കൊച്ചി ടെക്നോളജി ഇന്നവേഷൻ സോണിന്റെ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ നീക്കി വയ്ക്കുന്നു.

394. യുവജന സംരംഭകത്വ വികസന പരിപാടിയുടെ കോർപ്പറേറ്റ് ആക്സിലറേഷൻ ആന്റ് സ്കെയിലപ്പ് സപ്പോർട്ട് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 70.52 കോടി രൂപ വകയിരുത്തുന്നു.

395. C-DIT ന്റെ പ്രവർത്തനങ്ങൾക്കായി 8.13 കോടി രൂപ വകയിരുത്തുന്നു.

396. കേരള സംസ്ഥാനം അടുത്തിടെ പുതിയ AVGC-XR നയം പുറത്തിറക്കിയിട്ടുണ്ട്. പുതിയ ഐടി നയവും ഉടൻ

പുറത്തിറക്കും. ഐടി മേഖലയിലെ സമീപകാല സംഭവവികാസങ്ങളുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി കേരള AI മിഷൻ, സെമിക്കോൺ കേരള, എമർജിംഗ് ടെക്നോളജീസ് മിഷൻ, ഫ്യൂച്ചർ കോർപ്പറേഷൻ, എന്നീ നാല് പുതിയ Mission Mode പരിപാടികൾ ആരംഭിക്കും. ഐടി സാങ്കേതികവിദ്യകളുടെ സുരക്ഷിതവും ധാർമ്മികവുമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി, 'സേഫ് ടെക്' എന്ന പേരിൽ ഒരു പുതിയ പദ്ധതിയും ആരംഭിക്കും. പുതിയ ഐടി നയത്തിന്റെ ചട്ടക്കൂടിനുള്ളിലായിരിക്കും ഈ പ്രവർത്തനങ്ങൾ നടപ്പാക്കുക. ഇവയ്ക്കായി 22 കോടി രൂപ വകയിരുത്തുന്നു.

397. ഇന്ത്യയിലെ സ്റ്റാർട്ടപ്പ് മേഖലയിൽ കേരളം മുൻനിരയിൽ നിൽക്കുന്നു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെ.എസ്.യു.എം) പ്രവർത്തനങ്ങൾക്കായി 99.52 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 3 പുതിയ പദ്ധതികളും ഉൾപ്പെടുന്നു.

398. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് വെഞ്ച്വർ ക്യാപിറ്റൽ (വിസി) കൂടുതൽ പ്രാപ്യമാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ഒരു മുൻനിര പദ്ധതിയായ **"ഫണ്ട് ഓഫ് ഫണ്ട്"** -ന് ബജറ്റ് വിഹിതമായി 3 കോടി രൂപയും അധിക വിഹിതമായി **10 കോടി രൂപയും** വകയിരുത്തുന്നു.

399. സംരംഭകത്വം, മെന്റർഷിപ്പ്, കൺസൾട്ടിംഗ് എന്നീ റോളുകളിലൂടെ കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖലയിൽ

മുതിർന്ന പൗരന്മാരെ സജീവ സംരംഭകരാക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച നൂതന പദ്ധതിയായ **"ന്യൂ ഇന്നിംഗ്സ്"** എന്ന പദ്ധതിയ്ക്ക് 4 കോടി രൂപ വകയിരുത്തുന്നു .

400. കൊച്ചിയിൽ ഒരു "Culture and Creativity Incubator" സ്ഥാപിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു. മ്യൂസിയങ്ങൾ, ഉത്സവങ്ങൾ, ദൃശ്യകലകൾ, കരകൗശല വസ്തുക്കൾ, ഡിസൈൻ, AR/VR/XR, ക്രിയേറ്റീവ് സാങ്കേതികവിദ്യകൾ എന്നിവയുൾപ്പെടെ Culture - Creativity മേഖലകളിലെ സ്റ്റാർട്ടപ്പുകളെയും സംരംഭക രെയും ഈ ഇൻകുബേറ്റർ പിന്തുണയ്ക്കും.

401. ബഹിരാകാശ ശാസ്ത്രം, എയ്റോസ്പേസ്, പ്രതിരോധം തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്ന കെ-സ്പേസിന് 57.50 കോടി രൂപ വകയിരുത്തുന്നു.

402. **കൊട്ടാരക്കരയിൽ ഒരു ഡ്രോൺ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് പാർക്ക്** സ്ഥാപിക്കും. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസുമായി (കെ.എ.എസ്.ഇ) സഹകരിച്ച് കെ-സ്പേസ് ആണ് ഇത് നടപ്പിലാക്കുന്നത്. ഡ്രോൺ സാങ്കേതികവിദ്യകളിലെ ഗവേഷണം, വികസനം, ഉൽപ്പാദനം എന്നിവയ്ക്കുള്ള ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

403. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഐ.ടി.ഐ കളിലെയും വിദ്യാർത്ഥികൾക്ക്

സാങ്കേതികവിദ്യാധിഷ്ഠിത സൗകര്യങ്ങൾ നൽകുന്ന ഒരു സംരംഭമാണ് "സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള" (എസ്.ഡി.പി.കെ). ഇത് പ്രവർത്തനസജ്ജമാക്കുന്നതിന് വേണ്ടിയുള്ള നിർമ്മാണ പ്രവത്തനങ്ങൾ പൂർത്തികരിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

## ഗതാഗതവും വാർത്താവിനിമയവും

404. തുറമുഖങ്ങൾ, ലൈറ്റ് ഹൗസസ് ആൻഡ് ഷിപ്പിംഗ് എന്നിവയുടെ വികസനത്തിന് 98.08 കോടി രൂപയും റോഡുകൾ പാലങ്ങൾ എന്നിവക്ക് 1182.43 കോടി രൂപയും റോഡ് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് 228.10 കോടി രൂപയും ഉൾനാടൻ ജല ഗതാഗതം മെച്ചപ്പെടുത്തുന്നതിന് 138.14 കോടി രൂപയും മറ്റ് ഗതാഗത സേവനങ്ങൾക്ക് 224.78 കോടി രൂപ ഉൾപ്പെടെ ഗതാഗത മേഖലയ്ക്ക് ആകെ **1871.53 കോടി രൂപ** വകയിരുത്തുന്നു.

405. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നീണ്ടകര, കൊടുങ്ങല്ലൂർ ക്യാമ്പസുകളിലെ വിവിധ നിർമ്മാണങ്ങൾക്കായി 5.50 കോടി രൂപ വകയിരുത്തുന്നു.

406. അഴിക്കലിൽ ഒരു ഗ്രീൻ ഫീൽഡ് പോർട്ട് (ഔട്ടർ ഹാർബർ) - മലബാർ അന്താരാഷ്ട്ര തുറമുഖം - വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 6.96 കോടി രൂപ നീക്കിവയ്ക്കുന്നു.

407. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുറന്നിട്ടിരിക്കുന്ന മികച്ച അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും അവ ഫലപ്രദമായി ഉപയോഗിക്കുന്നതിനും കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ നോൺ-മേജർ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് 65 കോടി രൂപ വകയിരുത്തുന്നു.

**പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും)**

408. സംസ്ഥാന പാതകളുടെ നവീകരണത്തിന്റെ ഭാഗമായി 898 കിലോമീറ്റർ റോഡുകൾ നാലുവരിപ്പാതയായും, 3,193 കിലോമീറ്റർ റോഡുകൾ ഇരുവരിപ്പാതയായും നവീകരിച്ചു. പ്രധാന ജില്ലാ റോഡുകളുടെ കാര്യമെടുത്താൽ 52 കിലോമീറ്റർ നാലുവരിപ്പാതയായും, 10,593 കിലോമീറ്റർ ഇരുവരിപ്പാതയായും വികസിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

409. പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും എന്ന മേഖലയ്ക്ക് 1182.43 കോടി രൂപ വകയിരുത്തുന്നു. ഇതിൽ റോഡുകളും പാലങ്ങളും വിഭാഗത്തിനുള്ള വിഹിതം 1091.15 കോടി രൂപയും ദേശീയപാത വിഭാഗത്തിനുള്ള വിഹിതം 91.28 കോടി രൂപയുമാണ്.

410. പ്രധാന ജില്ലാ റോഡുകളെ (MDR) മികവുറ്റ നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി, റോഡുകളെ ഡിസൈൻ ചെയ്യുന്നതിനും/ഓവർലേ ചെയ്യുന്നതിനും **300.50 കോടി** രൂപ വകയിരുത്തിയിട്ടുണ്ട്.

411. റോഡ് അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ റോഡ് സുരക്ഷാ സംവിധാനങ്ങൾ ഫലവത്തായ രീതിയിൽ നടപ്പിലാക്കേണ്ടതിനുള്ള വിവിധ പ്രവർത്തി കൾക്കുള്ള വിഹിതം 15 കോടി രൂപയിൽ നിന്നും 23.37 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

412. കേരളത്തിലെ റെയിൽ സുരക്ഷ ലക്ഷ്യമാക്കി റെയിൽവേ മേൽപ്പാലങ്ങളുടെ/അടിപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുൻ വർഷം 16 കോടി രൂപ വകയിരുത്തിയിരുന്നതിൽ നിന്നും 25 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ധർമ്മടം റെയിൽവേ സ്റ്റേഷൻ അണ്ടർപാസിന്റെ നിർമ്മാണ ത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.

413. കാലപ്പഴക്കം ചെന്ന പാലങ്ങളുടെ സംരക്ഷണത്തിനും പുനർനിർമ്മാണത്തിനുമായുള്ള വിഹിതം 46.46 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

414. പട്ടികവർഗ്ഗ ഉന്നതികളിലേയ്ക്കുള്ള പാലങ്ങളുടെ സംരക്ഷണത്തിനും പുനർനിർമ്മാണത്തിനുമായി 25 കോടി രൂപ വകയിരുത്തുന്നു.

415. സംസ്ഥാന പാതകളിൽ ഓവർലേ ചെയ്യുന്നതിനും ഡിസൈൻ ചെയ്യുന്നതിനുമായി **87 കോടി** രൂപ വകയിരുത്തുന്നു.

416. നബാർഡിന്റെ ഫണ്ടുപയോഗിച്ച് റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികൾക്കുമായി 165 കോടി രൂപ വകയിരുത്തുന്നു.

417. പത്തനംതിട്ട, കോട്ടയം ജില്ലകളിലെ തീർഥാടക റോഡുകൾ വികസിപ്പിക്കുന്നതിനായി 15 കോടി രൂപ വകയിരുത്തുന്നു.

418. തലസ്ഥാന നഗര റോഡ് വികസന പദ്ധതിയിലെ പി.പി.പി (അന്വറ്റി) മാതൃകയിൽ, മറ്റ് നഗരങ്ങളിലും നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്ന റോഡ് നിർമ്മാണത്തിനുള്ള ആന്വിറ്റി പെയ്മെന്റുകൾക്കായി 58.80 കോടി രൂപ അനുവദിക്കുന്നു.

419. കെ.എസ്.ടി.പിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടിയം - കുണ്ടറ റോഡ്, വൈപ്പിൻ - മുനമ്പം റോഡ്, പൊൻകുന്നം - തൊടുപുഴ, വട്ടവട - ടോപ്പ് സ്റ്റേഷൻ - മൂന്നാർ റോഡ്, കൊല്ലം - ആയൂർ, കായംകുളം - തിരുവല്ല, കെ.പി. റോഡ് - അടൂർ, തൃക്കുന്നപ്പുഴ - തട്ടാരമ്പലം, പന്തളം - കൈപ്പട്ടൂർ റോഡ്, പുനലൂർ-കോന്നി റോഡ്, കോന്നി- പ്ലാച്ചേരി റോഡ്, പ്ലാച്ചേരി-പൊൻകുന്നം റോഡ്, സേഫ് കോറിഡോർ ഡെമോൻസ്ട്രേഷൻ പ്രൊജക്റ്റ് (എസ് സി ഡി പി) - കഴക്കൂട്ടം - അടൂർ, ചെമ്മണ്ണാർ ഗ്യാപ്പ് റോഡ്, പൈനാവ് - താന്നിക്കണ്ടം - അശോകകവല, അടൂർ-ചെങ്ങന്നൂർ എന്നീ റോഡുകൾ വികസിപ്പിക്കുന്നതിനായി 100 കോടി രൂപ വകയിരുത്തുന്നു.

420. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (KHRI) മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 21.50 കോടി രൂപ വകയിരുത്തുന്നു.

421. സംസ്ഥാന പാതകളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണം, സംരക്ഷണ പ്രവർത്തനങ്ങൾ, ട്രാഫിക് സേഫ്റ്റി ബോർഡുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ മുതലായവയ്ക്കായി 41 കോടി രൂപ വകയിരുത്തുന്നു.

422. നബാർഡ് വായ്പാധനത്തിലൂടെ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 95 കോടി രൂപ വകയിരുത്തുന്നു.

423. കേന്ദ്ര റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാന പാതകളുടെ നവീകരണത്തിനായി കേന്ദ്രറോഡ് ഫണ്ട് വിഹിതമായി 62 കോടി രൂപ വകയിരുത്തുന്നു.

**കട്ടപ്പന – തേനി തുരങ്കപാത**

424. സർ, കട്ടപ്പന മുതൽ തേനിവരെയുള്ള മലയോര പാതയിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി ഒരു തുരങ്കപാത സംബന്ധിച്ച് സാധ്യതാ പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത്തരം ഒരു തുരങ്കപാത വരുന്നതോടെ 20 കി.മീ യാത്രാദൂരം ലാഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. തുരങ്കപാതയുടെ സാധ്യതാ പഠനത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.

**റോഡുഗതാഗതം**

425. 2026-27 സാമ്പത്തിക വർഷത്തിലെ ഈ മേഖലയ്ക്കുള്ള വിഹിതം മുൻ വർഷത്തെ 198.84 കോടി രൂപയിൽ

നിന്നും 228.10 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ഇതിൽ, കെ.എസ്.ആർ.ടി.സി ക്ക് 185.72 കോടി രൂപയും, മോട്ടോർ വാഹന വകുപ്പിന് 38.38 കോടി രൂപയും, തിരുവനന്തപുരത്തെ ശ്രീ.ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിന് 4 കോടി രൂപയും ഉൾപ്പെടുന്നു.

**കെ.എസ്.ആർ.ടി.സി (KSRTC)**

426. 2021 മുതൽ 2026 ജനുവരി വരെ ആകെ 662 പുതിയ ബസ്സുകൾ (കെ.എസ്.ആർ.ടി.സി - 134, സ്വിഫ്റ്റ് - 528) നിരത്തിലിറക്കിക്കൊണ്ട് സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

427. കാലപ്പഴക്കം ചെന്ന ബസ്സുകളെ കണ്ടംചെയ്ത് പുതിയവ വാങ്ങുന്നതിന്റെ ഭാഗമായി ആധുനിക ഡീസൽ ബിഎസ് VI ബസ്സുകൾ വാങ്ങുന്നതിനായുള്ള വിഹിതം 127 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

428. കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാനും, പ്രതിമാസ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനും കെ എസ് ആർ ടി സിയുടെ കീഴിലുള്ള നിലവിലെ വാഹനങ്ങളെല്ലാം തന്നെ പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്. ഈ നേട്ടം കൈവരിക്കുന്നതിനായി, വർക്ക് ഷോപ്പ്, ഡിപ്പോകൾ എന്നിവയുടെ ആധുനികവൽക്കരണം എന്ന പദ്ധതിക്കായി 45.72 കോടി രൂപ വകയിരുത്തുന്നു.

429. കെ.എസ്.ആർ.ടി.സിയെ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ,

ഹാർഡ് വെയർ പരിഷ്കരണ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.

430. കെ.എസ്.ആർ.ടി.സി-യിൽ ശമ്പളവും പെൻഷനും കൃത്യമായി നല്കുന്നുണ്ട്. എല്ലാ മാസവും ഒന്നാം തീയതി തന്നെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുകയാണ്.

431. ആറ്റിങ്ങൽ, കൊട്ടാരക്കര, കായംകുളം, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം മുതലായ ബസ്സ് സ്റ്റാൻഡുകൾ ആധുനിക നിലവാരത്തിൽ പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**മോട്ടോർ വാഹന വകുപ്പ് (MVD)**

432. മോട്ടോർ വാഹന വകുപ്പിന്റെ 'റോഡ് ഗതാഗത സുരക്ഷാ പ്രവർത്തനങ്ങൾ' എന്ന പദ്ധതിയ്ക്കായി 18.62 കോടി രൂപ വകയിരുത്തുന്നു.

**ഉൾനാടൻ ജലഗതാഗതം**

433. ഒരു മൾട്ടി-മോഡൽ ഗതാഗത ശൃംഖല വികസിപ്പിക്കുക എന്നത് സംസ്ഥാനത്തിന്റെ ഒരു പ്രധാന കാഴ്ചപ്പാടാണ്. അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം, ജലചാലുകളുടെ നാവിഗേഷൻ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കേരളം മുൻഗണന നൽകിയിട്ടുണ്ട്. കൂടുതൽ യാത്രക്കാരെയും ചരക്ക് ഗതാഗതവും ആകർഷിക്കുന്നതിനായി വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി) പൂർത്തീകരണത്തിന്

പ്രാധാന്യം നൽകുന്നു. ഈ മേഖലയ്ക്കായുള്ള വിഹിതം 138.14 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ഇതിൽ, ഉൾനാടൻ ജല ഗതാഗത വികസനത്തിനായി സംസ്ഥാന ജലഗതാഗത വകുപ്പിന് (SWTD) 33.11 കോടി രൂപയും, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(KSINC) ന് 9.76 കോടി രൂപയും, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് 95.27 കോടി രൂപയും ഉൾപ്പെടുന്നു.

434. ജലഗതാഗതത്തിന്റെ പുതുക്കിയ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതും, ഇന്ധനക്ഷമതയുള്ളതുമായ പുതിയ വെസ്സലുകൾ വാങ്ങുന്നതിനുമുള്ള പദ്ധതിക്ക് **28.11 കോടി** രൂപ വകയിരുത്തുന്നു.

435. ഉൾനാടൻ കനാൽ പദ്ധതിയുടെ സംസ്ഥാന മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 70.80 കോടി രൂപ വകയിരുത്തുന്നു.

436. ദേശീയ ജലപാതകളുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ നബാർഡ് ഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കുന്നതിനായി 23 കോടി രൂപ വകയിരുത്തുന്നു. മേൽ പറഞ്ഞതുൾപ്പെടെയുള്ള വിവിധ പ്രവൃത്തികൾക്കായി തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് 95.27 കോടി രൂപ വകയിരുത്തുന്നു.

## മറ്റ് ഗതാഗത സർവ്വീസുകൾ

437. കൊച്ചി മെട്രോ രണ്ടാം ഘട്ടത്തിനുള്ള EAP ഘടകമായി **79.03 കോടി രൂപ** വകയിരുത്തുന്നു.

438. കൊച്ചിയിലെ നിലവിലുള്ള ഗതാഗതത്തെ പുനരുജ്ജീവിപ്പിച്ച് പൊതുഗതാഗതം, കൊച്ചി മെട്രോ, ബസ് ഗതാഗതം, എന്നിവയുടെ സംയോജനം വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. EAP വിഹിതമായി 136.60 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന വിഹിതം 'മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി' ക്കുള്ള (MIDP) വിഹിതത്തിൽ നിന്നും ലഭ്യമാക്കും.

439. നഗര മൊബിലിറ്റി പ്രദേശങ്ങളിലെ ഗതാഗത വികസനം, പ്രവർത്തനം, പരിപാലനം, നിരീക്ഷണം, മേൽനോട്ടം എന്നിവയ്ക്കായുള്ള ഉത്തരവാദിത്തപ്പെട്ട ഒരു ഏകോപന അതോറിറ്റിയായ കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് 3.05 കോടി രൂപയായി വകയിരുത്തുന്നു.

440. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതി യുമായി ബന്ധപ്പെട്ട ചെലവുകൾ, EPC കരാർ പെയ്മെന്റ് എന്നിവയ്ക്കായി 4.96 കോടി രൂപ വകയിരുത്തുന്നു.

## വിനോദസഞ്ചാരം

441. കേരളം സന്ദർശിക്കുന്ന വിദേശ സഞ്ചാരികളുടെ എണ്ണം 2023-ലെ 6.50 ലക്ഷത്തിൽ നിന്ന് 2024-ൽ 7.40 ലക്ഷമായി ഉയർന്നു.

442. പൈതൃക/സാംസ്കാരിക ടൂറിസത്തിന്റെ പ്രചാരണം, ടൂറിസം അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികൾ, ഡിസൈൻ പോളിസിയുടെ നടപ്പാക്കൽ, ടൂറിസം ഹബ്ബുകളുടെ വികസനം, മാർക്കറ്റിംഗ്, ഉത്തരവാദിത്ത ടൂറിസം എന്നിവയാണ് 2026–27 ലെ ബജറ്റിലെ പ്രധാന മുൻഗണനാ മേഖലകൾ. വിനോദസഞ്ചാര മേഖലയുടെ വിഹിതം മുൻ വർഷം 385.02 കോടി രൂപയായിരുന്നത് **413.52 കോടി രൂപയായി** വർദ്ധിപ്പിക്കുന്നു.

443. ടൂറിസം മേഖലയുടെ വികസനത്തിന് ടൂറിസം സർക്യൂട്ടുകൾക്ക് അനന്തസാധ്യതകളാണുള്ളത്. ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിനായി സർക്കാർ പുതിയ പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമായി കണ്ണൂരിലെ ധർമ്മടത്തിന് ചുറ്റും ഒരു സംയോജിത 'ബ്ലൂ ഗ്രീൻ ഇന്റഗ്രേറ്റഡ് ടൂറിസം സർക്യൂട്ട്' സ്ഥാപിക്കും. ധർമ്മടം നദി ക്രൂയിസ് സർക്യൂട്ട്, ധർമ്മടം ദ്വീപ് ബയോ റിസർവ്, വാക്കിംഗ് മ്യൂസിയം, മാൻഗ്രോവ് ഇൻഫർമേഷൻ സെന്റർ എന്നിവ ഉൾപ്പെടുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു. കൊല്ലം ബയോ-ഡൈവേഴ്സിറ്റി സർക്ക്യൂട്ടിന്റേയും മലബാർ ലിമിറ്റഡ് സർക്ക്യൂട്ടിന്റേയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

444. മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കുള്ള വിഹിതം 85 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

445. റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ശാക്തീകരണത്തിനായി 20 കോടി രൂപ വകയിരുത്തുന്നു.

446. കേരളത്തിലെ പരമ്പരാഗത ഉത്സവങ്ങൾ, സാംസ്കാരിക പരിപാടികൾ, തുടങ്ങിയവ കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും, പ്രോത്സാഹനവും എന്ന പദ്ധതിക്ക് 29 കോടി രൂപ വകയിരുത്തുന്നു.

447. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, നവീകരിക്കുന്നതിനുമായി **159 കോടി രൂപ** വകയിരുത്തിയിട്ടുണ്ട്.

448. ബേപ്പൂർ 'ഉരു' ടൂറിസം, കൊച്ചി ഹെറിറ്റേജ് എന്നീ പുതിയ പ്രൊജക്റ്റുകൾക്ക് 5 കോടി രൂപ വീതം വകയിരുത്തുന്നു.

449. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 14.10 കോടി രൂപ വകയിരുത്തുന്നു.

450. വിനോദസഞ്ചാര മേഖലയിൽ ഉൽപ്പന്നങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിനായും സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായും സബ്സിഡികളും ഇൻസെന്റീവുകളും നൽകുന്ന പദ്ധതി തുടരുന്നതിനായി 13.50 കോടി രൂപ വകയിരുത്തുന്നു.

451. കുമരകം ടൂറിസം വികസനത്തിന്റെ ഭാഗമായി ഹെലി-പോർട്ട് നിർമ്മിക്കുന്നതിന് 5 കോടി രൂപയും പീച്ചി ടൂറിസം പദ്ധതി PPP മോഡലിൽ വികസനം ഉൾപ്പെടെ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭമായി ഒരു കോടി രൂപയും വകയിരുത്തുന്നു.

452. നമ്മുടെ സമ്പന്നമായ പൈതൃകം സംരക്ഷിക്കുന്ന മുസിരിസ് ഹെറിറ്റേജ് & സ്പൈസസ് റൂട്ട് പദ്ധതി, റിവർ ക്രൂയിസ് ഹെറിറ്റേജ് പദ്ധതി എന്നിവയ്ക്കായി 14 കോടി രൂപയും കൊച്ചിൻ വൈപ്പിൻ മേഖലയിൽ ഓഷ്യനേറിയം പദ്ധതിയുടെ പഠനത്തിനായി ഒരു കോടി രൂപയും വകയിരുത്തുന്നു.

453. ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) മാതൃകയിൽ ടൂറിസം വകുപ്പ് ആരംഭിച്ച "ചാമ്പ്യൻസ് ബോട്ട് ലീഗ്" (സിബിഎൽ) സംസ്ഥാനത്ത് 14 സ്ഥലങ്ങളിൽ നടത്തുന്നതിനായി 10.46 കോടി രൂപ വകയിരുത്തുന്നു.

454. കൊല്ലം ജില്ലയുടെ ടൂറിസം വികസിപ്പിക്കുന്നതിനും അറബിക്കടലിലൂടെ ആഗോള ടൂറിസം ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുമായി കൊല്ലത്ത് ഒരു മറീന നിർമ്മിക്കാൻ ആരംഭിച്ച പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപയും അഷ്ടമുടി കായലിന് ചുറ്റും സൈക്കിൾ ട്രാക്ക് വികസിപ്പിക്കുവാൻ 10 കോടി രൂപയും മൺറോത്തുരുത്തിലെ ടൂറിസം വികസനത്തിനായി 5 കോടി രൂപയും കൊല്ലം ഓഷ്യനേറിയത്തിന് 10 കോടി രൂപയും വകയിരുത്തുന്നു.

**കോട്ടയം ചെറിയപള്ളിയിൽ തീർത്ഥാടന ടൂറിസം**

455. 447 വർഷം പഴക്കമുള്ള കോട്ടയം ചെറിയപള്ളി മരിയൻ തീർത്ഥാടന കേന്ദ്രമാണ്. കോട്ടയം ചെറിയപള്ളിയെ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

**കട്ടപ്പന കല്യാണത്തണ്ട്, അഞ്ചുരുളി ടൂറിസം വികസനം**

456. സർ, കട്ടപ്പനയെ ടൂറിസം ഹബ്ബാക്കി കല്യാണത്തണ്ട്, അഞ്ചുരുളി ടൂറിസം വികസനത്തിന് **20 കോടി രൂപ** അനുവദിക്കുന്നു.

**മങ്ങാട്ടുപാറ സോഫ്റ്റ് അഡ്വഞ്ചർ ടൂറിസം**

457. തിരുവനന്തപുരം ഉഴമലയ്ക്കൽ പഞ്ചായത്തിലെ മങ്ങാട്ടു പാറയിൽ പ്രാദേശിക ടൂറിസം വികസനത്തിന്റെ ഭാഗമായി വിനോദ സഞ്ചാര വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി സോഫ്റ്റ് അഡ്വഞ്ചർ ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി **ഒരു കോടി രൂപ** നീക്കിവെയ്ക്കുന്നു.

**ശാസ്ത്ര സേവനങ്ങളും ഗവേഷണവും**

458. സുശക്തമായ ഒരു ശാസ്ത്ര-സാങ്കേതിക മേഖല വാർത്തെടു ക്കാനുള്ള പദ്ധതികളാണ് കഴിഞ്ഞ 5 വർഷങ്ങളിലായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ മേഖലയ്ക്കുള്ള ആകെ വിഹിതം 225.83 കോടിയിൽ നിന്നും 260.78 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

459. കേരളത്തിന്റെ ശക്തമായ വിദ്യാഭ്യാസ അടിത്തറ, വൈവിധ്യമാർന്ന ജൈവവൈവിധ്യം, പരിസ്ഥിതി സംരക്ഷണത്തോടുള്ള പ്രതിബദ്ധത എന്നിവ പ്രയോജന പ്പെടുത്തി സുസ്ഥിര വികസനത്തിനായുള്ള ഒരു സ്ഥാപനം 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈനബിൾ ഡെവലപ്‌മെന്റ് ' എന്ന പേരിൽ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപ വകയിരുത്തുന്നു.

460. സംസ്ഥാനത്തെ ശാസ്ത്ര-സാങ്കേതിക മേഖലയിലെ പ്രായോഗിക ഉപയോഗങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിനും, സാങ്കേതിക വിദ്യയുടെ വികാസം, ഗവേഷണം, നൂതനാശയങ്ങൾ എന്നിവയ്ക്ക് പിന്തുണ നൽകുന്നതിനു മായി കെ.എസ്.സി.എസ്.ടി.ഇയ്ക്കും, അനുബന്ധ സ്ഥാപനങ്ങൾക്കുമായി **102.78 കോടി രൂപ** വകയിരുത്തുന്നു.

461. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള 6 ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 58.40 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ജലവിഭവ മേഖലയിലുള്ള പ്രധാന ഗവേഷണ വികസന സ്ഥാപനമായ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്‌മെന്റ് ആന്റ് മാനേജ്മെന്റിന്റെ (CWRDM) വിവിധ പ്രവർത്തന ങ്ങൾക്കായി 13 കോടി രൂപയും കേരള വനഗവേഷണ

കേന്ദ്രത്തിന്റെ (KFRI) പ്രവർത്തങ്ങൾക്കായി 13.20 കോടി രൂപയും നാറ്റ്പാക്കിന്റെ പ്രവർത്തനങ്ങൾക്കായി 7.20 കോടി രൂപയും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (JNTBGRI) പ്രവർത്തനങ്ങൾക്കായി 14 കോടി രൂപയും ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിന്റെ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപയും മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസിന്റെ (MBGIPS) പ്രവർത്തനങ്ങൾക്കായി 4 കോടി രൂപയും ഉൾപ്പെടുന്നു.

462. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് (ഐ എ വി) ഉള്ള വിഹിതം 50 കോടിയിൽ നിന്നും 60 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

463. റീജിയണൽ ക്യാൻസർ സെന്ററിലെ (RCC) ചികിത്സാ സൗകര്യങ്ങൾ, പരിശീലിന ഗവേഷണ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും, പുലയനാർ കോട്ടയിലെ പുതിയ ക്യാമ്പസിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കും, 14 നില കെട്ടിടത്തിന്റെ പൂർത്തികരണത്തിനുമായി 90 കോടി രൂപ വകയിരുത്തുന്നു.

464. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 8 കോടി രൂപ വകയിരുത്തുന്നു.

465. ലോകപ്രശസ്ത സ്ഥാപനമായ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ ആരോഗ്യ

ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള പദ്ധതി രൂപീകരിക്കും. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.

## ആവാസ വ്യവസ്ഥയും പരിസ്ഥിതിയും

466. പരിസ്ഥിതി ആവാസ വ്യവസ്ഥാ മേഖലയിലെ വിവിധ പദ്ധതികൾക്കായി 27.82 കോടി രൂപ വകയിരുത്തുന്നു. ഇതിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് 10.82 കോടി രൂപയും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് 13 കോടി രൂപയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് 3 കോടി രൂപയും കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷന് ഒരു കോടി രൂപയും ഉൾപ്പെടുന്നു.

467. സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വിഹിതം 13 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

## പൊതു വിദ്യാഭ്യാസം

468. 2016-17 കാലയളവിനുശേഷം സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതത്തിലും വിനിയോഗത്തിലും വൻ വർധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സമീപ വർഷങ്ങളിൽ, ബജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ചെലവഴിക്കാൻ സാധിച്ചു എന്നത് കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിലെ മികവിനെയും വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ നൽകുന്ന

മുൻഗണനയെയുമാണ് സൂചിപ്പിക്കുന്നത്. അഖിലേന്ത്യാ തലത്തിൽ സ്കൂൾ വിദ്യാഭ്യാസ ഗുണമേന്മ സൂചികയിലടക്കം എല്ലാ ഘടകങ്ങളിലും കേരളം മുന്നിലെത്തി. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കായി അനുവദിച്ച 8,719.14 കോടി രൂപയിൽ 8,020.64 കോടി രൂപയും (92%) ചെലവഴിക്കാൻ സാധിച്ചു. ഈ നേട്ടങ്ങൾ നിലനിർത്തുന്നതിനും നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായുള്ള പിന്തുണാ പ്രവർത്തനങ്ങൾ തുടരുന്നതിനുവേണ്ടി **1128.71 കോടി രൂപ** വകയിരുത്തുന്നു.

**അടിസ്ഥാനസൗകര്യ വികസനം**

469. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി സർക്കാർ നടപ്പിലാക്കിയ ലക്ഷ്യാധിഷ്ഠിത നിക്ഷേപ പദ്ധതികളുടെ ഫലമായി കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. കിഫ്ബി (KIIFB) മുഖേന ആകെ **2,565 കോടി** രൂപയാണ് വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത്.

470. പ്രൈമറി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങൾക്കായി 167 കോടി രൂപ വകയിരുത്തുന്നു.

471. തടസ്സരഹിത വിദ്യാലയങ്ങൾ എന്ന പദ്ധതിക്കായി 11 കോടി രൂപ വകയിരുത്തുന്നു.

472. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടത്തിയ നിരന്തര ഇടപെടലുകൾ

സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പ്രകടനത്തെ ആഗോള നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. നീതി ആയോഗ് റിപ്പോർട്ട് പ്രകാരം കേരളം രാജ്യത്തെ വിദ്യാഭ്യാസ രംഗത്ത് തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്തുകയാണ്. പരഖ് രാഷ്ട്രീയ സർവേക്ഷൺ 2024 റിപ്പോർട്ട് പ്രകാരം ഗുണമേന്മയിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് "സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി". സ്കൂൾ വിദ്യാഭ്യാസത്തിലെ അക്കാദമിക നിലവാരവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 56.25 കോടി രൂപ നീക്കിവെയ്ക്കുന്നു.

473. വിദ്യാഭ്യാസ രംഗത്ത് എല്ലാവരെയും ഉൾക്കൊള്ളുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി പ്രത്യേക ഫണ്ടുകളും കർമ്മപദ്ധതികളും സർക്കാർ നൽകിവരുന്നുണ്ട്. ഈ പരിപാടികൾ തുടരുന്നതിനായി ആകെ 102.64 കോടി രൂപ വകയിരിത്തുന്നു.

474. അധ്യാപകരുടെ ശാക്തീകരണത്തിന് 2026–27 ബജറ്റിൽ പ്രത്യേക മുൻഗണന നൽകുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

475. സ്കൂൾ സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള സഹായമായി 10 കോടി രൂപയും സ്കൂളുകളിലെ കാര്യക്ഷമമായ മാലിന്യ സംസ്കരണത്തിനായി ഒരു കോടി രൂപയും ഉൾപ്പെടെ ആധുനികവൽക്കരണ പദ്ധതിയിൻ കീഴിലെ

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 42 കോടി രൂപ വകയിരുത്തുന്നു.

476. സൗജന്യ സ്കൂൾ യൂണിഫോം വിതരണ പദ്ധതിക്കായി 150.34 കോടി രൂപ വകയിരുത്തുന്നു. ഇതിൽ എയ്ഡഡ് എൽ.പി, സർക്കാർ എൽ.പി, സർക്കാർ യു.പി സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും രണ്ട് ജോഡി സൗജന്യ കൈത്തറി യൂണിഫോം നൽകുന്നതിനുള്ള കൈത്തറി ഡയറക്ടേറ്റിന്റെ പദ്ധതിക്കായുള്ള 70 കോടി രൂപയും ഉൾപ്പെടുന്നു.

477. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരിചരണം നൽകുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 62 കോടി രൂപ വകയിരുത്തുന്നു.

478. ഹയർ സെക്കന്ററി സ്കൂൾ തലത്തിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ തലത്തിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ട് BPL വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്കായി 7.90 കോടി രൂപ വകയിരുത്തുന്നു.

479. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 7.40 കോടി രൂപയും സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡിന് 10.15 കോടി രൂപയും നീക്കിവയ്ക്കുന്നു.

480. സമഗ്രശിക്ഷാ അഭിയാൻ പദ്ധതിയുടെ 40 ശതമാനം സംസ്ഥാന വിഹിതമായി 55 കോടി രൂപ വകയിരുത്തുന്നു. കൂടാതെ സമഗ്ര ശിക്ഷാ അഭിയാന്റെ പ്രോജക്ട് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കായി 23 കോടി രൂപ വകയിരുത്തുന്നു.

481. പട്ടികവർഗ്ഗ വിഭാഗത്തിലും മറ്റ് പിന്നാക്ക വിഭാഗങ്ങളിലുമുള്ള കുട്ടികളുടെ പഠന തുടർച്ച, വിദ്യാഭ്യാസ ഗുണമേന്മ, ഗ്രേഡുകളിലെ പുരോഗതി എന്നിവ ഉറപ്പാക്കുന്നതിന് 2026-27 ബജറ്റിൽ സവിശേഷമായ ഊന്നൽ നൽകുന്നു. ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ നേരിടുന്ന വിവിധ വെല്ലുവിളികൾ പരിഹരിക്കുന്നതിനായി 14.50 കോടി രൂപ വകയിരുത്തുന്നു.

482. കഴിഞ്ഞ ഒരു ദശാബ്ദക്കാലയളവിൽ VIII മുതൽ XII വരെ ക്ലാസുകളിലായി 45,000 ക്ലാസ് മുറികളെ സാങ്കേതിക സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്. പ്രാഥമിക സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായി സംസ്ഥാന സ്കൂൾ പാഠ്യപദ്ധതിയിൽ കൃത്രിമബുദ്ധി (Artificial Intelligence-AI) ഉൾപ്പെടുത്തുകയും, കഴിഞ്ഞ വർഷം വിന്യസിച്ച 9,000 കിറ്റുകൾക്ക് പുറമെ 20,000 അധിക റോബോട്ടിക് കിറ്റുകൾ സ്കൂളുകളിലേക്ക് വിതരണം ചെയ്യുകയും ചെയ്തു. ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ തുടർന്നും ശക്തിപ്പെടുത്തുന്നതിനായി കൈറ്റിന് 38.50 കോടി രൂപ വകയിരുത്തുന്നു.

483. മിഡ്-ഡേ മീൽ പദ്ധതിയുടെ വിവിധ ചെലവുകൾക്ക് കേന്ദ്ര വിഹിതം മതിയാകാത്ത സാഹചര്യത്തിൽ, സംസ്ഥാന വിഹിതമായ 150 കോടി രൂപയ്ക്ക് പുറമെ 260.66 കോടി രൂപ കൂടി മാറ്റിവെച്ചിട്ടുണ്ട്. ആകെ 410.66 കോടി രൂപ മിഡ്-ഡേ മീൽ പദ്ധതിക്കും അനുബന്ധ പോഷകാഹാരത്തിനുമായി, പ്രത്യേകിച്ച് എസ്.ടി. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ മുൻനിർത്തി, വകയിരുത്തുന്നു.

484. ഡിജിറ്റൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതി രൂപീകരിക്കുന്ന പ്രക്രിയ എസ്.സി.ഇ.ആർ.ടി ആരംഭിച്ചിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി യുടെ പ്രവർത്തനങ്ങൾക്കായി 21.25 കോടി രൂപ വകയിരുത്തുന്നു.

**ഉന്നത വിദ്യാഭ്യാസം**

485. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നയപരമായ വലിയ മാറ്റങ്ങളും സ്ഥാപനങ്ങളുടെ വിപുലീകരണവും നടപ്പിലായിട്ടുണ്ട്. പ്രത്യേകിച്ച് 2016-17 കാലയളവിനുശേഷം, ഉന്നത വിദ്യാഭ്യാസ മേഖലക്ക് പ്രത്യേക ശ്രദ്ധയും വർദ്ധിച്ച പദ്ധതി വിഹിതവും നല്കി വരുന്നുണ്ട്. അതിന്റെ ഗുണഫലങ്ങൾ നമ്മുടെ സർവ്വകലാശാലകളുടെ ദേശീയ റാങ്കിംഗിലെയും അക്രഡിറ്റേഷനിലെയും മുന്നേറ്റത്തിൽ നിന്ന് വ്യക്തമാണ്. സർവ്വകലാശാല ഭരണത്തെ കലുഷിതമാക്കാ

നുള്ള ശ്രമങ്ങൾക്കിടയിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കാൻ നമുക്കു കഴിയുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിനും, നാലുവർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP) പ്രാവർത്തികമാക്കുന്നതിനുമായി **851.46 കോടി രൂപ** നീക്കിവെയ്ക്കുന്നു. ഇത് മുൻ വർഷത്തെക്കാൾ 67.95 (8.67%) കോടി രൂപ അധികമാണ്.

486. ദേശീയതലത്തിലുള്ള NIRF 2025 റാങ്കിംഗിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ച പ്രകടനം തുടരുന്നു. രാജ്യത്തെ മികച്ച 100 കോളേജുകളിൽ 18 എണ്ണം കേരളത്തിൽ നിന്നുള്ളവയാണ്. സർവകലാശാലാ വിഭാഗത്തിൽ കേരള, മഹാത്മാഗാന്ധി, കുസാറ്റ് എന്നീ സർവകലാശാലകൾ ആദ്യ 50 സ്ഥാനങ്ങളിൽ ഇടംപിടിച്ചു. കേരള സർവകലാശാല NAAC A++ ഗ്രേഡ് (CGPA 3.67) കരസ്ഥമാക്കി സംസ്ഥാനത്തെ ഏറ്റവും ഉയർന്ന പോയിന്റ് നേടിയ സർവകലാശാലയായി. NIRF 2025-ൽ സംസ്ഥാന പൊതു സർവകലാശാലകളിൽ 5-ാം സ്ഥാനവും, സർവകലാശാലാ വിഭാഗത്തിൽ 21-ാം സ്ഥാനവും നേടി.

487. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവകലാശാലകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി ആകെ 259.09 കോടി രൂപ വകയിരുത്തുന്നു.

**ലൈബ്രേറിയൻമാരുടെ പ്രതിമാസ അലവൻസ്**

488. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ലൈബ്രേറിയൻമാരുടെ പ്രതിമാസ അലവൻസിൽ 1000 രൂപയുടെ വർധനവ് ഏർപ്പെടുത്തുന്നു.

**പത്രപ്രവർത്തക പെൻഷൻ**

489. സർ, പത്രപ്രവർത്തക പെൻഷനിൽ പ്രതിമാസം 1500 രൂപയുടെ വർധനവ് ഏർപ്പെടുത്തുന്നു.

**പൊതു ഹോസ്റ്റൽ സൗകര്യവും സ്കോളർഷിപ്പുകളും**

490. താമസ സൗകര്യമില്ലാത്തതിനാൽ ഒരു വിദ്യാർത്ഥിക്കും ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടരുത് എന്ന ലക്ഷ്യത്തോടെ സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി 'പൊതു ഹോസ്റ്റൽ' പദ്ധതി ആരംഭിക്കും. ആദ്യഘട്ടത്തിൽ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലാണ് ഇത് നടപ്പിലാക്കുന്നത്. പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

491. മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം, സ്റ്റേറ്റ് മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്, കേരള റിസർച്ച് ഫെല്ലോഷിപ്പ് (റെഗുലർ/ഫുൾ ടൈം പിഎച്ച്.ഡി ഗവേഷകർക്കുള്ള ഫെലോഷിപ്പുകൾ) തുടങ്ങി വിവിധ സ്കോളർഷിപ്പ് പദ്ധതികൾ നിലവിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് വലിയ താങ്ങായി മാറുന്നുണ്ട്. ഗവേഷണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റു ഫെല്ലോഷിപ്പുകൾ ലഭിക്കാത്ത, സംസ്ഥാനത്തെ

സർവകലാശാലകളിലും മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ സമയ പി.എച്ച്.ഡി. ഗവേഷകർക്ക് പ്രതിമാസം 15,000 രൂപ നിരക്കിൽ ഫെല്ലോഷിപ്പ് നൽകും. വിവിധ സ്കോളർഷിപ്പ് / ഫെല്ലോഷിപ്പ് പദ്ധതികൾക്കായി ആകെ 38.76 കോടി രൂപ വകയിരുത്തുന്നു.

**സാങ്കേതിക വിദ്യാഭ്യാസവും ഗവേഷണവും**

492. സാങ്കേതിക വിദ്യാഭ്യാസത്തിനായി ആകെ 295 കോടി രൂപ നീക്കി വയ്ക്കുന്നു. ഇതിൽ ഐ.എച്ച്.ആർ.ഡിക്കായി 40 കോടി രൂപയും ട്രെസ്റ്റ് പാർക്കിനായി 4 കോടി രൂപയും എൽ ബി എസ് സെന്ററിനായി 9.58 കോടി രൂപയും സർക്കാർ പോളിടെക്നിക്കുകൾക്കായി 49 കോടി രൂപയും ടെക്നിക്കൽ ഹൈസ്കൂളുകൾക്കായി 11.50 കോടി രൂപയും നീക്കിവയ്ക്കുന്നു.

493. ഉന്നതവിദ്യാഭ്യാസ പരിഷ്കരണ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10 മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) വിഭാവനം ചെയ്തിട്ടുണ്ട്. അവയിൽ 5 എണ്ണം സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് പ്രവർത്തനങ്ങൾ മികവുറ്റതാക്കാനുള്ള ഡിജിറ്റൽ മാനേജ്മെന്റ് സംവിധാനം എല്ലാ സർവ്വകലാശാലകളിലും വ്യാപിപ്പിക്കുന്നതിനായി 2 കോടി രൂപ കെ റീപ് എന്ന പദ്ധതിക്കായി വകയിരുത്തുന്നു.

494. ശാസ്ത്രം കൂടുതൽ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക യുവമനസ്സുകളിൽ ശാസ്ത്രീയാഭിമുഖ്യം വളർത്തുക എന്നത് സർക്കാരിന്റെ പ്രധാന അജണ്ടകളിൽ ഒന്നാണ്. ഇത് പ്രാബല്യത്തിൽ വരുത്തുന്നതിനായി കോട്ടയം സയൻസ് സിറ്റി, ചാലക്കുടി, പരപ്പനങ്ങാടി റീജിയണൽ സയൻസ് സെന്ററുകൾ, കൊട്ടാരക്കര സയൻസ് മ്യൂസിയം ഉൾപ്പെടെയുള്ള ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്. ആകെ പ്രവർത്തനങ്ങൾക്കായി 30.70 കോടി രൂപ വകയിരുത്തുന്നു.

495. സർക്കാർ നിയമ പഠന കോളേജുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായി 16.70 കോടി രൂപ നീക്കിവയ്ക്കുന്നു.

496. കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിലിന് 22 കോടി രൂപ വകയിരുത്തുന്നു

497. കേരള സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ ഉപ പദ്ധതിയായ ASAP ന് 35.30 കോടി രൂപ നീക്കിവയ്ക്കുന്നു.

498. കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്ട്സിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 11.50 കോടി രൂപ നീക്കി വയ്ക്കുന്നു.

499. സർ, പി.ജി സംസ്കൃതി കേന്ദ്രത്തിന് 2 കോടി രൂപ വകയിരുത്തുന്നു.

500. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് ഭൗതിക മാനവ വികസന പരിപാടികൾക്കുമായുള്ള പദ്ധതിക്കായി 104 കോടി രൂപ വകയിരുത്തുന്നു.

**കലയും സംസ്കാരവും**

501. സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ കേരളത്തിന്റെ കലയും സാംസ്കാരിക പൈതൃകവും വളർത്തുന്നതിലും സംരക്ഷിക്കുന്നതിലും ശ്രദ്ധേയമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. കല-സാംസ്കാരിക മേഖലയ്ക്കുള്ള ബജറ്റ് വിഹിതത്തിൽ 30 ശതമാനത്തിന്റെ വർദ്ധനവ് വരുത്തുന്നു.

502. ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനായി 13 കോടി രൂപ വകയിരുത്തുന്നു.

**സാംസ്കാരിക കേരളം സ്മൃതി മന്ദിരം**

503. കേരളത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക മേഖലകളിൽ സമാനതകളില്ലാത്ത സംഭാവനകൾ നൽകിയ അന്തരിച്ച പ്രശസ്ത കലാകാരന്മാരുടെ സ്മരണയ്ക്കായി അത്യാധുനിക സ്മാരക മ്യൂസിയമായും 'സാംസ്കാരിക സ്മൃതി മന്ദിരം' സ്ഥാപിക്കും. വെറുമൊരു സ്മാരകത്തിനപ്പുറം, കേരളത്തിന്റെ കലാപരമായ പൈതൃകം വരുംതലമുറകൾക്കായി സംരക്ഷിക്കുകയും വ്യാഖ്യാനിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്ന

സജീവമായ ഒരു സാംസ്കാരിക സ്ഥാപനമായാകും ഈ മ്യൂസിയം പ്രവർത്തിക്കുക. ഈ സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**പെരളശ്ശേരി സാംസ്കാരിക ഇടനാഴി**

504. തിരുവനന്തപുരത്തെ മാനവീയം മാതൃകയിൽ പെരളശ്ശേരിയിൽ ഒരു സ്ഥിരം നിശാജീവിത-സാംസ്കാരിക ഇടനാഴി സ്ഥാപിക്കും. തെയ്യം മുതലായ ഫോക്‌ലോർ കലാരൂപങ്ങൾ എന്നിവയ്ക്കുള്ള ഓപ്പൺ എയർ സ്റ്റേജ്, കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കുള്ള മാർക്കറ്റുകൾ, ലിറ്റററി കോർണർ എന്നിവ ഉണ്ടാകും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപ വകയിരുത്തുന്നു.

**എം. ടി. മെമ്മോറിയൽ സാംസ്കാരിക കേന്ദ്രം, തിരൂർ**

505. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മഹത്തായ സംഭാവനകൾ നൽകിയ പ്രതിഭയായ എം. ടി. വാസുദേവൻ നായരുടെ സ്മരണകൾ നിലനിർത്തുന്നതിനായി തിരൂരിലെ തുഞ്ചൻപറമ്പിന് സമീപം ഒരു സ്മാരകം നിർമിക്കും എന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഈ കേന്ദ്രം മലയാള ഭാഷയുടെ ചരിത്രത്തിലും സംസ്കാരത്തിലും കേന്ദ്രീകരിക്കുകയും എം. ടി. വാസുദേവൻ നായരുടെ സാഹിത്യ സംഭാവനകളിലേക്കും പ്രവർത്തനങ്ങളിലേക്കും വെളിച്ചം വീശുകയും ചെയ്യും. ഈ പദ്ധതിയുടെ ആദ്യഘട്ടം

നടപ്പിലാക്കുന്നതിനായി 1.50 കോടി രൂപ വകയിരുത്തുന്നു.

**സൗത്ത് സോൺ കൾച്ചറൽ സെന്റർ, പിണറായി**

506. ഒരു ബഹുമുഖ സാംസ്കാരിക കേന്ദ്രമായാണ് പിണറായിയിലെ സൗത്ത് സോൺ കൾച്ചറൽ സെന്റർ വിഭാവനം ചെയ്തിരിക്കുന്നത്. പ്രാദേശികമായ കലകളെയും കരകൗശല വിദ്യകളെയും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം, കലാപ്രകടനങ്ങൾക്കും പരിശീലനങ്ങൾക്കും ശില്പശാലകൾക്കും കലാകാരന്മാർ തമ്മിലുള്ള സംവാദങ്ങൾക്കുമായി പ്രത്യേക ഇടങ്ങൾ ഒരുക്കി സാംസ്കാരിക വിനിമയം സുഗമമാക്കുകയുമാണ് ഈ കേന്ദ്രം ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

507. ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയം പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

508. കേരള സംസ്ഥാന പുരാരേഖ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

509. എ.കെ.ജി മ്യൂസിയത്തിൽ പ്രദർശന വസ്തുക്കൾ ഒരുക്കുന്നതിനും ലാൻഡ് സ്കേപ്പിംഗിനും വാർഷിക പരിപാലനത്തിനായി 4.50 കോടി രൂപ വകയിരുത്തുന്നു.

510. കണ്ണൂരിലെ തളിപ്പറമ്പിൽ മൃഗശാല സഫാരി പാർക്ക് സ്ഥാപിക്കുന്നതിനായി 2026-27 സാമ്പത്തിക വർഷം 4 കോടി രൂപ വകയിരുത്തുന്നു.

511. കൊല്ലത്തെ ഹിസ്റ്ററി ആൻഡ് മാരിടൈം മ്യൂസിയത്തിനായി 3 കോടി രൂപ വകയിരുത്തുന്നു.

512. അയ്യങ്കാളി പഠനകേന്ദ്രത്തിന് 1.50 കോടി രൂപ വകയിരുത്തുന്നു.

513. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 24 കോടി രൂപ വകയിരുത്തുന്നു. വനിതാ സംവിധായകർക്ക് ഫീച്ചർ ഫിലിമുകളുടെ നിർമ്മാണത്തിന് സഹായം നൽകുന്നതിനുള്ള വിഹിതം 7 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

514. കേരള സംഗീത നാടക അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.

515. സർ, ഇസ്ലാമിക പണ്ഡിതനും സാമൂഹിക പരിഷ്കർത്താവുമായിരുന്ന ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ പേരിൽ ചരിത്ര ഗവേഷണ സെന്റർ പൊന്നാനിയിൽ സ്ഥാപിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു.

516. കേരള ലളിതകലാ അക്കാദമിക്ക് 7.50 കോടി രൂപ വകയിരുത്തുന്നു.

517. കേരള നാടൻകലാ അക്കാദമിക്ക് 5 കോടി രൂപ വകയിരുത്തുന്നു.

518. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 16 കോടി രൂപ വകയിരുത്തുന്നു.

519. കേരള കലാമണ്ഡലത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 27.50 കോടി രൂപ വകയിരുത്തുന്നു.

520. ഉൽകൃഷ്ടരായ കലാ/സാഹിത്യ വ്യക്തികളുടെ സ്മാരകങ്ങൾക്കുള്ള സഹായമായി 5 കോടി രൂപ വകയിരുത്തുന്നു.

521. കലാകാരന്മാർക്കുള്ള ഉപജീവനം/റൂറൽ ആർട്ട് ഹബ്ബുകൾ എന്നിവയ്ക്കായി 5 കോടി രൂപയും സാംസ്കാരിക ഡയറക്ടറേറ്റിന്റെ സമുച്ചയ നിർമ്മാണത്തിനായി ഒരു കോടി രൂപയും 'മഴമിഴി' നവമാധ്യമ കലാപരിപാടിയ്ക്കായി 2 കോടി രൂപയും വകയിരുത്തുന്നു.

522. കായംകുളത്ത് തോപ്പിൽ ഭാസി, തൃശ്ശൂരിൽ പി.ജെ.ആന്റണി, കണ്ണൂരിൽ കെ.ടി.മുഹമ്മദ് എന്നീ നാടക ഇതിഹാസങ്ങളെ ആദരിക്കാൻ സ്ഥിരം നാടക തീയേറ്ററുകൾ നിർമ്മിക്കുവാൻ 'നാടകഗൃഹം' എന്ന പുതിയ പദ്ധതിക്കായി 2.50 കോടി രൂപ വകയിരുത്തുന്നു.

523. മ്യൂസിയം വകുപ്പിനെ സംബന്ധിച്ചിടത്തോളം വലിയൊരു നാഴികക്കല്ല് പിന്നിട്ടുകൊണ്ട് കണ്ണൂരിലെ കൈത്തറി മ്യൂസിയം, തെയ്യം മ്യൂസിയം, വയനാടിലെ ഹെറിറ്റേജ് മ്യൂസിയം എന്നീ പുതിയ മ്യൂസിയം പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി അവ പൊതുജനങ്ങൾക്കായി ഔദ്യോഗികമായി തുറന്നു കൊടുത്തിട്ടുണ്ട്. മ്യൂസിയം ആൻഡ് മൃഗശാല വകുപ്പ്

പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 36.20 കോടി രൂപ വകയിരുത്തുന്നു.

524. മാർ ഇവാനിയോസ് മ്യൂസിയത്തിന് 1.5 കോടി രൂപ വകയിരുത്തുന്നു.

**പുരാരേഖ പഠന ഗവേഷണ കേന്ദ്രം**

525. കേരള സംസ്ഥാന പുരാരേഖ വകുപ്പ്, കേരള സർവ്വകലാശാലയുമായി സഹകരിച്ച് തിരുവനന്തപുരം കാര്യവട്ടം സർവ്വകലാശാല ക്യാമ്പസിൽ ഒരു അന്താരാഷ്ട്ര പുരാരേഖ പൈതൃക കേന്ദ്രവും അന്താരാഷ്ട്ര ഗവേഷണ സ്ഥാപനവും സജ്ജമാക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ഈ ആധുനിക സ്ഥാപനം, പുരാരേഖ പഠന മേഖലയിലെ ആശയവിനിമയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഈ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**കായികവും യുവജനകാര്യവും**

526. ഈ സർക്കാർ ഉയർന്ന മുൻഗണന നൽകി വരുന്ന മേഖലകളിൽ ഒന്നാണ് കായികവും യുവജനകാര്യവും. 'കായിക-യുവജനകാര്യ' വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ 51.90 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ട് **220.86 കോടി രൂപ** വകയിരുത്തുന്നു.

## കായിക അടിസ്ഥാന സൗകര്യ വികസനം

527. പുതിയ കായിക സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ മികച്ച രീതിയിൽ നിലനിർത്തുന്നതിനുമായി 30.50 കോടി രൂപ വകയിരുത്തുന്നു.

528. "ഒരു പഞ്ചായത്ത്, ഒരു കളിസ്ഥലം" എന്ന പദ്ധതി തുടർച്ചയായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള വിഹിതം വർദ്ധിപ്പിച്ച് **28 കോടി** രൂപ വകയിരുത്തുന്നു.

529. ഇന്ത്യ ആതിഥേയത്വം വഹിക്കുമെന്ന് പ്രതീക്ഷിക്കുന്ന 2036 ഒളിമ്പിക് ഗെയിംസിൽ പങ്കെടുക്കാൻ അത്‌ലറ്റുകളെ സജ്ജമാക്കുക എന്ന ദീർഘകാല ദർശനത്തോടെ, കോളേജ് തലത്തിൽ യുവ കായിക പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി രൂപകൽപന ചെയ്ത പുതിയ സംരംഭമാണ് കോളേജ് സ്പോർട്സ് ലീഗ്. മത്സര കായിക ഇനങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് അർത്ഥവത്തായ ജീവിതാനുഭവങ്ങൾ നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

530. ശാസ്ത്രീയ പിന്തുണയും അത്‌ലറ്റുകൾക്ക് ആധുനിക വൈദ്യസഹായവും നൽകുന്നതിനുമായി ലക്ഷ്യമിട്ട് നടപ്പാക്കുന്ന, “സ്പോർട്സ് സയൻസ് & ടെക്നോളജി പ്രയോജനപ്പെടുത്തൽ” പദ്ധതിക്കായി 6.90 കോടി രൂപ വകയിരുത്തുന്നു.

531. ഭിന്നശേഷിക്കാർക്കായുള്ള കായിക പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും പാരാലിമ്പിക്സ് സംഘടിപ്പിക്കുന്നതിനുമായി പുതിയ പദ്ധതി ആരംഭിക്കും. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു.

532. തിരുവനന്തപുരത്തെ ജി.വി. രാജ സ്പോർട്സ് സ്കൂളിനും കണ്ണൂർ സ്പോർട്സ് ഡിവിഷനും 17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുന്നംകുളത്തെ ഗവൺമെന്റ് ബോയ്സ് എച്ച്എസ്എസിലെ തൃശ്ശൂർ സ്പോർട്സ് ഡിവിഷനെ പൂർണ്ണമായും റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളായും മികവിന്റെ കേന്ദ്രമായും മാറ്റുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 7.50 കോടി രൂപ വകയിരുത്തുന്നു.

533. ജില്ലാ, കോളേജ്, സ്കൂൾ തലങ്ങളിലുള്ള കായിക അക്കാദമികളുടെ സ്ഥാപനത്തിനും പ്രവർത്തന ചെലവുകൾക്കുമായി 17 കോടി രൂപ വകയിരുത്തുന്നു.

534. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് താഴെത്തട്ടിൽ കായിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് 12 കോടി രൂപ വകയിരുത്തുന്നു.

**ബ്രണ്ണൻ സ്പോർട്സ് സയൻസ് അക്കാദമി**

535. തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിലെ കായിക സൗകര്യങ്ങളെ ഒരു റസിഡൻഷ്യൽ സ്പോർട്സ് അക്കാദമിയായി ഉയർത്താൻ ഉദ്ദേശിക്കുന്നു.

പ്രാരംഭപ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

## കണ്ണൂരിലെ ഇന്റഗ്രേറ്റഡ് ഇന്റർനാഷണൽ സ്പോർട്സ് ഹബ്

536. ഉന്നത നിലവാരമുള്ള സ്പോർട്സ് സൗകര്യങ്ങളും ഉയർന്ന വരുമാനമുള്ള വാണിജ്യ റിയൽ എസ്റ്റേറ്റ് പ്രവർത്തനങ്ങളും സംയോജിപ്പിച്ചുകൊണ്ട് സ്വയം-സുസ്ഥിര പരിസ്ഥിതിയിൽ പ്രവർത്തിക്കുന്നതിനായി രൂപകൽപ്പന ചെയ്ത അടിസ്ഥാന സൗകര്യ പദ്ധതിയാണിത്. ഫിഫ നിലവാരമുള്ള ഫുട്ബോൾ സ്റ്റേഡിയവും എഫ്ഐഎച്ച് നിലവാരമുള്ള ഹോക്കി അരീനയും ഒരു ഷോപ്പിംഗ് മാളും 4-സ്റ്റാർ ഹോട്ടലും ഇതിലുൾപ്പെടും. പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകാ സാധ്യതയും പദ്ധതിക്കായി പരിശോധിക്കുന്നതാണ്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

537. സ്പോർട്സ് ഡെവലപ്മെൻറ് ഫണ്ട് രൂപീകരിക്കുന്നതിന് വേണ്ടി കേരള സ്പോർട്സ് കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. സ്വകാര്യമേഖലയിൽ നിന്നും, മറ്റ് വിവിധ മാർഗ്ഗങ്ങളിൽ നിന്നും പ്രസ്തുത ഫണ്ടിലേക്ക് സംഭാവനകൾ സ്വരൂപിക്കാൻ ലക്ഷ്യമിടുന്നു . പി പി പി മോഡലിൽ സ്പോർട്സ് ഡെവലപ്മെൻറ് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് മോഡിൽ വിവിധ കായിക വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു. സ്പോർട്സ് ഡെവലപ്മെൻറ് ഫണ്ടിനായി 15 കോടി രൂപ വകയിരുത്തുന്നു.

538. പ്രൈമറി സ്കൂൾ തലം മുതൽ 'Healthy Kids'- Play for health എന്നൊരു പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു അതിനുവേണ്ടി 7.50 കോടി രൂപ വകയിരുത്തുന്നു.

539. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 45.60 കോടി രൂപ വകയിരുത്തുന്നു.

540. സംസ്ഥാനത്ത് ആരോഗ്യവാന്മാരായ സ്കൂൾ വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് ഒരു കായിക സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനു 12 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 7.40 കോടി രൂപ അധികമാണ്.

541. യുവജനങ്ങൾക്ക് അവരുടെ കലാ-കായിക കഴിവുകൾ കണ്ടെത്താനും പ്രകടിപ്പിക്കാനും വികസിപ്പിക്കാനും വേദിയൊരുക്കുന്നതിനായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് എല്ലാ വർഷവും സംഘടിപ്പിക്കുന്ന ഒരു പ്രധാന പദ്ധതിയാണ് കേരളോത്സവം. ഈ പദ്ധതിക്കായി 6.50 കോടി രൂപ വകയിരുത്തുന്നു.

542. ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാദമി നിർമ്മാണ പ്രവർത്തനങ്ങൾക്കായി 8 കോടി രൂപ വകയിരുത്തുന്നു.

**വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും**

543. കേരളത്തിന്റെ ആരോഗ്യരംഗം വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന മികച്ച ആരോഗ്യ സൂചികകളിലൂടെ

ആഗോളതലത്തിൽ ശ്രദ്ധേയമായ ഒരു മാതൃകയാണ്. മനുഷ്യന്റെ ശാരീരിക ആരോഗ്യം എന്ന പരിമിതമായ കാഴ്ചപ്പാടിൽ നിന്നും പ്രകൃതിയുടെയും പരിസ്ഥിതി യുടെയും നിലനിൽപ്പിനെ കൂടി പരിഗണിക്കുന്ന പ്ലാനറ്ററി ഹെൽത്ത് എന്ന വിശാലമായ ലക്ഷ്യത്തിലേക്ക് പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിലൂടെ മാറിയ കേരളം, ചികിത്സാ ചിലവുകൾ കുറയ്ക്കുന്നതിനും ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം തന്നെ ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാ രീതികളെ ശക്തിപ്പെടുത്തുന്നതിനും മുൻഗണന നൽകി.

544. വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും മേഖലയ്ക്കുള്ള പദ്ധതി വിഹിതം ഗണ്യമായി വർദ്ധിപ്പിച്ച് 2500.31 കോടി രൂപ വകയിരുത്തുന്നു., ഇത് കഴിഞ്ഞ വർഷത്തെ വിഹിതത്തെക്കാൾ **350.12 കോടി രൂപ** (16.28%) കൂടുതലാണ്.

545. ലോകമെമ്പാടുമുള്ള മരണകാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട നാല് കാരണങ്ങളിൽ ഒന്നാണ് ന്യുമോണിയ. പ്രായമായവരിൽ, പ്രത്യേകിച്ച് ചില വിട്ടുമാറാത്ത രോഗാവസ്ഥകളുള്ളവരിൽ, ന്യുമോകോക്കൽ രോഗം വരാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ കേരളത്തിലെ വയോധികർക്കിടയിൽ **ന്യുമോകോക്കൽ വാക്സിനേഷൻ പരിപാടി** നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ബിപിഎൽ കുടുംബങ്ങളിലെ 60 വയസ്സും അതിൽ കൂടുതലുമുള്ള പ്രായമായ വ്യക്തികളെയാണ് ഈ

പരിപാടി പ്രധാനമായും കേന്ദ്രീകരിക്കുന്നത്. ഈ പരിപാടിക്കായി **50 കോടി രൂപ** വകയിരുത്തുന്നു.

546. ഡയാലിസിസ് സൗകര്യമില്ലാത്ത എല്ലാ താലൂക്ക് തല ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കും. അങ്ങനെ, താലൂക്ക് തലം വരെയുള്ള എല്ലാ ആശുപത്രികളിലും ഈ സൗകര്യം ഉള്ള **ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറും.** ഈ പദ്ധതിക്കായി 14.20 കോടി രൂപ വകയിരുത്തുന്നു.

547. മലബാർ കാൻസർ സെന്ററിന് 50 കോടി രൂപ, കൊച്ചിൻ കാൻസർ സെന്ററിന് 30 കോടി രൂപ, ആർ.സി.സിക്ക് 90 കോടി രൂപ, മെഡിക്കൽ കോളേജുകൾ വഴിയുള്ള കാൻസർ ചികിത്സയ്ക്ക് 30 കോടി രൂപ, ജില്ലാ/താലൂക്ക് ആശുപത്രികൾക്ക് 3 കോടി രൂപ എന്നിവ ഉൾപ്പെടെ കാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കുമായി ആകെ 203 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ വിഹിതത്തെ ക്കാൾ എം.സി.സി, ആർ.സി.സി, എന്നിവയ്ക്ക് 15 കോടി രൂപ വീതവും സി.സി.ആർ.സി. ക്ക് 12 കോടി രൂപയും മെഡിക്കൽ കോളേജുകൾക്ക് 10 കോടി രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്.

548. പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്കായി സംസ്ഥാന പദ്ധതിയിൽ 6.50 കോടി രൂപ നീക്കിവയ്ക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആയുഷ് വകുപ്പുകളും, എൻ.എച്ച്.എം ഉം വഴി ചെലവഴിക്കുന്ന വിഹിതത്തിന് പുറമെയാണിത്.

549. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) 42.09 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് സർക്കാർ, എംപാനൽഡ് സ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നു, ഇതിൽ വരുമാന പരിധി കണക്കിലെടുക്കാതെ എല്ലാ ഭിന്നശേഷിക്കാരും ട്രാൻസ്ജെൻഡർ വ്യക്തികളും ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി **900 കോടി രൂപ** നീക്കിവയ്ക്കുന്നു. കഴിഞ്ഞ വർഷത്തേക്കാൾ 200 കോടി രൂപ കൂടുതലാണ് വിഹിതം.

550. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർജിക്കൽ റോബോട്ട് സ്ഥാപിക്കുന്നത് മെഡിക്കൽ വിദ്യാഭ്യാസ ത്തിനും ശസ്ത്രക്രിയാ നടപടിക്രമങ്ങളുടെ കൃത്യതയ്ക്കും സഹായകമാകും. ഈ പദ്ധതിക്കായി 12 കോടി രൂപ വകയിരുത്തുന്നു.

551. കേരള ഡിജിറ്റൽ ഹെൽത്ത് മിഷന്റെ അടങ്കൽ 27.60 കോടി രൂപയും, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡിപ്പാർട്ട്മെന്റിന് 2.25 കോടി രൂപയും, ഔഷധിക്ക് 2.30 കോടി രൂപയും, ഹോംകോയ്ക്ക് 1 കോടി രൂപയും വകയിരുത്തുന്നു.

552. കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs), ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ വഴി നൽകുന്ന സമഗ്രമായ പ്രാഥമിക ആരോഗ്യ സേവനങ്ങളുടെ സ്ഥാപന വൽക്കരണത്തിലൂടെ ആർദ്രം മിഷന്റെ രണ്ടാം ഘട്ടം സുസ്ഥിരമാക്കുന്നതിനായി 70.92 കോടി രൂപ വകയിരുത്തുന്നു.

553. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ആശുപത്രി മാലിന്യ സംസ്കരണത്തിനായി 22 കോടി രൂപ നീക്കിവെക്കുന്നു. ഇതിനു പുറമെ ആരോഗ്യ സേവന വകുപ്പിന് 3.10 കോടി രൂപയും വകയിരുത്തുന്നു.

554. ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ, പാരാമെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 10 കോടി രൂപ വകയിരുത്തുന്നു.

555. ഡിഎച്ച്എസിന് കീഴിലുള്ള ആശുപത്രികളിൽ കാത്ത് ലാബും ഐസിയുവും സ്ഥാപിക്കുന്നതിന് 7 കോടി രൂപ വകയിരുത്തുന്നു.

556. ഗോത്ര-തീരദേശ-ഒറ്റപ്പെട്ട പ്രദേശങ്ങളിലെ ആശുപത്രികളുടെയും ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളുടെയും സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 13 കോടി രൂപ വകയിരുത്തുന്നു.

557. ഡി.എം.ഇ.യുടെ കീഴിലുള്ള മെഡിക്കൽ കോളേജുകൾക്കായി നീക്കിവച്ചിരിക്കുന്ന വിഹിതം 259.93 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 37.13 കോടി രൂപ കൂടുതലാണ്. ഇടുക്കി, കോന്നി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലെ പുതിയ മെഡിക്കൽ കോളേജുകൾ കൂടുതൽ ശക്തിപ്പെടുത്തും. ഈ പദ്ധതിക്കായി 57.09 കോടി രൂപ വകയിരുത്തുന്നു.

558. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA) സ്ഥാപിക്കുന്നത് ഉൾപ്പെടെ ആയുഷ്

വകുപ്പുകളിലെ ഗവേഷണവും വികസനവും ശക്തിപ്പെടുത്തും. ഈ പദ്ധതിക്കായി 2.50 കോടി രൂപ വകയിരുത്തുന്നു.

559. ഇടുക്കി ഉടുമ്പൻചോലയിലുള്ള പുതിയ സർക്കാർ ആയുർവേദ കോളേജിന് 1.50 കോടി രൂപ വകയിരുത്തുന്നു.

560. വേദന-സാന്ത്വന-വയോജന ആരോഗ്യ പരിചരണ കേന്ദ്രങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

561. പകർച്ചവ്യാധികളുടെ നിയന്ത്രണം എന്ന പദ്ധതിക്കായി 12 കോടി രൂപയും സാംക്രമികേതര രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 13 കോടി രൂപയും വകയിരുത്തുന്നു.

562. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളുടെ വിവിധ പ്രവർത്തനങ്ങൾക്കായി 9 കോടി രൂപ വകയിരുത്തുന്നു.

563. കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്റ്റിനു (108 ആംബുലൻസ്) കീഴിലെ കനിവ് എന്ന പദ്ധതിക്ക് 38 കോടി രൂപ വകയിരുത്തുന്നു.

564. പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ വകയിരുത്തുന്നു.

565. സർ, ജില്ലാ ആശുപത്രികളിൽ മെനോപോസ് ക്ലിനിക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി 3 കോടി രൂപ വകയിരുത്തുന്നു.

**നാഷണൽ ഹെൽത്ത് മിഷൻ**

566. നാഷണൽ ഹെൽത്ത് മിഷന്റെ വിവിധ ഘടകങ്ങൾക്കുള്ള 40 ശതമാനം സംസ്ഥാന വിഹിതമായി **465.20 കോടി** രൂപ വകയിരുത്തുന്നു.

567. പി.എം - അഭിം പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന വിഹിതമായി 25 കോടി രൂപ വകയിരുത്തുന്നു.

**മൃതസഞ്ജീവനി**

568. മറ്റിടങ്ങളിലെ ചികിൽസാച്ചെലവ് താങ്ങാനാകാത്ത നിരവധി നിർധന രോഗികൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. മൃതസഞ്ജീവനി പദ്ധതിക്കായി 2.50 കോടി രൂപ വകയിരുത്തുന്നു.

**ഗ്രാമീണ കുടിവെള്ള വിതരണം**

569. ജൽ ജീവൻ മിഷൻ (JJM) പദ്ധതിയും മറ്റു വിവിധ സംസ്ഥാന പദ്ധതികളും വഴി ഗ്രാമീണ ജനതയ്ക്ക് സുരക്ഷിതമായ പൈപ്പ് കുടിവെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ഗ്രാമീണ ജനസംഖ്യയുടെ 65.22 ശതമാനം പേർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. ഈ സേവനം കൂടുതൽ വ്യാപിപ്പിക്കുന്നതിനായി 2026-27 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് 659.57 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിഹിതം ഉൾപ്പെടെ ആകെ പദ്ധതി

ചെലവ് 2240 കോടി രൂപയായിരിക്കും. ജൽ ജീവൻ മിഷൻ പദ്ധതിയ്ക്ക് വേണ്ടി നബാർഡിൽ നിന്ന് വായ്പയായി എടുത്ത 3750 കോടി രൂപ ഉൾപ്പെടെ ആകെ 9783.28 കോടി രൂപ സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

570. ജല ഗുണനിലവാര നിരീക്ഷണവും പരിശോധനയും, ഗ്രേ വാട്ടർ മാനേജ്മെന്റ് എന്നീ പ്രവർത്തനങ്ങൾക്കായി 11.56 കോടി രൂപ വകയിരുത്തുന്നു.

571. നൂതന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും സംയോജിപ്പിച്ച് ജല വിതരണ മേഖലയിലെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ സംസ്ഥാന പദ്ധതികൾക്കായി 58 കോടി രൂപ വകയിരുത്തുന്നു.

572. ജലസ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കും ഭൂഗർഭ ജലനിരപ്പ് ക്രമാനുഗതമായി മെച്ചപ്പെടുത്തുന്നതിനും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 21 കോടി രൂപ വകയിരുത്തുന്നു.

573. കേരള വാട്ടർ അതോറിറ്റിയുടെ മലിനജല നിവാരണ പദ്ധതികൾക്കായി 31 കോടി രൂപ വകയിരുത്തുന്നു.

574. കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്കുള്ള സുസ്ഥിര പിന്തുണയ്ക്കും ജലനിധി രണ്ടാംഘട്ട പൂർത്തീകരണത്തിനുമായി 32.35 കോടി രൂപ വകയിരുത്തുന്നു.

575. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ ജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിനും ഗ്രാമീണ മലിനജല നിവാരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനുമായി **70 കോടി** രൂപ വകയിരുത്തുന്നു.

576. ജലവിതരണ സേവനമില്ലാത്തതും മതിയായ സേവനം ലഭ്യമല്ലാത്തതുമായ പ്രദേശങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നിലവിലുള്ളവ പൂർത്തീകരിക്കുന്നതിനുമായി 24 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തേക്കാൾ 9 കോടി രൂപ അധികമാണ്.

577. പഴക്കംചെന്ന പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കൽ, കാലഹരണപ്പെട്ട പമ്പുകളുടെയും മോട്ടോറുകളുടെയും പുനരുദ്ധാരണം ഉൾപ്പെടെ വിവിധ ഉൽപ്പാദന വിതരണ പ്രവൃത്തികൾക്കായി 48 കോടി രൂപ വകയിരുത്തുന്നു.

578. മഴവെള്ള സംഭരണം, ഭൂഗർഭ ജല റീചാർജ്ജിംഗ് എന്നീ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.

**ഭവന നിർമ്മാണം**

579. ലൈഫ് മിഷൻ പദ്ധതിയുടെ പരിധിയിൽ വരാത്ത ഗുണഭോക്താക്കളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ EWS/LIG വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന് സബ്സിഡി നൽകുന്നതിനായി 33.19 കോടി രൂപ വകയിരുത്തുന്നു.

580. ജീർണ്ണിച്ച വീടുകൾ പുനർനിർമ്മിക്കുന്നതിനും, ഗുണഭോക്താക്കൾക്ക് ആവശ്യമായ അടിസ്ഥാന

സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി എല്ലാ വീടുകളും ഘട്ടംഘട്ടമായി പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ എം.എൻ. ലക്ഷം വീട് പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.

581. വനിതാ-ശിശു വികസന വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന "തന്റെയിടം" പദ്ധതി തുടർന്ന് നടപ്പാക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു.

**കേരള നിർമ്മിതി കേന്ദ്രം**

582. നൂതന നിർമ്മാണ സാങ്കേതിക വിദ്യകൾ ഉറപ്പാക്കുന്നതിനായി കേരള നിർമ്മിതി കേന്ദ്രത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ട് നിർമ്മാണ മേഖലയിൽ ഒരു അത്യാധുനിക 'ടെക്നോളജി ഹബ്ബായി' വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 13.25 കോടി രൂപ വകയിരുത്തുന്നു.

583. ഗൃഹശ്രീ ഭവന പദ്ധതിക്കായി 24 കോടി രൂപ വകയിരുത്തുന്നു.

**തൊഴിലും തൊഴിലാളി ക്ഷേമവും**

584. കേന്ദ്ര സർക്കാർ നാല് പുതിയ ലേബർ കോഡുകൾ നടപ്പിലാക്കിയ സാഹചര്യത്തിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനും തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധത സംസ്ഥാന

സർക്കാരിനുണ്ട്. ഇതിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനായി ഒരു ദേശീയ തൊഴിൽ കോൺക്ലേവ് സംഘടിപ്പിക്കുകയും ചെയ്തു. തൊഴിൽ, തൊഴിലാളി ക്ഷേമ മേഖലകൾക്കായി **950.89 കോടി രൂപ** വകയിരുത്തുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് പദ്ധതി വിഹിതത്തിൽ 436.45 കോടി രൂപയുടെ (84.83%) വർദ്ധനവാണ് വരുത്തിയിരിക്കുന്നത്.

585. തിരുവനന്തപുരം ടെക്നോപാർക്കിലും എറണാകുളം ഇൻഫോപാർക്കിലും ജോലി ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതവും നിലവാരമുള്ളതുമായ താമസസൗകര്യം ലഭ്യമാക്കുന്നതിനായി കേരള സർക്കാർ ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ഐടി പാർക്കുകൾ നൽകുന്ന സ്ഥലത്ത് ഐടി ജീവനക്കാർക്കുള്ള ഹോസ്റ്റലുകൾ നിർമ്മിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

586. പരമ്പരാഗത തൊഴിൽമേഖലയായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കശുവണ്ടി, കയർ, തഴപ്പായ, കരകൗശല നിർമ്മാണം തുടങ്ങിയ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്ക് **107 കോടി രൂപ** വകയിരുത്തുന്നു. ഇത് കഴിഞ്ഞ വർഷത്തെ ബജറ്റിൽ നീക്കിവച്ച തുകയേക്കാൾ 7 കോടി രൂപ കൂടുതലാണ്.

587. തൊഴിലിനായി കേരളത്തിലെത്തുന്ന അന്തർസംസ്ഥാന തൊഴിലാളികളുടെ ഉന്നമനത്തിനായി വിവിധ പദ്ധതി

കൾ നടപ്പിലാക്കുന്ന ഏക സംസ്ഥാനമാണ് കേരളം. ഈ പ്രവർത്തനങ്ങൾ തുടരുന്നതിനായി 5.75 കോടി രൂപ വകയിരുത്തുന്നു.

588. സംസ്ഥാനത്തിന്റെ നൈപുണ്യ വികസന മിഷനായ കെയ്സിനെയാണ് വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കെയ്സിന് 36 കോടി രൂപ വകയിരുത്തുന്നു.

589. ഐടിഐകളിലെ പരിശീലനത്തിന്റെ ഗുണനിലവാരവും അക്കാദമിക് മികവും ഉറപ്പാക്കുന്നതിനായി 2026-27 ബജറ്റിൽ ഗണ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഐടിഐകളുടെ ആധുനികവൽക്കരണം, ശക്തിപ്പെടുത്തൽ, നിലവാരം ഉയർത്തൽ, പുതിയ ഐടിഐകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി ആകെ 44.60 കോടി രൂപ വകയിരുത്തുന്നു.

590. ശരണ്യ പദ്ധതിക്കായി 17.50 കോടി രൂപ വകയിരുത്തുന്നു.

591. തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായുള്ള കൈവല്യ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ വകയിരുത്തുന്നു.

592. ആഗോള തലത്തിലെ മാറിവരുന്ന രാഷ്ട്രീയ സാമ്പത്തിക പശ്ചാത്തലവും സ്വദേശിവൽക്കരണ നയങ്ങളും കാരണം

പ്രവാസികൾ കേരളത്തിലേക്ക് കൂട്ടമായി മടങ്ങിവരുന്ന സാഹചര്യം നിലവിലുണ്ട്. നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന സമഗ്ര പദ്ധതികളിലൂടെ, സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതുവഴി മടങ്ങിവന്ന പ്രവാസികൾക്ക് സുസ്ഥിരമായ ഉപജീവന മാർഗ്ഗം ഉറപ്പാക്കി അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതിക്കായി 65 കോടി രൂപ വകയിരുത്തുന്നു.

593. പ്രവാസികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സാന്ത്വന പദ്ധതിക്ക് 35 കോടി രൂപ വകയിരുത്തുന്നു.

594. കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, മരണ സഹായം, ചികിത്സാ സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം എന്നിങ്ങനെ വിവിധ സഹായങ്ങൾ ബോർഡ് നൽകുന്നു. ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് 18 കോടി രൂപ വകയിരുത്തുന്നു.

595. നോർക്ക ക്ഷേമ ബോർഡ് വഴി നടപ്പിലാക്കുന്ന പ്രവാസി ഡിവിഡന്റ് സ്കീം പദ്ധതിക്കായി 6.50 കോടി രൂപ വകയിരുത്തുന്നു.

596. ലോക കേരള സഭ സംഘടിപ്പിക്കുന്നതിനും ലോക കേരളം ഓൺലൈൻ, ലോക കേരള കേന്ദ്രം, ലോക മലയാള കേന്ദ്രം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ

നടപ്പിലാക്കുന്നതിനുമായി 7.30 കോടി രൂപ വകയിരുത്തുന്നു.

**ആഗോള കേരള സാംസ്കാരിക ഉത്സവം**

597. കേരളത്തിന്റെ തനത് സംസ്കാരവും പാരമ്പര്യവും അടുത്ത തലമുറക്ക് കൈമാറുക എന്ന ലക്ഷ്യം മുൻനിർത്തി ആഗോള കേരള സാംസ്കാരിക ഉത്സവം നടത്തുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

**ഭിന്നശേഷി ക്ഷേമം**

598. ഭിന്നശേഷി മേഖലയ്ക്കായി **ആകെ 209.25 കോടി** രൂപ വകയിരുത്തുന്നു.

599. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് അവരുടെ പ്രാദേശിക തലത്തിൽ തന്നെ പരിചരണം ഉറപ്പാക്കുന്നതിനായി ബ്ലോക്ക് തലത്തിൽ കെയർ ഹോമുകൾ സ്ഥാപിക്കുന്നതാണ്. **"അൻപ് വീട്"** എന്ന ഈ പുതിയ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള മാതൃക യിലാണ് നടപ്പിലാക്കുക. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വർക്ക് ഡേ-കെയർ സൗകര്യവും കുറഞ്ഞ കാലയളവി ലേക്കുള്ള താമസ സൗകര്യവും ഇതിലൂടെ ലഭ്യമാക്കും. ഈ പദ്ധതിക്ക് തുടക്കം കുറിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു.

600. കിടപ്പിലായ രോഗികൾ, കഠിനമായ ശാരീരിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ, വയോധികർ,

ക്യാൻസർ രോഗികൾ എന്നിവരെ വീട്ടിൽ പരിചരിക്കുന്നവർക്ക് പ്രതിമാസ **ധനസഹായം 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിക്കുന്നു.** വർദ്ധിപ്പിച്ച നിരക്കിൽ ധനസഹായം നൽകുന്നതിന് ആശ്വാസകിരണം പദ്ധതിക്കുള്ള വിഹിതം **50 കോടി രൂപയിൽ നിന്ന് 100 കോടി രൂപയായി** ഉയർത്തുന്നു.

601. ഭിന്നശേഷിക്കാരുടെ ഏർലി ഇന്റർവെൻഷൻ, പുനരധിവാസം, പരിശീലനം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുന്നതിനായി ഈ മേഖലയിലെ ഉന്നത സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം ഗണ്യമായി വർധിപ്പിച്ചു. അഞ്ച് സ്ഥാപനങ്ങൾക്കായി ആകെ 64 കോടി രൂപ വകയിരുത്തുന്നു.

602. അക്കാദമിക് പ്രോഗ്രാമുകൾ, വൊക്കേഷണൽ ട്രെയിനിംഗ്/സ്കിൽ കോഴ്സുകൾ, മറ്റ് പരിശീലന-ജീവനോപാധി പരിപാടികൾ, പുനരധിവാസ സേവനങ്ങൾ, ഔട്ട്റീച്ച് പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി NIPMR -ന് 22.50 കോടി രൂപ വകയിരുത്തുന്നു.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH)**

603. കേൾവി, സംസാര ഭാഷാ വൈകല്യങ്ങൾ, നേരത്തെയുള്ള ഇടപെടൽ പരിപാടികൾ, ന്യൂറോ ഡെവലപ്മെന്റ് സയൻസസ്, ഒക്യുപേഷണൽ തെറാപ്പി എന്നിവയിലെ ഗവേഷണം, നവീകരണം, ചികിത്സ, അക്കാദമിക് പ്രോഗ്രാമുകൾ, ഔട്ട്റീച്ച്

പരിപാടികൾ എന്നിവയ്ക്കായി 27.50 കോടി രൂപ നീക്കിവയ്ക്കുന്നു.

604. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന് 4 കോടി രൂപയും ഇക്കോൺസിന് (ICCONS) 10 കോടി രൂപയും ഇംഹാൻസിന് (IMHANS) 5 കോടി രൂപയും വകയിരുത്തുന്നു.

605. തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മുതിർന്ന പൗരന്മാർക്ക് പകൽസമയ പരിചരണ സൗകര്യങ്ങൾ (Daycare facilities) നൽകുന്നതിനായി 'സായംപ്രഭ ഹോമുകൾ' നടത്തിവരുന്നു. മുമ്പ് തദ്ദേശ സ്ഥാപനങ്ങൾ നടത്തിവന്നിരുന്ന 'പകൽ വീടുകളെ' വിനോദം, ആരോഗ്യപരിചരണം, പോഷകാഹാര ലഭ്യത എന്നിവ കൂടി ഉൾപ്പെടുത്തി സായംപ്രഭ ഹോമുകളായി ഉയർത്തുകയാണ് ചെയ്യുന്നത്. ഈ പദ്ധതി തുടരുന്നതിനായി 14 കോടി രൂപ വകയിരുത്തുന്നു.

**വയോമിത്രം – മുതിർന്നവർക്ക് ഒരു സാന്ത്വനഹസ്തം**

606. നിലവിൽ 6 കോർപ്പറേഷനുകളിലും, 85 മുനിസിപ്പാലിറ്റി കളിലും, 4 ബ്ലോക്ക് പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. സൗജന്യ വൈദ്യപരിശോധന നൽകുന്ന മൊബൈൽ ക്ലിനിക്കുകൾ, പാലിയേറ്റീവ് ഹോം കെയർ, ആംബുലൻസ് സേവനങ്ങൾ, ആവശ്യമായ കൗൺസിലിംഗ് എന്നിവയിലൂടെ ഈ പദ്ധതി ഒരു ജീവനാഡിയായി പ്രവർത്തിക്കുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'വാതിൽപടി

സേവനം' പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി സാങ്കേതികവും സാമ്പത്തികവുമായ ഒരു പാലമായും വയോമിത്രം പ്രവർത്തിക്കും. ഇത് പരിചരണത്തിന്റെ തുടർച്ച ഉറപ്പാക്കും. വയോമിത്രം പദ്ധതിക്ക് **27.50 കോടി** രൂപ വകയിരുത്തുന്നു.

**വയോജന കമ്മീഷൻ**

607. സ്വതന്ത്രവും നിയമപരവുമായ ഒരു ബോഡിയായി വയോജന കമ്മീഷൻ ഔദ്യോഗികമായി രൂപീകരിച്ചു. മുതിർന്ന പൗരന്മാർക്കായി ഇത്തരമൊരു പ്രത്യേക കമ്മീഷൻ ആരംഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. മുതിർന്ന പൗരന്മാരുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുക എന്നതാണ് ഈ കമ്മീഷന്റെ അടിസ്ഥാന ചുമതല. കമ്മീഷന്റെ പരിപാടികൾ നടപ്പാക്കുന്നതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

608. വിരമിച്ച ആൾ ഇന്ത്യ സർവ്വീസ് ഉദ്യോഗസ്ഥരുടെ ജീവകാരുണ്യ കൂട്ടായ്മയായ **അനുയാത്രക്ക്** 5 ലക്ഷം രൂപ വകയിരുത്തുന്നു.

609. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയ്ക്കായുള്ള മഴവില്ല് പദ്ധതിക്കുള്ള വിഹിതം 6 കോടി രൂപയായി വർധിപ്പിച്ചു.

610. ലഹരി ഉപയോഗം എന്ന വിപത്തിനെ നേരിടുന്നതിനായി, കേവലം നിയമപാലനത്തിനപ്പുറം വിദ്യാഭ്യാസം, വിമുക്തി, സമഗ്ര പുനരധിവാസം

എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'ലഹരി കുറയ്ക്കുന്നതിനുള്ള കർമ്മപദ്ധതി' നടപ്പിലാക്കുന്ന തിനായി 2 കോടി രൂപ വകയിരുത്തുന്നു.

## സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

611. സ്ത്രീകളുടെയും കുട്ടികളുടെയും വികസനപരവും പോഷകാഹാരപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, അവരുടെ വികസനത്തിനും ക്ഷേമത്തിനുമായുള്ള വിഹിതം വർദ്ധിപ്പിച്ച് **484.81 കോടി രൂപ** വകയിരുത്തുന്നു.

612. സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും എല്ലാ പ്രവൃത്തിദിവസങ്ങളിലും മുട്ടയോ പാലോ നൽകുന്ന പദ്ധതി തുടരുന്നതിനായി 80.90 കോടി രൂപ വകയിരുത്തുന്നു.

613. പ്രസവാനുകൂല്യ നിയമം (Maternity Benefit Act) അനുസരിച്ചുള്ള ക്രഷുകൾ സ്ഥാപിക്കുന്നതിനായി 8 കോടി രൂപ വകയിരുത്തുന്നു.

614. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയും അന്തസ്സും ഉറപ്പാക്കുന്നതിൽ ലിംഗാധിഷ്ഠിത അതിക്രമങ്ങളോട് 'സീറോ ടോളറൻസ്' (ഒട്ടും വിട്ടുവീഴ്ചയില്ലാത്ത) സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ പ്രതിബദ്ധത പ്രായോഗികമാക്കുന്നതിനായി സംസ്ഥാനത്ത് നിർഭയ നയം നടപ്പിലാക്കിയിട്ടുണ്ട്.

615. ഈ സുരക്ഷാ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, പരിചരണ കേന്ദ്രങ്ങളുടെയും

പിന്തുണാ സേവനങ്ങളുടെയും സമഗ്രമായ വിപുലീ കരണം ലക്ഷ്യമിടുകയാണ്. നിലവിലുള്ള 14 എൻട്രി ഹോമുകൾ, എസ്.ഒ.എസ് (SOS) മോഡൽ ഹോമുകൾ, ഇന്റഗ്രേറ്റഡ് കെയർ സെന്ററുകൾ എന്നിവയുടെ ശൃംഖലയ്ക്കൊപ്പം, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഒരു പ്രത്യേക ഹോം (Home for Children with Psychiatric Needs) കൂടി സ്ഥാപിക്കുന്നതാണ്. കൂടാതെ, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആത്മ വിശ്വാസവും സ്വയംപ്രതിരോധ ശേഷിയും നൽകുന്ന തിനായി ആയോധനകലയിൽ പരിശീലനം നൽകുന്ന 'ധീര' പദ്ധതി 14 ജില്ലാതല വൺ സ്റ്റോപ്പ് സെന്ററുകൾക്കൊപ്പം വിപുലീകരിക്കും. ഈ സുപ്രധാന സംരക്ഷണ കേന്ദ്രങ്ങൾ, നിയമസഹായ സേവനങ്ങൾ, അതിജീവിച്ചവർ കേന്ദ്രീകരിച്ചുള്ള പുനരധിവാസ പരിപാടികൾ എന്നിവ തുടരുന്നതിനായി 13 കോടി രൂപ വകയിരുത്തുന്നു.

**ജയിലുകൾ**

616. ജയിലുകളിലെ തിരക്ക് പരിഹരിക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കേണ്ടതും, നിലവിലുള്ള ജയിലു കളിൽ സുരക്ഷയ്ക്കായി അത്യാധുനിക സാങ്കേതികവിദ്യ യിലുള്ള നിരീക്ഷണ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും അത്യാവശ്യ മാണ്. ജയിലുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ക്ഷേമപ്രവർത്തന ങ്ങൾക്കുമായി ജയിലുകളുടെ നവീകരണത്തിനും തടവുകാരുടെ ക്ഷേമത്തിനുമുള്ള പരിപാടികൾ തുടരും.

ജയിലുകളുടെ നവീകരണത്തിനായി 47 കോടി രൂപയുടെ വർധിപ്പിച്ച വിഹിതം വകയിരുത്തുന്നു.

## നഗര വികസനം

617. അതിവേഗം നഗരവൽക്കൃതമായിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. 2050 ആകുമ്പോഴേക്കും ജനസംഖ്യയുടെ 80 ശതമാനത്തിലധികം നഗരപ്രദേശങ്ങളിൽ താമസിക്കുമെന്നാണ് പ്രൊജക്റ്റഡ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് എല്ലാവരെയും ഉൾക്കൊള്ളുന്നതും, കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതും, സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതും പൗരകേന്ദ്രീകൃതവുമായ സമഗ്ര നഗരവികസനത്തിനാണ് നാം ഊന്നൽ നൽകുന്നത്.

618. രാജ്യത്ത് ആദ്യമായി ഒരു അർബൻ പോളിസി കമ്മീഷനെ (KUPC) ഇടതു സർക്കാരാണ് 2023 ൽ നിയമിച്ചത്. കേരളത്തിന്റെ നഗരവൽക്കരണത്തിന്റെ ദിശ നിർണയിക്കുന്നതിന് പ്രായോഗികമായ നിരവധി നിർദ്ദേശങ്ങളാണ് കമ്മീഷൻ മുന്നോട്ട് വച്ചിട്ടുള്ളത്. നമ്മുടെ നഗരങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും പൗര സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും നഗരങ്ങളുടെ സൗകര്യവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് കമ്മീഷൻ സമർപ്പിച്ചിരിക്കുന്നത്.

619. നഗരവൽക്കരണത്തിന്റെ വേഗതയും വികസന ലക്ഷ്യങ്ങളും കണക്കിലെടുത്ത്, അടിസ്ഥാന സൗകര്യ ങ്ങൾ, മാലിന്യസംസ്കരണം, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയെ പിന്തുണയ്ക്കുന്നതിനായി നഗരവികസന ത്തിനുള്ള വിഹിതം സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 74.56 കോടി രൂപയുടെ (7.31 ശതമാനം) വർദ്ധനവോടെ, സംസ്ഥാന പദ്ധതിയിൽ നഗരവികസനത്തിനായി 1,094.58 കോടി രൂപ വകയിരുത്തുന്നു.

**ലൈഫ് മിഷൻ**

620. നഗര, ഗ്രാമീണ, പട്ടികജാതി, പട്ടികവർഗ മേഖലകളിലെ ലൈഫ് മിഷൻ പദ്ധതികൾക്കായി 1,497.26 കോടി രൂപ വകയിരുത്തുന്നു.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

621. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് മുൻ വർഷത്തേക്കാൾ 20 കോടി രൂപയുടെ വർദ്ധനവോടെ 200 കോടി രൂപ വകയിരുത്തുന്നു. ഈ വിഹിതം പ്രതിദിനം 369 രൂപ വേതന നിരക്കിൽ ഏകദേശം 50 ലക്ഷം വ്യക്തിദിന തൊഴിൽ സൃഷ്ടിക്കും.

**ശുചിത്വവും മാലിന്യ സംസ്കരണവും**

622. സംസ്ഥാനത്ത് ആദ്യമായി എട്ട് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള 100 നഗരങ്ങളുടെ പട്ടികയിൽ ഇടം നേടി. മാതൃകാപരമായ പ്രകടനം ഉയർത്തിക്കാട്ടി, മട്ടന്നൂർ

മുനിസിപ്പാലിറ്റിക്ക് പ്രത്യേക വിഭാഗത്തിൽ മിനിസ്റ്റീരിയൽ അവാർഡ് ലഭിച്ചു.

623. **ഗ്രാമ, നഗര മേഖലകളിലെ വിവിധ ഖരമാലിന്യ** സംസ്കരണ പദ്ധതികൾക്കായി മുൻ വർഷത്തേക്കാൾ 145.26 കോടി രൂപയുടെ വർധനവോടെ ആകെ 537.48 കോടി രൂപ വകയിരുത്തുന്നു.

624. നഗരവികസന മേഖലയ്ക്ക് കീഴിൽ, വിവിധ നിർവ്വഹണ ഏജൻസികൾ വഴി മാലിന്യ സംസ്കരണ പദ്ധതികൾക്കായി 326.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശുചിത്വ കേരളത്തിനായി 20 കോടി രൂപയും, സ്വച്ഛ് ഭാരത് മിഷൻ (നഗര) പദ്ധതിയുടെ സംസ്ഥാന വിഹിതമായി 25.62 കോടി രൂപയും വകയിരുത്തുന്നു.

625. സംസ്ഥാനത്തെ മാലിന്യ സംസ്കരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി, പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്തുടനീളം 'ക്ലസ്റ്റർ-ലെവൽ വേസ്റ്റ് മാനേജ്മെന്റ് ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട് (അർബൻ)' എന്ന പുതിയ പദ്ധതി ആരംഭിക്കും. ശുചിത്വ മിഷന്റെ കീഴിലുള്ള ഈ പുതിയ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

626. കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (ഇ.എ.പി) യുടെ വിഹിതമായി 240 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 29.73 ശതമാനം വർധനവാണ് വരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ നൽകുന്ന നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം മുൻ വർഷത്തെ അപേക്ഷിച്ച്

45 കോടി രൂപ വർദ്ധിപ്പിച്ച് 160 കോടി രൂപയായി വകയിരുത്തുന്നു.

627. 'സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ വികസനം' എന്ന പദ്ധതിക്ക് കീഴിൽ പാലക്കാട്ടെ വേസ്റ്റ് ടു ഇനർജി (WtoE) പ്ലാന്റിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ് 29.11 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

628. സിറ്റിസ് 2.0 (സി.ഐ.റ്റി ഐ.ഐ.എസ് 2.0) പദ്ധതി പ്രകാരം, തിരുവനന്തപുരത്തിനായി ഒരു സമഗ്ര ഖരമാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 9.75 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

629. ഗ്രാമവികസന മേഖലയ്ക്ക് കീഴിൽ, ശുചിത്വ കേരളം പദ്ധതിയ്ക്കും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ സംസ്ഥാന വിഹിതത്തിനും ക്ലസ്റ്റർ ലെവൽ വേസ്റ്റ് മാനേജ്മെന്റ് ഇൻഫ്രാസ്ട്രക്ചർ (റൂറൽ) എന്ന പുതിയ പദ്ധതിയ്ക്കുമായി 51 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തേക്കാൾ 13.50 കോടി രൂപയുടെ വർദ്ധനവാണ്.

**അമൃത് 2.0**

630. പൈപ്പ് ജലവിതരണം സാർവത്രികമാക്കൽ, മലിനജല-സെപ്റ്റേജ് മാനേജ്മെന്റ്, ജല പുനരുപയോഗം, ജലാശയങ്ങളുടെ പുനരുജ്ജീവനം, ഹരിത ഇടങ്ങളും പാർക്കുകളും സൃഷ്ടിക്കൽ എന്നിവ ലക്ഷ്യമിട്ടുള്ള അമൃത്

2.0 പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായി 299.62 കോടി രൂപ വകയിരുത്തുന്നു.

**സ്ഥലപര ആസൂത്രണം**

631. തദ്ദേശസ്വയംഭരണവകുപ്പിന്റെ സ്ഥലപര ആസൂത്രണ പ്രവർത്തനങ്ങൾക്ക് 6.17 കോടി രൂപ വകയിരുത്തുന്നു.

**വികസന അതോറിറ്റികൾ**

632. വട്ടിയൂർക്കാവ് ജംഗ്ഷൻ പദ്ധതിയും ഷീ ഹോസ്റ്റലും പൂർത്തിയാക്കുന്നതിനായി വികസന അതോറിറ്റികളായ ട്രിഡയ്ക്കും ജിസിഡിഎയ്ക്കുമായി മൊത്തം 12 കോടി രൂപ വകയിരുത്തുന്നു.

**പട്ടികജാതി വികസനം**

633. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പട്ടികജാതി ഉപപദ്ധതിയ്ക്ക് ആകെ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനമായ 3507 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 1929 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും ബാക്കി 1578 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കുമായി വകയിരുത്തുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് പട്ടികജാതി ഉപപദ്ധതിയിൽ 318.75 കോടി രൂപയുടെ വർദ്ധനവുണ്ട്.

634. പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ഭൂമി, ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം, തൊഴിൽ/ ഉപജീവനം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യ-സാമൂഹ്യ സുരക്ഷ എന്നീ മേഖലകൾക്ക്

പ്രാധാന്യം നൽകികൊണ്ടുള്ള വികസന പ്രക്രിയ തുടരാനാണ് 2026-27 വാർഷിക പദ്ധതിയിൽ സർക്കാർ ലക്ഷ്യമിടുന്നത്.

635. പട്ടികജാതി വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് സർക്കാർ മുൻഗണന നൽകുന്നു. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി 677.11 കോടി രൂപ വകയിരുത്തുന്നു. മുൻ വർഷത്തേക്കാൾ 90.53 കോടി രൂപയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.

636. കേന്ദ്ര സർക്കാർ, വിവിധ കേന്ദ്ര സ്കോളർഷിപ്പ് പദ്ധതികൾക്കുള്ള സാമ്പത്തിക പിന്തുണയിൽ കുറവുവരുത്തുന്ന സന്ദർഭത്തിലും, കേരളം അധിക ബാധ്യത വഹിക്കുകയും ഉയർന്ന നിരക്കിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയാണ്.

637. പട്ടികജാതി വിദ്യാർത്ഥികളുടെ 'വിദ്യാഭ്യാസ സഹായം' എന്ന പദ്ധതിക്കായി 242 കോടി രൂപ വകയിരുത്തുന്നു.

638. പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു.

639. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ (എംആർഎസ്) നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി 22 കോടി രൂപ വകയിരുത്തുന്നു.

640. പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള രണ്ട് പദ്ധതികൾക്കും കൂടി 75.53 കോടി രൂപ വർദ്ധിപ്പിച്ചുകൊണ്ട് ആകെ 370 കോടി രൂപ വകയിരുത്തുന്നു.

641. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 44 ഐ.റ്റി.ഐ.-കളുടെ നടത്തിപ്പിനും, ആധുനിക വത്കരണത്തിനും, പുനരുജ്ജീവനത്തിനുമായി പുതിയ പദ്ധതി 2026-27-ൽ നടപ്പിലാക്കും. ഇതിനായി 15 കോടി രൂപ വകയിരുത്തുന്നു.

642. പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും പാർപ്പിടവും നൽകുക എന്നത് സർക്കാരിന്റെ മുൻഗണനാ മേഖലയാണ്. പട്ടികജാതി വിഭാഗങ്ങളിലെ ജനങ്ങൾക്ക് മാന്യമായ ഭവന സൗകര്യം ഉറപ്പാക്കുന്നതിനും വീട് നിർമ്മാണത്തിനുള്ള ഭൂമി ലഭ്യമാക്കുന്ന പദ്ധതികൾക്കുമായി ആകെ **746 കോടി രൂപ** വകയിരുത്തുന്നു. മുൻ വർഷത്തേക്കാൾ 28.80 കോടി രൂപയാണ് ഈ മേഖലയിലെ പദ്ധതികൾക്കായി വർദ്ധിപ്പിച്ചിട്ടുള്ളത്.

643. പട്ടികജാതി മേഖലയിൽ ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷന് കീഴിൽ ആകെ 1,26,750 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുവാൻ

കഴിഞ്ഞിട്ടുണ്ട്. കൂടാതെ 29,383 -ൽ അധികം വീടുകൾ നിർമ്മാണ ഘട്ടത്തിലുമാണ്.

644. 'സേഫ്' പദ്ധതി നിർവ്വഹണവും 'പഠനമുറി നിർമ്മാണവും' എന്നീ പദ്ധതികൾക്കായി മുൻ വർഷത്തേക്കാൾ 14 കോടി രൂപയുടെ വർദ്ധനവോടെ 254 കോടി രൂപ വകയിരുത്തുന്നു.

645. ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമിക്കുന്നതിന് ഭൂമി നൽകുന്നതിനായി 177 കോടി രൂപ വകയിരുത്തുന്നു.

646. പട്ടികജാതി വിഭാഗക്കാരുടെ നൈപുണ്യ പരിശീലന ങ്ങൾക്കും സംരംഭകത്വ വികസനത്തിനും അവരുടെ തൊഴിലവസരങ്ങൾ വിപുലീകരിക്കുന്നതിനുള്ള പരിപാടികൾക്കുമായി 109.41 കോടി രൂപ വകയിരുത്തുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 33.21 കോടി രൂപയുടെ വർദ്ധനവാണ് ഈ മേഖലയിലെ പദ്ധതികൾക്കുള്ള വിഹിതത്തിൽ വരുത്തിയിട്ടുള്ളത്.

647. 'തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം' എന്ന പദ്ധതിയ്ക്ക് മുൻ വർഷത്തേക്കാൾ 15 കോടി രൂപ വർദ്ധിപ്പിച്ചു കൊണ്ട് 75 കോടി രൂപ വകയിരുത്തുന്നു.

648. പട്ടികജാതി സമുദായങ്ങളിലെ നിലവിലുള്ള സംരംഭ കർക്ക് അവരുടെ ബിസിനസ് സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുള്ള 'സംരംഭകത്വ വികസന

പരിപാടി' എന്ന പദ്ധതിയ്ക്ക് 10 കോടി രൂപ വകയിരുത്തുന്നു.

649. പട്ടികജാതിക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 'കെ-ബിസ്സ്- പട്ടികജാതി സംരംഭകത്വ വികസന മിഷൻ' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

650. പട്ടികജാതി വിഭാഗത്തിലെ സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 'വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പരിപാടി' എന്ന പുതിയ പദ്ധതി കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പാക്കും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

651. പട്ടികജാതി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പുതിയ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

652. പട്ടികജാതി നഗറുകളിലെ റോഡ്, കുടിവെള്ളം, വൈദ്യുതി, ശുചിത്വം എന്നിവ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്ന പദ്ധതികൾക്ക് 138 കോടി രൂപ വകയിരുത്തുന്നു.

653. പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതിയ്ക്ക് 65 കോടി രൂപയും പട്ടികജാതി ഉപപദ്ധതിയ്ക്കായുള്ള കോർപ്പസ് ഫണ്ട് പദ്ധതിക്കായി 53 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

654. 5 മുതൽ 15 വരെ കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള 'പട്ടികജാതി നഗറുകളുടെ (ഐശ്വര്യ ഗ്രാമം) അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിനുള്ള സ്പെഷ്യൽ പാക്കേജ്'' എന്ന പദ്ധതിയ്ക്കായി 20 കോടി രൂപ വകയിരുത്തുന്നു.

655. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ ചക്ക്ളിയർ എന്നീ സമുദായങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായുള്ള പ്രത്യേക ഇടപെടലുകൾ നടത്തുന്നതിനുള്ള പദ്ധതിക്കായി 52 കോടി രൂപ വകയിരുത്തുന്നു.

656. 'ആരോഗ്യ പരിപാലന പദ്ധതിക്ക്'' 70 കോടി രൂപയും പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം' പദ്ധതിക്ക് 90 കോടി രൂപയും വകയിരുത്തുന്നു.

657. സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ബജറ്റ് വിഹിതം നൽകി വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേന്ദ്ര സർക്കാർ അവസാനിപ്പിച്ച സാഹചര്യത്തിൽ പട്ടികജാതി മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള സംസ്ഥാന ബജറ്റ് സഹായമായി 10 കോടി രൂപ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് വകയിരുത്തുന്നു.

**പട്ടികവർഗ്ഗ വികസനം**

658. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 2.83 ശതമാനം പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കായി (TSP), നീക്കിവച്ചിട്ടുണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തേക്കാൾ കൂടുതലാണ് പദ്ധതി വിഹിതം. 1012 കോടി രൂപ പട്ടികവർഗ്ഗ ക്ഷേമത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഇതിൽ 775 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിനും ശേഷിക്കുന്ന 237 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കുമായി വകയിരുത്തുന്നു.

659. ഈ സർക്കാരിന്റെ കാലയളവിൽ, ലൈഫ് മിഷന്റെ കീഴിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിൽ വലിയ മാറ്റങ്ങളാണ് താഴെത്തട്ടിൽ ഉണ്ടാക്കിയിരിക്കുന്നത്. ലൈഫ് മിഷന്റെ വിവിധ ഘട്ടങ്ങളിലായി 53,582 വീടുകൾ പൂർത്തീകരിക്കുകയും 7,268 വീടുകളുടെ നിർമ്മാണം നിലവിൽ പുരോഗമിക്കുകയും ചെയ്യുന്നു. സുരക്ഷിതവും മാന്യവുമായ വീടുകൾ നിർമ്മിക്കുന്നതിനായി ലൈഫ് മിഷന് 140 കോടി രൂപ നീക്കിവയ്ക്കുന്നു. ഇതിനുപുറമെ പൂർത്തി യാകാത്ത വീടുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണ ത്തിനുമായി 'സേഫ്' (SAFE) പദ്ധതിയിലൂടെ 80 കോടി രൂപയും പ്രത്യേകമായി വകയിരുത്തുന്നു.

660. സേഫ് (SAFE) പദ്ധതിക്കായി അനുവദിച്ച 80 കോടി രൂപയിൽ നിന്നും, 'സ്മാർട്ട് സ്റ്റഡി റൂമുകൾ' നിർമ്മിക്കുന്നതിനായി 5 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ വ്യക്തിഗത

പഠനമുറികൾ ഒരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടു ന്നത്. ആദ്യ വർഷത്തിൽ 200 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പരിഗണിക്കും. ഓരോ വിദ്യാർത്ഥിക്കും പരമാവധി 2.50 ലക്ഷം രൂപ ധനസഹായമായി നൽകും.

661. പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവു മായി ബന്ധപ്പെട്ട ചെലവുകൾക്കായി 42 കോടി രൂപയും ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രാഥമിക ചെലവുകൾക്കും നിയമപരവും സാമ്പത്തികപരവുമായ പിന്തുണക്കുമായുള്ള പുതിയ പദ്ധതിക്കായി ഒരു കോടി രൂപയും വകയിരുത്തുന്നു.

662. 'പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭൂമി രജിസ്ട്രേഷനായുള്ള സഹായം' എന്നൊരു പുതിയ പദ്ധതി ആരംഭിക്കുന്നു. ഈ പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

663. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രോത്സാഹന ത്തിനായി വിവിധ പദ്ധതികളിലൂടെ 163.06 കോടി രൂപ വകയിരുത്തുന്നു.

664. വിദ്യാവാഹിനി പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് 30 കോടി രൂപ  വകയിരുത്തുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്കുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർ ഷിപ്പുകൾക്കായി 13 കോടി രൂപയും വകയിരുത്തുന്നു.

665. പട്ടികവർഗ്ഗ മേഖലകളിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമ സ്കൂളുകൾ/ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ/പ്രീ-മെട്രിക്, പോസ്റ്റ്-

മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി 6 കോടി രൂപ വകയിരുത്തുന്നു. ഇതിൽ, റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കുള്ള ഒരു കോടി രൂപയും ഉൾപ്പെടുന്നു.

666. ദേശീയ/അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി 6 കോടി രൂപ വകയിരുത്തുന്നു.

667. പട്ടികവർഗ്ഗ യുവാക്കളുടെ നൈപുണ്യ വികസനത്തിനും തൊഴിൽ, സംരംഭകത്വ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 91 കോടി രൂപ വകയിരുത്തുന്നു.

668. പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമികളിൽ സുസ്ഥിര കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനും, മില്ലറ്റ് വില്ലേജ് പദ്ധതി, അട്ടപ്പാടിയിലെ 'നമത് വെള്ളാമെ' ഇടുക്കി, വയനാട് ജില്ലകളിലെ 'ഹരിത രശ്മി' പദ്ധതി തുടങ്ങിയവയുടെ തുടർ നടത്തിപ്പിനും മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി 'പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതിയിൽ 12 കോടി രൂപ വകയിരുത്തുന്നു.

669. തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അധികമായി 100 ദിവസം തൊഴിൽ നൽകുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി തുടരുന്നതിന് 49.82 കോടി രൂപ വകയിരുത്തുന്നു.

670. 'പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അന്തരം പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്' എന്ന പദ്ധതിക്ക് 13 കോടി രൂപ വകയിരുത്തുന്നു.

671. പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള 'ഉപജീവന മിഷൻ' എന്ന പദ്ധതിയ്ക്ക് 11 കോടി രൂപ വകയിരുത്തുന്നു.

672. നഗര കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നവർക്കും ബിരുദാനന്തരബിരുദവും അതിനും ഉപരിയായുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് പഠിക്കുന്നവരുമായ പട്ടികവർഗ്ഗ വനിതകൾക്കായി സുരക്ഷിതവും കുറഞ്ഞ ചെലവിലുള്ളതുമായ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനായി 2 കോടി രൂപ ചെലവിൽ മൾട്ടിപർപ്പസ് വനിതാ ഹോസ്റ്റൽ പദ്ധതി ആരംഭിക്കുന്നു. ആദ്യഘട്ടമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മൂന്ന് ഹോസ്റ്റലുകൾ ആരംഭിക്കും.

673. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 42 കോടി രൂപ വകയിരുത്തുന്നു.

674. വിദ്യാഭ്യാസം, ആരോഗ്യം, മാനവ വികസനം, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ, ഉപജീവനം, സ്വയംതൊഴിൽ, സാംസ്കാരിക ഉയർച്ച തുടങ്ങിയ മേഖലകളിലെ നിർണായക പോരായ്മകൾ പരിഹരിക്കുന്നതിനായി കോർപ്പസ് ഫണ്ട് പദ്ധതിയിൽ 52 കോടി രൂപ വകയിരുത്തുന്നു.

675. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 16 മോഡൽ റസിഡൻഷ്യൽ/ആശ്രം സ്കൂളുകൾ, നാല് ഏകലവ്യ സ്കൂളുകൾ, രണ്ട് സ്പെഷ്യൽ സിബിഎസ്ഇ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നടത്തിപ്പിനായി 60 കോടി രൂപ വകയിരുത്തുന്നു.

676. പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം നല്കുന്ന പദ്ധതിക്കായി 6 കോടി രൂപ വകയിരുത്തുന്നു.

677. പട്ടികവർഗ്ഗക്കാർക്കിടയിലുള്ള സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധനസഹായം നല്കുന്ന പദ്ധതിക്കായി 4 കോടി രൂപ വകയിരുത്തുന്നു.

**ജനനി-ജന്മരക്ഷ**

678. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ വികസനത്തിലെ പ്രധാന ആശങ്കകളിലൊന്നായ അമ്മയുടേയും കുഞ്ഞിന്റേയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായുള്ള ജനനി-ജന്മരക്ഷ പദ്ധതിക്കായി **20 കോടി രൂപ** വകയിരുത്തുന്നു.

**ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി**

679. പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാര കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതും

ഭക്ഷ്യസുരക്ഷയും ഉൾപ്പെടുന്ന വിവിധ പരിപാടികൾക്കു മായി 22 കോടി രൂപ വകയിരുത്തുന്നു.

**പട്ടികവർഗ്ഗ ആശ്വാസ നിധി**

680. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പട്ടികവർഗ്ഗ ആശ്വാസ നിധിക്ക് 40 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തേക്കാൾ 8 കോടി രൂപ അധികമാണ്.

681. സംസ്ഥാനത്തുടനീളമുള്ള 1,182 പട്ടികവർഗ്ഗ പ്രൊമോട്ടർ മാർക്ക് ഓണറേറിയത്തിനും യാത്രബത്തക്കുമായി 19.15 കോടി രൂപയും ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ ഓണറേറിയത്തിനായി 5.50 കോടി രൂപയും ഉൾപ്പെടെ പട്ടികവർഗ്ഗമേഖല കളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവ വിഭവശേഷിക്കായി 30.68 കോടി രൂപ വകയിരുത്തുന്നു.

**പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

682. 2026-27 ബജറ്റിൽ സർക്കാർ പിന്നാക്ക വിഭാഗങ്ങളുടെ സുസ്ഥിര വികസനത്തിന് മുൻഗണന നൽകുന്നു. പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉപജീവനം എന്നിവയ്ക്ക് പിന്തുണ നൽകുന്നതിന് 200.94 കോടി രൂപ വകയിരുത്തുന്നു. മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 21.94 കോടി രൂപയുടെ (12.26%) വർധനവാണ് ഉണ്ടായിരിക്കുന്നത്.

683. എല്ലാ വിഭാഗം വിദ്യാർത്ഥികളുടേയും വിദ്യാഭ്യാസ പുരോഗതിയ്ക്ക് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒ.ബി.സി വിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പിനായി 130.78 കോടി രൂപ വകയിരുത്തുന്നു. അതിൽ PM YASASVI പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിനായി 28 കോടി രൂപയും 'കെടാവിളക്ക്' പ്രീ-മെട്രിക് സ്കോളർഷിപ്പിനായി 15 കോടി രൂപയും വിദേശ സ്കോളർഷിപ്പിനായി 2.50 കോടി രൂപയും വകയിരുത്തുന്നു.

684. ഒ.ഇ.സി വിദ്യാർത്ഥികൾക്കുള്ള 'പോസ്റ്റ് മെട്രിക്കുലേഷൻ സഹായം' പദ്ധതിയുടെ അടങ്കൽ 80 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

685. 'പിന്നാക്ക വിഭാഗങ്ങളുടെ വൈദഗ്ധ്യം, തൊഴിൽക്ഷമത, സംരംഭകത്വ വികസനം' എന്ന പദ്ധതിക്കായി ആകെ 25 കോടി രൂപ വകയിരുത്തുന്നു.

686. പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിക്ക് 3 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, മാതാപിതാക്കളിൽ ഒരാളെങ്കിലും നഷ്ടപ്പെട്ട മെഡിക്കൽ/മെഡിക്കൽ അനുബന്ധ മേഖലകളിൽ പഠിക്കുന്ന പിന്നാക്ക വിഭാഗ പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പിനായി 28 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

687. ക്രിസ്തു മതത്തിലേയ്ക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടേയും മറ്റ് ശുപാർശിത വിഭാഗക്കാരുടേയും

സുസ്ഥിര ഉപജീവന അവസരങ്ങളിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ട്. അതിനായി 2026-27-ൽ “പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ ഉപജീവന സഹായ പരിപാടി” എന്ന പുതിയ പദ്ധതി ആരംഭിക്കും. ഈ പദ്ധതി പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷനും പിന്നാക്ക വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയ്ക്കായി 10 കോടി രൂപ നീക്കിവെയ്ക്കുന്നു. ഇതിനുപുറമെ ഓഹരി മൂലധനമായി കോർപ്പറേഷന് 10 കോടി രൂപ കൂടി വകയിരുത്തുന്നു.

688. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡിനുള്ള ഓഹരി മൂലധന സഹായം 20 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധന സഹായം 2 കോടി രൂപയായി വർധിപ്പിക്കുന്നു.

**ന്യൂനപക്ഷങ്ങളുടെ ക്ഷേമം**

689. മുൻ വർഷത്തെ വിഹിതത്തെ അപേക്ഷിച്ച് 15.99 ശതമാനത്തിന്റെ വർദ്ധനവോടുകൂടി ന്യൂനപക്ഷ ക്ഷേമത്തിനായി 94.69 കോടി രൂപ വകയിരുത്തുന്നു.

690. കേന്ദ്ര സർക്കാർ 2022-23 മുതൽ മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് നിർത്തലാക്കിയതിനെ തുടർന്ന് ന്യൂനപക്ഷ ഗവേഷക വിദ്യാർത്ഥികളുടെ

ഗവേഷണ സാധ്യതകൾ പ്രതികൂലമായി ബാധിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ 2025-26ൽ സംസ്ഥാന സർക്കാർ സംസ്ഥാനതലത്തിൽ പ്രത്യേക പദ്ധതി ആരംഭിച്ചു. ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റീസ് എന്ന പദ്ധതി തുടരുന്നതിന് 11 കോടി രൂപ വകയിരുത്തുന്നു.

691. ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ലോകോത്തര വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി, 'ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വിദേശ സ്കോളർഷിപ് ' എന്ന പുതിയ പദ്ധതി പ്രഖ്യാപിക്കുകയാണ്. വിദേശത്തുള്ള അംഗീകൃത സ്ഥാപനങ്ങളിൽ അവരുടെ പഠനത്തിന് സാമ്പത്തിക സഹായം നൽകും. പദ്ധതി നടപ്പിലാക്കുന്നതിനായി 4 കോടി രൂപ നീക്കിവയ്ക്കുന്നു.

692. സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും സിവിൽ സർവ്വീസ് വിദ്യാർത്ഥികൾക്കും നൽകി വരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിന്റെ വിഹിതം 8 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

693. കോഴിക്കോട് സർവകലാശാലയുടെ കീഴിൽ ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായിട്ടുള്ള വിഹിതം 27 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു.

694. ന്യൂനപക്ഷ സമുദായങ്ങളിലെ വിവാഹമോചിത/വിധവ /ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കായുള്ള ഇമ്പിച്ചി ബാവ ഭവന പദ്ധതിക്ക് 5 കോടി രൂപയും, ന്യൂനപക്ഷ

വിഭാഗത്തിലെ വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിക്ക് 5 കോടി രൂപയും വകയിരുത്തുന്നു.

695. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ സംസ്ഥാന വിഹിതമായി 16 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര വിഹിതമായി 24 കോടി രൂപ പ്രതീക്ഷിക്കുന്നു.

696. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന് ഓഹരി മൂലധനമായി 12 കോടി രൂപ വകയിരുത്തുന്നു.

697. ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രി-മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന 'മാർഗ്ഗദീപം' പദ്ധതിക്കായി 22 കോടി രൂപ വകയിരുത്തുന്നു.

**മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം**

698. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസം, ഉപജീവനം, സ്വയംതൊഴിൽ എന്നീ മേഖലകളിൽ കേന്ദ്രീകരിച്ച പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന മുന്നാക്ക വിഭാഗ ക്ഷേമ കോർപ്പറേഷന് 39.77 കോടി രൂപ നീക്കിവെയ്ക്കുന്നു.

**സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ**

699. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആധുനിക വൽക്കരണത്തിനും ശാക്തീകരണത്തിനുമായി 2.27 കോടി രൂപ വകയിരുത്തുന്നു.

700. ജില്ലാ ആസൂത്രണ സമിതിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 13.40 കോടി രൂപ വകയിരുത്തുന്നു.

701. സർവ്വേകൾ, പഠനങ്ങൾ, പ്ലാൻ മോണിറ്ററിംഗ് സംവിധാനം(PLAN SPACE) ശക്തിപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 9.15 കോടി രൂപ വകയിരുത്തുന്നു.

**പോലീസ്**

702. രാജ്യത്തെ ഏറ്റവും മികച്ച മാനേജ്മെന്റ് സംവിധാനമുള്ള പോലീസ് സേനകളിൽ ഒന്നാണ് എന്ന ഖ്യാതി കേരള സംസ്ഥാന പോലീസിനുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പോലീസ് വകുപ്പ് സാങ്കേതിക പുരോഗതി, കമ്മ്യൂണിറ്റി പോലീസിംഗ്, സൈബർ കുറ്റകൃത്യ അന്വേഷണം, അടിസ്ഥാന സൗകര്യ നവീകരണം എന്നിവയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കുറ്റകൃത്യ ങ്ങൾ കണ്ടെത്തുന്നതിനുള്ള പോലീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്ന തിനും സുപ്രധാന സ്ഥാപനങ്ങൾക്കുള്ള സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ

ആരംഭിക്കും. വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 185.80 കോടി രൂപ വകയിരുത്തുന്നു.

**സർവ്വേ വകുപ്പ്**

703. ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും കാര്യക്ഷമമാക്കിയും ഡിജിറ്റൈസ് ചെയ്തും ഭൂഭരണത്തിൽ പരിവർത്തനം വരുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സർവ്വേ വകുപ്പ് 'എന്റെ ഭൂമി' എന്ന ഡിജിറ്റൽ ഭൂമി സർവ്വേ പരിപാടി ഏറ്റെടുത്തിരിക്കുകയാണ്. ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ എല്ലാ വില്ലേജുകളുടേയും ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുകയാണ് ലക്ഷ്യം. 'എന്റെ ഭൂമി' സർവ്വേ ഉൾപ്പെടെയുള്ള സർവ്വേ വകുപ്പിന്റെ ഈ പ്രവർത്തനങ്ങൾക്കായി 26.80 കോടി രൂപ വകയിരുത്തുന്നു.

**രജിസ്ട്രേഷൻ വകുപ്പ്**

704. ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള രജിസ്ട്രേഷൻ, പഴയ രജിസ്റ്റർ ചെയ്ത രേഖകളുടെ സംരക്ഷണം, ഡിജിറ്റലൈസേഷൻ എന്നിവയിലൂടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1968 മുതലുള്ള പഴയ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സ്കാനിംഗ് നടപടികൾ പൂർത്തിയായി, പഴയ കാലഹരണപ്പെട്ട രേഖകളുടെ സംരക്ഷണ പ്രക്രിയ നടന്നുവരികയാണ്. പണരഹിത പണമടയ്ക്കൽ സാധ്യമാക്കുന്നതിനായി ഇ-സ്റ്റാമ്പ്

സൗകര്യം, ആൻഡ്രോയിഡ് ഇ-പോസ് മെഷീനുകൾ എന്നിവ വകുപ്പ് നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കാര്യക്ഷമമായ രേഖകൾ സൂക്ഷിക്കൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഈ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന് 32 കോടി രൂപ വകയിരുത്തുന്നു.

**റവന്യൂ വകുപ്പ്**

705. സംസ്ഥാന സർക്കാരിന്റെ ഏറ്റവും പഴക്കമേറിയതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഭരണനിർവ്വഹണ വിഭാഗങ്ങളിലൊന്നായ കേരള റവന്യൂ വകുപ്പ്, ഭൂഭരണം, ദുരന്തനിവാരണം, പൗര സേവന വിതരണം എന്നിവയിൽ സുപ്രധാന പങ്ക് വഹിക്കുന്നു. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നിവ ഉറപ്പുവരുത്തുകയാണ് വകുപ്പിന്റെ സുപ്രധാന ലക്ഷ്യം. സ്മാർട്ട് സേവനങ്ങൾ നൽകുന്നതിനായി 1,666 വില്ലേജ് ഓഫീസുകളെയും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. റവന്യൂ വകുപ്പിന്റെ സേവനങ്ങളും പ്രവർത്തനങ്ങളും പ്രചരിപ്പിക്കുന്നതിനും പൊതുജന ങ്ങളിൽ നിന്നുള്ള ഫീഡ്ബാക്ക് നിരീക്ഷിക്കുന്നതിനു മായി ഈ ബജറ്റിൽ ഉൾപ്പെടുത്തി ഒരു റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിക്കുന്നതാണ്. റവന്യൂ വകുപ്പിനായി 95.85 കോടി രൂപ വകയിരുത്തുന്നു.

**ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സംവിധാനവും**

706. ഇന്ത്യയിലെ ഏറ്റവും ഫലപ്രദവും മികച്ചതുമായ പൊതു വിതരണ സമ്പ്രദായങ്ങളിലൊന്നാണ് കേരളത്തിനുള്ളത്. യൂണിവേഴ്സൽ റേഷനിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിൽ സംസ്ഥാനം മുൻനിര നേട്ടങ്ങൾ കൈവരിച്ചിട്ടുമുണ്ട്. നിലവിൽ മുൻഗണനാ കാർഡ് ഉടമകൾ ഉൾപ്പെടെ 94.92 ലക്ഷം കുടുംബങ്ങൾക്ക് റേഷൻ സംവിധാനം ലഭ്യമാക്കിവരുന്നു. എൻഎഫ്എസ്എയുടെ കീഴിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ പോലും റേഷൻ വിതരണത്തിന് കീഴിൽ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വിദൂര പട്ടികവർഗ്ഗസങ്കേതങ്ങൾ, തീരപ്രദേശങ്ങൾ, വിദൂര പ്രദേശങ്ങൾ പ്രകൃതിക്ഷോഭ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് മൊബൈൽ റേഷൻ കടകൾ വഴി റേഷൻ വിതരണം ചെയ്യുന്നു.

707. **സർ, ഭക്ഷ്യപൊതുവിതരണ വകുപ്പിന് വിപണി ഇടപെടലിനുള്ള പദ്ധതിയേതര വിഹിതം ഉൾപ്പെടെ ആകെ 2333.64 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻ വർഷത്തെ വിഹിതത്തേക്കാൾ 267.24 കോടി രൂപ അധികമാണ്. ഇതിന് പുറമേ സഹകരണ മേഖലയ്ക്ക് കീഴിൽ കൺസ്യൂമർ ഫെഡ് വഴി 75 കോടി രൂപയും വിപണി ഇടപെടലിനായി വകയിരുത്തുന്നു.**

708. പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, അരി, ആട്ട, പഞ്ചസാര എന്നിവയുൾപ്പെടെ 13 അവശ്യസാധനങ്ങൾ 50 ശതമാനം വരെ വിലകുറവിൽ നൽകി കൊണ്ട്

പൊതുവിപണിയിൽ വില നിലവാരം നിയന്ത്രിക്കുന്നതിനു സപ്ലൈകോ ഇടപെടുന്നുണ്ട്. 2026-27 കാലയളവിൽ 100 സപ്ലൈകോ ഔട്ടലെറ്റുകൾ നവീകരിക്കാൻ ലക്ഷ്യമിടുന്നു. സപ്ലൈകോ ഔട്ട്ലെറ്റിന്റെ നവീകരണത്തിനും എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗിനും വേണ്ടി 17.80 കോടി രൂപ വകയിരുത്തുന്നു.

709. സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 95.55 കോടി രൂപ വകയിരുത്തുന്നു.

**കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)**

710. കേരള നോളജ് ഇക്കണോമി മിഷൻ പരിപാടി ഗണ്യമായ പുരോഗതി കൈവരിച്ചു. കേരളത്തിലെ വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സമൂഹത്തെ ശാക്തീകരിക്കുന്നതിനും കഴിവുകൾ വളർത്തിയെടുക്കുന്നതിനും ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തെ നയിക്കുന്നതിനുമുള്ള ഒരു പൊതു പരിപാടിയാണ് വിജ്ഞാന കേരളം. കെ-ഡിസ്കിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത ലിഥിയം ടൈറ്റാനിയം ഓക്സൈഡ് (LTO) ബാറ്ററി കേരളത്തിൽ ഉല്പാദിപ്പിക്കുന്നതിന് എല്ലാവിധ സഹായങ്ങളും നൽകുന്നതാണ്.

711. ഇന്നൊവേഷൻ പ്രോഗ്രാമുകൾ, വിജ്ഞാന കേരളം പ്രോഗ്രാം എന്നിവ ഉൾപ്പെടെ കെ-ഡിസ്കിന്റെ

പ്രവർത്തനങ്ങൾക്കായി 60 കോടി രൂപ വകയിരുത്തുന്നു.

**പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്**

712. സർ, പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവനന്തപുരത്ത് ഭൂമി അനുവദിച്ചിട്ടുണ്ട്. വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി 5 കോടി രൂപ അനുവദിക്കുന്നു.

**ധനകാര്യ വകുപ്പ്**

713. ജി സ്പാർക്ക്/യൂണി സ്പാർക്ക്, GAIN PF 2.0 യുടെ പിന്തുണയ്ക്കായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കൽ, ധനകാര്യ വകുപ്പിന്റെ ഐടി സോഫ്റ്റ്‌വെയർ വിഭാഗം ശക്തിപ്പെടുത്തൽ, ധനകാര്യ വകുപ്പിന്റെ ബജറ്റ് വിഭാഗം ശക്തിപ്പെടുത്തൽ, ധനകാര്യ മാനേജ്മെന്റിലെ പരിശീലന കേന്ദ്രത്തിനായുള്ള അടിസ്ഥാന സൗകര്യ പിന്തുണ തുടങ്ങിയവയ്ക്കും ഡാറ്റാബേസ് പ്രവർത്തനങ്ങൾക്കുള്ള സംവിധാനം സാക്ഷാത്കരിക്കുന്നതിനുമായി 5.40 കോടി രൂപ വകയിരുത്തുന്നു.

**കിഫ്ബി**

714. കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസന രംഗത്ത് വിസ്മയകരമായ പുരോഗതിയാണ് കിഫ്ബിയിലൂടെ

സാധ്യമായത്. നാളിതുവരെ 96,554.53 കോടി രൂപയുടെ 1216 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ദേശീയപാത വികസനത്തിനും വ്യാവസായിക പാർക്കുകൾക്കും ഉൾപ്പെടെ ഭൂമിയേറ്റെടുക്കലുകൾക്കായി 20,000 കോടി രൂപ കിഫ്ബിയിലൂടെ വിനിയോഗിച്ചു. നിലവിൽ 44,414.91 കോടി രൂപയുടെ 814 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 41,701.99 കോടി രൂപയുടെ 744 പദ്ധതികൾക്ക് കരാർ നൽകിയിട്ടുണ്ട്. 24,734.58 കോടി രൂപയുടെ പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചു. മലയോര ഹൈവേ, തീരദേശ ഹൈവേ, വയനാട് തുരങ്കപാത, ഐ.ടി പാർക്കുകൾ സാംസ്കാരിക സമുച്ചയങ്ങൾ, സ്കൂളുകൾ, കോളേജുകൾ, കാൻസർ സെന്ററുകൾ, ആശുപത്രി കെട്ടിടങ്ങൾ, സുവോളജിക്കൽ പാർക്ക് തുടങ്ങി നിരവധി പദ്ധതികളാണ് കിഫ്ബി ഏറ്റെടുത്തത്.

715. സർ, നാളിതുവരെ 38,535 കോടി രൂപയാണ് കിഫ്ബി ചെലവഴിച്ചത്. ഇതിൽ 28036.04 കോടി രൂപയും ഈ സർക്കാരിന്റെ കാലത്താണ് ചെലവാക്കിയത്.

**ജി.എസ്.ടി വകുപ്പ്**

716. സംസ്ഥാന ജി.എസ്.ടി വകുപ്പിലെ സമീപകാല നാഴികക്കല്ലായ പരിഷ്കാരങ്ങൾ നികുതി സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാന ഖജനാവിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗണ്യമായി സംഭാവന നൽകിയിട്ടുണ്ട്. വിപുലമായ ഡാറ്റാ വിശകലനത്തിലൂടെ ജി.എസ്.ടി വകുപ്പിന്റെ വരുമാനം

വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമായ നിർവ്വഹണത്തിനും, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയ തീരുമാനങ്ങൾക്കും പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ജി.എസ്.ടി വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 26.15 കോടി രൂപ വകയിരുത്തുന്നു.

**ഫിനാൻസ് ടവർ**

717. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നതോടൊപ്പം കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന ജില്ലയാണ് എറണാകുളം. ധനകാര്യ ഭരണസംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കൊച്ചിയിൽ ഒരു ഫിനാൻസ് ടവർ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ജി എസ് ടി ഉൾപ്പെടെയുള്ള ധനകാര്യ നികുതി വകുപ്പുകൾ ഒരു സംയോജിത സംവിധാനത്തിൽ പ്രവർത്തിക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടെ ഈ പദ്ധതി നടപ്പാക്കുന്നതായിരിക്കും.

718. സർ, ജി.എസ്.ടി സമ്പ്രദായം നിലവിൽ വന്നതോടെ നികുതി നിർവ്വഹണ പ്രക്രിയ ആധുനിക സാങ്കേതികവിദ്യയുടെയും വിവരവിശകലനത്തിന്റെയും (Data Analytics) പുതിയ ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ മുൻകാല ചെക്ക്പോസ്റ്റ് അടിസ്ഥാനസൗകര്യങ്ങളെ അത്യാധുനിക നിരീക്ഷണ സംവിധാനങ്ങൾക്കായി ഫലപ്രദമായി പുനർവിന്യസിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. നിലവിലുള്ള പൊതു

ആസ്തികൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ടുതന്നെ അന്തർസംസ്ഥാന വ്യാപാര വിനിമയങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാനും ഇതുവഴി സാധ്യമാകും.

**ഗിഫ്റ്റ് (GIFT)**

719. ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ഒറ്റത്തവണ സഹായമായ 5 കോടി രൂപ ഉൾപ്പെടെ ഗിഫ്റ്റിന് 6.50 കോടി രൂപ വകയിരുത്തുന്നു.

**പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി**

720. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് വഴി നടത്തിവരുന്ന പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി എന്ന കോഴ്സിനെ സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സായി പ്രഖ്യാപിക്കുന്നു.

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

721. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO) പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) നടത്തുന്നുണ്ടെങ്കിലും, ജില്ലാതല ഡാറ്റയുടെ അപര്യാപ്തത നയരൂപീകരണത്തിന് ഒരു വലിയ വെല്ലുവിളിയാണ്. നയരൂപീകരണത്തിൽ സംസ്ഥാന/ജില്ലാ തലത്തിലുള്ള PLFS ഡാറ്റയുടെ പ്രാധാന്യം കണക്കിലെടുത്ത്, കേരള സ്പെസിഫിക് പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) നടത്തുന്നതിനായി 45 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. ഉൽപ്പാദനം, വ്യാപാരം, മറ്റ് സേവനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന അസംഘടിത കാർഷികേതര

സ്ഥാപനങ്ങളുടെ വിവിധ സാമ്പത്തിക, പ്രവർത്തന സവിശേഷതകൾ കണക്കാക്കുന്നതിനായുള്ള വാർഷിക സർവേയ്ക്കായി (ASUSE) ഒരു കോടി രൂപ നീക്കിവയ്ക്കുന്നു. സാമ്പത്തിക ശാസ്ത്ര-സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ആധുനികവൽക്കരണം, സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്കുള്ള ഇൻ-സർവീസ് പരിശീലനം, സർവേകളും പഠനങ്ങളും തുടങ്ങിയ വകുപ്പിന്റെ മറ്റ് പ്രധാന പദ്ധതികൾക്കായി 8.02 കോടി രൂപ വകയിരുത്തുന്നു.

**എക്സൈസ് വകുപ്പ്**

722. ലഹരി, മദ്യപാനം എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും പൊതുജനങ്ങളെയും ബോധവാന്മാരാക്കുന്നതിന് സംസ്ഥാന വ്യാപകമായി ലഹരി വിരുദ്ധ കാമ്പെയിനുകൾ വിമുക്തി മിഷന്റെ ഭാഗമായി വകുപ്പ് നടത്തിവരുന്നു. ആരോഗ്യ വകുപ്പിന്റെ ആശുപത്രികൾക്കൊപ്പം 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ 3 റീജിയണൽ കൗൺസിലിംഗ് സെന്ററുകളും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി വിരുദ്ധ പരിപാടികൾ, അതിഥി തൊഴിലാളികൾക്കിടയിലും, തീരദേശ, ആദിവാസി മേഖലകളിലുമാണ് പരിപാടി മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിമുക്തി മിഷന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെ എക്സൈസ് വകുപ്പിനായി 23.31 കോടി രൂപ വകയിരുത്തുന്നു.

## ജുഡീഷ്യറി

723. ഹൈക്കോടതിയുടെയും കീഴ്ക്കോടതികളുടെയും ആധുനിക വൽക്കരണത്തിനും നിയമപരമായ കാര്യങ്ങളിൽ പൗരന്മാർക്ക് ഉയർന്ന നിലവാരമുള്ള സേവനങ്ങൾ നൽകുന്നതിനും, പാരമ്പര്യ രേഖകളുടെ ഡിജിറ്റൈ സേഷനും, വിവിധ കോടതികൾ തമ്മിലുള്ള വിവര കൈമാറ്റം കാര്യക്ഷമമാക്കുന്നതിനുമായി 24.65 കോടി രൂപ വകയിരുത്തുന്നു.

## പൊതുമരാമത്ത് വകുപ്പ് – കെട്ടിട വിഭാഗം

724. വിവിധ പൊതു ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം, എംഎൽഎമാർക്കുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം, ജെൻഡർ ബജറ്റിംഗ് തുടങ്ങിയ വിവിധ പദ്ധതി കൾക്കായി 76.41 കോടി രൂപ വകയിരുത്തുന്നു.

## നിയമസഭാ സെക്രട്ടേറിയറ്റ്

725. എംഎൽഎമാർക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത വിവര സംവിധാനം, കേരള നിയമസഭാ ലൈബ്രറിയുടെ നവീകരണം തുടങ്ങിയ പദ്ധതികൾ തുടർന്ന് നടപ്പാക്കുന്നതിനും നിയമസഭാ മ്യൂസിയത്തിൽ ഇ.എം.എസ് സ്മൃതി മണ്ഡപം സ്ഥാപിക്കുന്നതിനുമായി 1.93 കോടി രൂപ വകയിരുത്തുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

726. കണ്ണൂരിലെ തലശ്ശേരിയിൽ കെ.എ.ടിയുടെ ഒരു അഡീഷണൽ ബെഞ്ച് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇതുൾപ്പെടെയുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 28.01 ലക്ഷം രൂപ വകയിരുത്തുന്നു.

**നവകേരള സദസ്സ്**

727. നവകേരള സദസ്സിൽ ഉരുത്തിരിഞ്ഞുവന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി 210 കോടി രൂപ വകയിരുത്തുന്നു. ഓരോ നിയോജക മണ്ഡലത്തിലും പരമാവധി 7 കോടി രൂപയുടെ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

728. ജില്ലാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കമ്മീഷന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 5.74 കോടി രൂപ ഉൾപ്പെടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 9.65 കോടി രൂപ വകയിരുത്തുന്നു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)**

729. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) എന്ന ബാഹ്യ സഹായ പദ്ധതിക്കായി **1000 കോടി രൂപ** നീക്കി വയ്ക്കുന്നു.

**മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ**

730. ലീഗൽ മെട്രോളജി വകുപ്പിന് 4.10 കോടി രൂപ വകയിരുത്തുന്നു.

**ട്രഷറി വകുപ്പ്**

731. സംസ്ഥാനത്തെ ട്രഷറികളുടെ നവീകരണത്തിലൂടെയും ആധുനികവൽക്കരണത്തിലൂടെയും കൂടുതൽ സേവനങ്ങൾ സുഗമമായി ജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞു. ട്രഷറി സേവിംഗ്സ് ബാങ്കിന് "കോർബാങ്കിംഗ്" സംവിധാനം ഏർപ്പെടുത്തി. പൊതുജനങ്ങൾക്ക് സർക്കാരിലേക്ക് ഡിജിറ്റലായി തുക ഒടുക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം വഴി നേരിട്ട് 11 ബാങ്കുകളുടേയും ബാങ്ക് ഗേറ്റ്‌വേകൾ വഴി 53 ബാങ്കുകളുടേയും സേവനം ലഭിക്കുന്നു. മുതിർന്ന പൗരന്മാർക്ക് മസ്റ്ററിംഗിനായി വാതിൽപ്പടി സേവനം നടപ്പിലാക്കി. കൂടാതെ, ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്കും പെൻഷൻകാർക്കുമായി ഓൺലൈൻ പോർട്ടൽ സേവനങ്ങൾ, ഇടപാടുകാർക്ക് എസ്.എം.എസ് അലർട്ട് എന്നിവയും ഏർപ്പെടുത്തിയതിനോടൊപ്പം സൈബർ സുരക്ഷയും ഉറപ്പാക്കിയിട്ടുണ്ട്. ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഡയറക്ടറേറ്റ് ഉൾപ്പെടെ പുതിയ 27 ട്രഷറി കെട്ടിടങ്ങളുടെ ഉത്ഘാടനം നടത്തി. 64 ട്രഷറികളുടെ നവീകരണം സാധ്യമാക്കി. ട്രഷറി സേവനങ്ങളുടെ വേഗതയും ഗുണനിലവാരവും വർദ്ധിപ്പിക്കുക, വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് അധിക സൗകര്യങ്ങൾ ഒരുക്കുക, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയ്ക്കായി ട്രഷറി വകുപ്പിന് 23.75 കോടി രൂപ വകയിരുത്തുന്നു.

## കെ.എസ്.എഫ്.ഇ

732. കെ.എസ്.എഫ്.ഇ യുടെ അംഗീകൃത മൂലധനം 100 കോടി രൂപയിൽ നിന്നും 250 കോടി രൂപയായി സർക്കാർ ഉയർത്തുകയുണ്ടായി. കെ.എസ്.എഫ്.ഇ യുടെ ആകെ വിറ്റുവരവ് ഒരു ലക്ഷം കോടി രൂപ കവിഞ്ഞു. ഒരു ലക്ഷം കോടി രൂപയുടെ ബിസിനസ് നേട്ടം കൈവരിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യ മിസലേനിയസ് നോൺ ബാങ്കിംഗ് കമ്പനിയായി കെ.എസ്.എഫ്.ഇ മാറിയിരിക്കുന്നു. ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ കാലത്ത് 143 പുതിയ ശാഖകളും 9 മേഖല ഓഫീസുകളും ആരംഭിക്കുകയും 5000-ത്തിനടുത്ത് ഉദ്യോഗാർത്ഥികൾ പി.എസ്.സി മുഖാന്തിരം കെ. കെ.എസ്.എഫ്.ഇ യിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

733. സർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയ ലോൺ തുക 2021-ലെ 4621 കോടിയിൽ നിന്ന് 2025-ൽ 8012 കോടിയിലേക്ക് വർധിക്കുകയുണ്ടായി.

734. **സർ, കെ.എഫ്.സിയുടെ മൂലധനത്തിൽ 73.5 കോടി രൂപയുടെ കൂടി വർധനവ് വരുത്തി പെയ്ഡ് അപ് ക്യാപിറ്റൽ ആയിരം കോടിയായി ഉയർത്തുന്നു.**

735. 50 കോടി വരെ സൂക്ഷ്മ ചെറുകിട ഇടത്തരം സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും നൽകിവരുന്ന 50 കോടി

രൂപയുടെ വായ്പാ പദ്ധതിയുടെ കാലാവധി 2 വർഷം കൂടി (02.02.2028 വരെ) ദീർഘിപ്പിക്കുന്നു.

736. മുതിർന്ന പൗരന്മാരുടെ കമ്മ്യൂണിറ്റി ലിവിംഗ് ക്ലസ്റ്ററുകളും റിട്ടയർമെന്റ് ഹബുകളും നിർമ്മിക്കുന്നതിന് ആദ്യ രണ്ട് വർഷം മൂന്ന് ശതമാനം പലിശ സബ്സിഡിയോടെ 20 കോടി രൂപവരെ വായ്പ നൽകുന്ന ഒരു പുതിയ പദ്ധതി കെ.എഫ്.സി പ്രഖ്യാപിക്കുന്നു. ഇതിനായി 100 കോടി രൂപ മാറ്റിവെയ്ക്കുന്നു. **സബ്സിഡി നൽകുന്നതിനായി അടുത്ത വർഷം 3 കോടി രൂപ അനുവദിക്കുന്നു.**

**ചെരുപ്പ് വ്യവസായത്തിന് വായ്പ**

737. സർ, സംസ്ഥാനം ചെരുപ്പ് വ്യവസായ ക്ലസ്റ്ററുകളുടെ ഒരു കേന്ദ്രമായി മാറിയിട്ടുണ്ട്. ഇത്തരം വ്യവസായ സംരംഭങ്ങൾക്ക് 20 കോടി രൂപ വരെ വായ്പ നൽകുന്ന ഒരു പദ്ധതി പ്രഖ്യാപിക്കുന്നു. **ആദ്യ വർഷം 2 ശതമാനം പലിശ സബ്സിഡി നൽകുന്ന ഈ വായ്പാ പദ്ധതിയ്ക്കായി 100 കോടി രൂപ നീക്കിവെയ്ക്കുന്നു.**

**സംസ്ഥാന ഇൻഷുറൻസ് വകുപ്പ്**

738. എസ്.എൽ.ഐ, ജി.ഐ.എസ് മറ്റ് വ്യത്യസ്തങ്ങളായ ഇതര ഇൻഷുറൻസ് പദ്ധതികൾ എന്നിവ കാലാനുസൃതമായി പരിഷ്കരിച്ചും കാര്യക്ഷമത വർദ്ധിപ്പിച്ചും സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നു. സാമൂഹ്യനീതി, വനിതാ ശാക്തീകരണം, സാമ്പത്തിക സുരക്ഷിതത്വം എന്നിവ ലക്ഷ്യമാക്കി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനും കുടുംബശ്രീയു

മായി സഹകരിച്ചുകൊണ്ട് ആരംഭിച്ച ഗ്രൂപ്പ് ബെനഫിറ്റ് സ്കീമിൽ നിലവിൽ 14 ലക്ഷത്തോളം അംഗങ്ങൾ ഉൾപ്പെടുന്നു. ഇതുവരെ 5000 ത്തോളം അംഗങ്ങൾക്കായി 14 കോടിയോളം രൂപ നഷ്ടപരിഹാരമായി നൽകി. കൂടാതെ കൃഷി വകുപ്പുമായി സഹകരിച്ച് കാർഷിക കർമ്മ സേനാംഗങ്ങൾക്കു വേണ്ടി കരുതൽ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയും നിലവിലുണ്ട്. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് കോ-ഇൻഷുറൻസ് വ്യവസ്ഥ യിൽ ഗോസമൃദ്ധി എന്ന പേരിൽ മൃഗസംരക്ഷണ വകുപ്പിലെ കന്നുകാലി ഇൻഷുറൻസ് പദ്ധതിയും കാര്യക്ഷമമായി നടത്തി വരുന്നു.

**ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്**

739. കഴിഞ്ഞ സാമ്പത്തിക വർഷം ചെറുകിട നിക്ഷേപ സമാഹരണ മേഖലയിൽ മൊത്തം നിക്ഷേപമായി 12,081.34 കോടി രൂപയും മിച്ച നിക്ഷേപമായി 3,893.96 കോടി രൂപയും സ്വരൂപിക്കാൻ ദേശീയ സമ്പാദ്യ വകുപ്പിന് കഴിഞ്ഞു.

740. സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും മിതവ്യയ ശീലവും പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിൽ ഇത് വരെ 6637 സ്കൂളുകളിലായി 5.17 ലക്ഷം വിദ്യാർത്ഥികൾ അംഗങ്ങളാകുകയും 24.37 കോടി രൂപ സ്വരൂപിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്**

741. സംസ്ഥാനത്തെ ആഡിറ്റ് വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖലകൾ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ 2026-27 വർഷം ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "ആഡിറ്റ് ഇൻഫർമേഷൻ & മാനേജ്മെന്റ് സിസ്റ്റം" സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾ, സ്റ്റേറ്റ് ആഡിറ്റ് കോംപ്ലക്സിന്റെ നിർമ്മാണം, കണ്ണൂരിൽ ഓഫീസ് സ്ഥലം ഒരുക്കൽ എന്നീ പ്രവൃത്തികൾക്കായി 2.42 കോടി രൂപ അനുവദിക്കുന്നു.

**ജീവനക്കാര്യം**

**ശമ്പള പരിഷ്കരണം**

742. സർ, സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച അഞ്ചുവർഷ തത്വം പാലിക്കുക എന്നതാണ് ഇടതുപക്ഷ സർക്കാരുകളുടെ എക്കാലത്തെയും നയം. ഇതിന്റെ ഭാഗമായി 12-ാം ശമ്പളപരിഷ്കരണ കമ്മീഷൻ പ്രഖ്യാപിക്കുകയാണ്. റിപ്പോർട്ട് മൂന്ന് മാസം കൊണ്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും സമയ ബന്ധിതമായി നടപ്പിലാക്കുകയും ചെയ്യും.

**ഡി.എ/ഡി.ആർ കുടിശ്ശിക**

743. സർ, സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും നിലവിൽ അവശേഷിക്കുന്ന ഡി.എ, ഡി.ആർ ഗഡുക്കൾ പൂർണ്ണമായും നൽകാൻ തീരുമാനിക്കുന്നു. ഒരു ഗഡു ഡി.എ ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പം

നൽകുന്നതാണ്. നിലവിൽ അവശേഷിക്കുന്ന ഗഡുക്കൾ പൂർണ്ണമായും മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം അനുവദിക്കും.

744. സർ, ഡി.എയുടെയും ഡി.ആർ-ന്റെയും കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കും. ആദ്യ ഗഡു ബജറ്റ് വർഷത്തിൽ തന്നെ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

**ഹൗസ് ബിൽഡിംഗ് അഡ്വാൻസ്**

745. സർ, ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് സ്കീം പുനഃസ്ഥാപിക്കും.

**അഷ്വേർഡ് പെൻഷൻ**

746. സർ, സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് പകരമായി അഷ്വേർഡ് പെൻഷൻ നടപ്പിലാക്കുമെന്ന് മുൻബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്ത് അഷ്വേർഡ് പെൻഷൻ പദ്ധതി ചുവടെ പറയുന്ന രീതിയിൽ പ്രഖ്യാപിക്കുന്നു.

747. അവസാന അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനം തുക പരമാവധി പെൻഷനായി ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ഡി.ആർ അനുവദനീയമാക്കുകയും ചെയ്യും.

748. നിലവിലുള്ള എൻ.പി.എസിൽ നിന്നും അഷ്വേർഡ് പെൻഷനിലേക്ക് മാറാൻ ഓപ്ഷനുണ്ടായിരിക്കും.

749. ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതം പ്രത്യേക ഫണ്ടായി മാനേജ് ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കും.

750. അഷ്വേർഡ് പെൻഷൻ പദ്ധതി ഏപ്രിൽ 1-ന് നടപ്പിൽ വരുത്തുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച ഉത്തരവ് പുറത്തിറക്കും.

# ഭാഗം – IV

# വിഭവസമാഹരണം

**നികുതി കുടിശിക തീർപ്പാക്കൽ പദ്ധതി**

751. ജി എസ് ടി നിയമം നിലവിൽ വരുന്നതിനു മുൻപുള്ള ചില നിയമങ്ങളുടെ ഭാഗമായുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി 2024 ബജറ്റിൽ ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതിയുടെ ഭാഗമായി അമ്പതിനായിരം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകളെ അവയുടെ പിഴയും പലിശയും അടക്കം പൂർണ്ണമായും ഒഴിവാക്കുന്നതിനായുള്ള തീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ച ശേഷം തീർപ്പാക്കിയ പല നികുതി നിർണയ ഉത്തരവുകളിലും ഇത്തരത്തിൽ അമ്പതിനായിരം രൂപ വരെ ഉള്ള നികുതി കുടിശ്ശികകൾ ഉൾപ്പെട്ടിട്ടുണ്ട്.

752. എന്നാൽ മേൽ ആനുകൂല്യം 2025 ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. മാത്രമല്ല, പ്രസ്തുത

പദ്ധതിയിൽ ടി വിഭാഗത്തിൽ ഉൾപ്പെട്ട കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകളും ഉണ്ടായിരുന്നില്ല. ആയതിനാൽ തന്നെ നിലവിൽ ഇത്തരത്തിലുള്ള ചെറിയ തോതിലുള്ള അനേകം കുടിശ്ശികകൾ തീർപ്പാക്കാതെ നിലവിലുണ്ട്.

753. ഈ സാഹചര്യത്തിൽ 2024 ആംനസ്റ്റി സ്കീമിൽ ഉൾപ്പെട്ട മുൻകാല നിയമങ്ങളുമായി ബന്ധപ്പെട്ട 2017-2018 സാമ്പത്തിക വർഷം വരെയുള്ള നികുതി നിർണ്ണയ ഉത്തരവുകളിൽ, അമ്പതിനായിരം രൂപ വരെ നികുതി തുക ഉള്ള കുടിശ്ശികകളെ അവയുടെ പിഴയും പലിശയും അടക്കം പൂർണ്ണമായും ഒഴിവാക്കും.

754. ഈ ആനുകൂല്യം 2027 മാർച്ച് 31 വരെ തീർപ്പാക്കുന്ന നികുതി നിർണ്ണയ ഉത്തരവുകളിലെ നികുതി കുടിശ്ശികകൾക്കു ബാധകമായിരിക്കും.

755. ചെറിയ കുടിശ്ശികകൾ തീർപ്പാക്കുന്നതിന് വ്യാപാരികൾക്ക് സഹായകമാകുന്ന ടി പദ്ധതി വ്യാപാര സമൂഹത്തിന് ഒരു പരിധി വരെ ആശ്വാസമേകുന്നതായിരിക്കും.

**ഫ്ലഡ് സെസ്സ് ആംനസ്റ്റി പദ്ധതി**

756. പ്രകൃതി ദുരന്തങ്ങൾ കാരണം സംസ്ഥാനത്തിന് ആവശ്യമായി വന്ന അധിക വിഭവ സമാഹരണത്തിനായി 2019-ൽ ജിഎസ്ടി ബാധകമായ സപ്ലൈകളുടെ മേൽ ഒരു ശതമാനം സെസ്സ് എർപ്പെടുത്തിയിരുന്നു.

757. 2025 ലെ ബജറ്റിൽ, 2021 ജൂലൈ വരെയുള്ള മേൽ പറഞ്ഞ ഫ്ലഡ് സെസ്സുമായി ബന്ധപ്പെട്ട കുടിശ്ശിക തീർപ്പാക്കുന്നതിനായി, സെസ്സ് തുക പിഴയും പലിശയും ഇല്ലാതെ അടക്കാനുള്ള 'ഫ്ലഡ് സെസ്സ് ആംനസ്റ്റി 2025' പ്രഖ്യാപിച്ചിരുന്നു. ഏപ്രിൽ 1, 2025 മുതൽ ജൂൺ 30, 2025 വരെയുള്ള മൂന്നു മാസ കാലയളവിലേക്ക് പ്രഖ്യാപിച്ചിരുന്ന ഒരു ഹ്രസ്വകാല പദ്ധതിയായിരുന്നു ഇത്. വ്യാപാര സമൂഹത്തിന്റെ അഭ്യർത്ഥന മാനിച്ച്, വ്യാപാര സമൂഹത്തിന് ആശ്വാസം നല്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ 'ഫ്ലഡ് സെസ്സ് ആംനസ്റ്റി 2026' പ്രഖ്യാപിക്കുന്നു.

## ഉപസംഹാരം

758. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കേരളം അതിവേഗ വളർച്ചയുടെ ഒരു പുതിയ ഘട്ടത്തിലേക്ക് ടേക്ക് ഓഫ് സജ്ജമായിരിക്കുന്നു എന്ന് സൂചിപ്പിച്ചിരുന്നു. അക്ഷരാർത്ഥത്തിൽ അത് സംഭവിക്കുകയാണ്. പശ്ചാത്തലമേഖലയിലെ പിന്നാക്കാവസ്ഥ പരിഹരിച്ചു കഴിഞ്ഞാൽ കേരളത്തിലേക്ക് കൂടുതൽ മൂലധന നിക്ഷേപം എത്തുമെന്നും അത് വളർച്ചയ്ക്ക് രാസത്വരക മാകും എന്നും കണക്ക് കൂട്ടിയിരുന്നു. യഥാർത്ഥത്തിൽ നാം പ്രതീക്ഷിച്ചതിനേക്കാൾ മെച്ചപ്പെട്ട പ്രതികരണ മാണ് കാണുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങളുമായി ബന്ധപ്പെട്ട് അദാനി ഗ്രൂപ്പ് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10,000 കോടി രൂപ

നിക്ഷേപിക്കും എന്ന് വ്യക്തമായല്ലോ. തുറമുഖത്തിന് പുറത്ത് അനുബന്ധ വികസന മേഖലകളിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സ്വകാര്യ ഏജൻസികളുമായി ഏറ്റവും കുറഞ്ഞത് 30,000 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് കണക്കാക്കപ്പെടുന്നു.

759. പശ്ചാത്തല മേഖലയിൽ നാം നടത്തിയ മുന്നേറ്റത്തിന്റെ പ്രതിഫലനമാണ് ദാവോസിൽ വേൾഡ് എക്കണോമിക് കോൺഫറൻസിലും കണ്ടത്. ദാവോസിലെ കേരളത്തിന്റെ സാന്നിധ്യം ദേശീയ സാർവദേശീയ മാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. കേരളത്തിലെ മാധ്യമങ്ങൾ അത് വേണ്ടത്ര ഗൗനിച്ചതായി കണ്ടില്ല. വേൾഡ് എക്കണോമിക് ഫോറത്തിൽ കേരളം 1.18 ലക്ഷം കോടി രൂപയുടെ താൽപര്യപത്രങ്ങൾ ഒപ്പിട്ടു. താൽപര്യപത്രങ്ങളെയും ധാരണാ പത്രങ്ങളെയും യഥാർത്ഥ മൂലധനനിക്ഷേപമായി പരിവർത്തിപ്പിക്കുന്നതിൽ നാം മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ചവെയ്ക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ തുടർച്ചയായി ഏറ്റവും ഉയർന്ന സ്ഥാനം നിലനിർത്തുന്നത് ഇതിനൊക്കെ സഹായകരമാണ്.

760. പുതിയ പദ്ധതിയിലും പശ്ചാത്തല മേഖലയ്ക്ക് നൽകുന്ന പ്രാധാന്യം തുടരും. ഭൗതിക പശ്ചാത്തല സൗകര്യങ്ങളിൽ മാത്രമല്ല, മനുഷ്യവിഭവശേഷിയുടെ കാര്യത്തിലും കേരളത്തെ ഒന്നാംതരമാക്കുകയാണ് ലക്ഷ്യം.

761. കേരളത്തിന്റെ പശ്ചാത്തല മേഖലയുടെ നട്ടെല്ലായി ഞങ്ങൾ കണക്കാക്കുന്ന ഒന്നാണ് തെക്ക്-വടക്ക്

അതിവേഗ റെയിൽ ഇടനാഴി. കേരളത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്രമാണ് ഈ പദ്ധതിയ്ക്ക് ഇത്രമേൽ പ്രാധാന്യം ഞങ്ങൾ കൽപിക്കാൻ കാരണം. കേരളം വീതി കുറഞ്ഞ് തെക്ക് – വടക്ക് നീളത്തിൽ കിടക്കുന്ന ഒരു ഭൂപ്രദേശമാണ്. യൂറോപ്പിലാണെങ്കിൽ രണ്ടോ മൂന്നോ രാജ്യങ്ങളിലൂടെ കടന്നുപോകുന്ന നീളം കേരളത്തിനുണ്ട്. കേരള സമ്പദ്ഘടനയുടെയും, കമ്പോളത്തിന്റെയും സംസ്കാരത്തിന്റെയും ഉദ്ഗ്രഥന ത്തിനു നെടുകെയുള്ള വേഗതയാർന്ന ഗതാഗതസൗകര്യം പരമപ്രധാനമാണ്. യു.ഡി.എഫിന്റെയും ബി.ജെ.പി. യുടെ എതിർപ്പ് കാരണം തടസ്സപ്പെട്ടെങ്കിലും കെ–റെയിൽ പദ്ധതി വരും കേട്ടോ എന്നതാണ് ഞങ്ങളുടെ നിലപാട്. പദ്ധതിയുടെ പേരുമായോ സാങ്കേതികവിദ്യയുമായോ ബന്ധപ്പെട്ട ഒരു പിടിവാശിയും സർക്കാരിനില്ല. അക്കാര്യം ഞങ്ങൾ ബന്ധപ്പെട്ടരെ ആവർത്തിച്ച് അറിയിച്ചിട്ടുണ്ട്. നേരത്തെ കാണിച്ച എതിർപ്പുകൾ മാറ്റിവെച്ച് കേരളത്തിന്റെ സ്വപ്നപദ്ധതി യാഥാർത്ഥ്യമാക്കണം എന്നതാണ് നിലപാട്. കേന്ദ്രം മുന്നോട്ടു വന്നാൽ സംസ്ഥാന സർക്കാരിന്റെ എല്ലാ സഹകരണവും ഉറപ്പാക്കും.

762. ദീർഘകാല വികസന പരിപ്രേക്ഷ്യം തയ്യാറാക്കുമ്പോൾ നമുക്ക് വേണ്ടത് പൊട്ടക്കിണറ്റിലെ തവളയുടെ കാഴ്ചയല്ല. ആഗോള ദേശീയ തലങ്ങളിൽ എന്താണ് നടക്കുന്നത് എന്ന് മനസ്സിലാക്കി അതിനനുസരിച്ച് നമ്മുടെ വികസന സമീപനം തയ്യാറാക്കണം.

763. ലോക വ്യവസ്ഥ തികഞ്ഞ അവ്യവസ്ഥയിലേക്ക് നീങ്ങുകയാണ്. ലോകക്രമവും അതിന്റെ വ്യവസ്ഥകളും പരക്കെ ലംഘിക്കപ്പെടുന്നു. ആഗോള പ്രവൃത്തി വിഭജനവും, വ്യാപാര മാർഗങ്ങളും സപ്ലൈ ചെയിനുകളും പുനഃസംഘടിപ്പിക്കപ്പെടുന്നു. പുതിയ സാങ്കേതിക വിദ്യകളുടെ കടന്നുവരവും അനിശ്ചിതത്വത്തിന് കാരണമാവുന്നുണ്ട്. പക്ഷേ അനിശ്ചിതത്വത്തോടൊപ്പം പുതിയ അവസരങ്ങളും ഉണ്ടാകുന്നുണ്ട്.

764. സർ, പുതിയ ലോകം അനിശ്ചിതത്വങ്ങളെ നേരിടാനും പുതിയ അവസരങ്ങളെ ഉപയോഗപ്പെടുത്താനും ത്രാണിയുള്ളവരുടേതാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിന് ദീർഘദൃഷ്ടിയും നിശ്ചയദാർഢ്യവുമുള്ള നേതൃത്വം ആവശ്യമാണ്.

765. ലോക വ്യവസ്ഥയിലെ അവ്യവസ്ഥയും അനിശ്ചിതത്വവും ആഭ്യന്തര ഉൽപ്പാദനവും ആഭ്യന്തര കമ്പോളവും പരമാവധി ശക്തിപ്പെടുത്താനുള്ള ആഹ്വാനമാണ്. ഇവിടെ നമ്മെ സംബന്ധിച്ചിടത്തോളം കൃഷി-അനുബന്ധ മേഖലകളുടെ പ്രാധാന്യം വളരെ വലുതാണ്. കേരളത്തിലെ പുതിയ പദ്ധതിയിൽ പ്രഥമ പരിഗണന കൃഷി-അനുബന്ധ മേഖലകൾക്കായിരിക്കും.

766. ആസിയാൻ കരാറിന്റെയും വന്യജീവികളുടെ ആക്രമണത്തിന്റെയും ആഘാതത്തിൽ നിന്നും കാർഷിക മേഖലയെ മുക്തമാക്കേണ്ടതുണ്ട്. ആസിയാൻ കരാറിന്റെ ഏറ്റവും രൂക്ഷമായ ആഘാതം ഉണ്ടായത് റബ്ബർ മേഖലയിലാണ്. അതിനുശേഷം ഇന്നുവരെ റബ്ബർ

കൃഷിക്കാർക്ക് ആദായവില കിട്ടിയിട്ടില്ല. കൃഷിക്കാരും തൊഴിലാളികളും കൃഷി ഉപേക്ഷിച്ചു പോകുന്ന സ്ഥിതിയുണ്ട്. വൈകാതെ ഇത് ഇന്ത്യൻ ടയർ വ്യവസായത്തെയും ബാധിക്കും. റബ്ബർ മേഖലയിലെ അധികാരം കയ്യാളുന്ന റബ്ബർ ബോർഡും കേന്ദ്ര വാണിജ്യ വകുപ്പും ടയർ ഉൽപ്പാദകരും റബ്ബറിന് ന്യായവില ഉറപ്പാക്കാൻ ബാധ്യസ്ഥരാണ്. അത് നടന്നില്ലെങ്കിൽ ശക്തവും സമഗ്രവുമായ ബദൽ വികസന പരിപാടി നടപ്പിലാക്കാൻ സംസ്ഥാനം നിർബന്ധിതമാവും.

767. കേരളത്തെപ്പോലെ വനത്തെയും വന്യജീവികളെയും സംരക്ഷിച്ച മറ്റൊരു സംസ്ഥാനമില്ല. എന്നാൽ അത് ഇപ്പോൾ കേരളത്തിലെ കൃഷിക്കും കൃഷിക്കാർക്കും വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കേന്ദ്രസർക്കാർ വനം വന്യജീവി നിയമത്തിൽ ആവശ്യമായ മാറ്റം വരുത്താൻ തയ്യാറല്ല. വന്യജീവി ആക്രമണത്തെ പ്രതിരോധി ക്കാതെ കൃഷിയും ഗ്രാമീണ ജീവിതവും അസാധ്യമാണ്. ആധുനിക സാങ്കേതികവിദ്യകളും നിയമത്തിന്റെ സാധ്യതകളും ഉപയോഗിച്ച് കേരളത്തിലെ കൃഷിയെയും കൃഷിക്കാരെയും സംരക്ഷിക്കാൻ സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കും.

768. കാർഷികരംഗത്തും ആധുനിക സാങ്കേതികവിദ്യകൾ പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പതിനാലാം പദ്ധതിക്കാലത്ത് കേരളം ഹൈടെക് അഗ്രികൾച്ചറിന്റെ സാധ്യത വലിയ തോതിൽ ഉപയോഗപ്പെടുത്തുന്നു.

യുവസംരംഭകരെയും പുതിയ തലമുറ കൃഷിക്കാരെയും ഈ രംഗത്തേക്ക് ആകർഷിക്കാൻ പുതിയ സാങ്കേതികവിദ്യകളുടെ സാധ്യതകൾ സഹായിക്കും.

769. അറിവും, നവ സാങ്കേതികവിദ്യകളും വൈദഗ്ധ്യങ്ങളുമാണ് പുതിയ ലോകത്തെ നിയന്ത്രിക്കുക. കേരളത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റണം എന്ന കാഴ്ചപ്പാട് ഞങ്ങൾ മുന്നോട്ടുവെച്ചത് ഈ പശ്ചാത്തലത്തിലാണ്. വിജ്ഞാനത്തിന് താക്കോൽ സ്ഥാനം കൽപ്പിക്കുന്ന പുതിയ ലോകത്ത് ശോഭിക്കാനാവശ്യമായ പ്രാഥമിക സാഹചര്യങ്ങൾ കേരളത്തിലുണ്ട്. സാർവത്രിക സാക്ഷരത, എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യം, ഡിജിറ്റൽ സാക്ഷരത തുടങ്ങിയവയുടെ വ്യാപനത്തിന്റെ കാര്യത്തിൽ നാം ആരുടെയും പിന്നിലല്ല. അടുത്ത ഘട്ടത്തിൽ ഏറ്റവും പുതിയ അറിവുകളും സാങ്കേതികവിദ്യകളും നൈപുണികളും സ്വന്തമാക്കാനും കൈകാര്യം ചെയ്യാനുമുള്ള കഴിവാണ് ഒരു സമൂഹം എന്ന നിലയിൽ കേരളം ആർജിക്കേണ്ടത്. നിർമ്മിതബുദ്ധി, വിവരസാങ്കേതികവിദ്യ, റോബട്ടിക്സ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ, ബിഗ് ഡേറ്റ തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടി മുന്നേറാൻ കഴിയുന്ന രൂപത്തിൽ നമ്മുടെ സർവ്വകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും മാറ്റിയെടുക്കേണ്ടതുണ്ട്. പുതിയ അറിവുകളെയും സാങ്കേതികവിദ്യകളെയും നൈപുണികളായി പരിവർത്തിപ്പിച്ചെടുക്കാൻ പാകത്തിലുള്ള ആധുനികമായ ഇന്നവേഷൻ വ്യവസ്ഥ വളർത്തിയെടുക്കണം. ജി-20 രാജ്യങ്ങളിലെ, പ്രത്യേകിച്ച് ഗ്ലോബൽ

സൗത്തിനെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയണം.

770. കേരളത്തിന്റെ വികസനത്തിൽ സംസ്ഥാനത്തിനു പുറത്തേക്കും അകത്തേക്കുമുള്ള കുടിയേറ്റത്തിനും വലിയ പ്രാധാന്യമുണ്ട്. കേരളമെന്ന സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തികൾക്കുള്ളിൽ മാത്രം വ്യാപരിക്കുന്ന ഒരു സംസ്കാരമായി ചുരുക്കി കാണാനാകില്ല. പ്രവാസം വ്യത്യസ്തമായ സ്വഭാവത്തോടു കൂടിയാണെങ്കിലും തുടരാനാണ് സാധ്യത. അതുകൊണ്ട് കേരളത്തെ സംസ്ഥാനത്തിനകത്തും പുറത്തും പടർന്ന് വികസിക്കുന്ന ഒരു സംസ്കാരമായി കാണേണ്ടതുണ്ട്. മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ പുതിയ അറിവുകൾ, സാങ്കേതികവിദ്യകൾ, നൈപുണികൾ, രുചിഭേദങ്ങൾ, പാഷനുകൾ തുടങ്ങിയവ കേരളത്തിലേക്ക് എത്തിക്കുന്ന വാതായനങ്ങളായി പ്രവാസികളെ കണ്ടുകൊണ്ടുള്ള വികസന സമീപനം ആവശ്യമാണ്. അതിന് അകത്തുള്ള കേരളവും പുറത്തുള്ള കേരളവുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കാനാവണം.

771. അധികാരവികേന്ദ്രീകരണവും ഭരണത്തിന്റെ ജനാധിപത്യ വൽക്കരണവും കേരളത്തിന്റെ വികസന തന്ത്രത്തിലെ അവിഭാജ്യ ഘടകമാണ്. സംസ്ഥാനത്തിന്റെ വികസന ത്തിൽ ഭാവിയിൽ പ്രാദേശിക ഗവൺമെന്റുകൾക്ക് കൂടുതൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും.

772. കേരള സംസ്ഥാനം അതിവേഗം ഒരു സംയുക്ത നഗരമായി മാറിക്കൊണ്ടിരിക്കുകയാണ്. നഗര

വത്കരണത്തിന്റെ പ്രത്യേകതകളെ ഉൾക്കൊള്ളുന്ന തരത്തിൽ പ്രാദേശിക ആസൂത്രണത്തെ മാറ്റി തീർക്കേണ്ടതുണ്ട്. ഏറ്റവും വൃത്തിയുള്ള, ട്രാഫിക് ജാമുകളില്ലാത്ത, ഉയർന്ന ജീവിത ഗുണമേന്മയുള്ള ഒരു നഗരമായി കേരളം മാറുകയാണ്. നഗരങ്ങളോടൊപ്പം ഗ്രാമജീവിതത്തെയും സംരക്ഷിച്ചുപോകുന്ന നയമാണ് വേണ്ടത്.

773. കേരള വികസന മാതൃകയുടെ അടിസ്ഥാനം സാമൂഹ്യനീതിയും സാമൂഹ്യക്ഷേമവും ലക്ഷ്യമാക്കിയുള്ള കൂട്ടായ ഇടപെടലുകളാണ്. പശ്ചാത്തല മേഖലയുടെ വികസനത്തിൽ ഊന്നിയ ഘട്ടത്തിലും സാമൂഹ്യ നീതിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ കേരളം തയ്യാറായിട്ടില്ല. ജീവിതത്തിന്റെ പൊതു സൗകര്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്ന നയങ്ങളാണ് കേരളം സ്വീകരിച്ചുവരുന്നത്. അതിദാരിദ്ര്യ നിർമ്മാർജനത്തിൽ എത്തിനിൽക്കുന്ന ഈ സമീപനം ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങേണ്ടതുണ്ട്. സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജനം എന്നത് സംസ്ഥാനത്തിന്റെ കൈപ്പിടിയിൽ ഒതുങ്ങുന്ന ലക്ഷ്യമാണ്.

774. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നടപടികൾ ലോകവ്യാപാര രംഗത്ത് വലിയ അനിശ്ചിതത്വങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ട്രംപ് ഏർപ്പെടു ത്തിയ താരിഫുകൾ ആ അനിശ്ചിതത്വം വർധിപ്പിച്ചു. അത് ഇന്ത്യയെയും കേരളത്തെയും പ്രതികൂലമായി

ബാധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവു മില്ല. നമ്മുടെ മറൈൻ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയെയും അത് സാരമായി ബാധിച്ചു. ട്രംപിന്റെ ഭീഷണിയ്ക്ക് വഴങ്ങി ജി.എസ്.ടി നിരക്കുകൾ കേന്ദ്രസർക്കാർ കുറച്ചത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂല മായി ബാധിച്ചു. യൂറോപ്യൻ സാമ്പത്തിക സമൂഹവുമായി ഇന്ത്യ ഒപ്പിട്ടിട്ടുള്ള പുതിയ സ്വതന്ത്ര വ്യാപാര കരാറിന്റെ വിശദാംശങ്ങൾ പൂർണ്ണമായും പുറത്തുവന്നിട്ടില്ല. എന്നാൽ നമ്മുടെ ക്ഷീരകർഷകർ ഉൾപ്പെടയുള്ളവർക്കും വ്യവസായ മേഖലകൾക്കും ഇതുമൂലം തിരിച്ചടിയുണ്ടാ കുമോ എന്ന ആശങ്കയും ശക്തമാണ്. ഈ സാഹചര്യം ഉൾപ്പെടെ നേരിടാൻ നമുക്ക് മുൻകൂട്ടി സജ്ജമാ കേണ്ടതുണ്ട്.

775. സർ, ലോകം ജനാധിപത്യക്രമത്തിൽ നിന്നും പിന്നോട്ടുരുളുന്ന കാഴ്ച ആശങ്കയുളവാക്കുന്നതാണ്. ഒരു റിപ്പബ്ലിക്കിന്റെ തലവനെ അന്താരാഷ്ട്രനിയമങ്ങൾ കാറ്റിൽപ്പറത്തി പ്രസിഡന്റ് മന്ദിരത്തിൽ നിന്നും അറസ്റ്റ് ചെയ്ത് അമേരിക്കയുടെ ജയിലിലടച്ചതുപോലെയുള്ള സംഭവങ്ങൾ കോളനിഭരണകാലത്ത് പോലും അത്യപൂർവ്വമായിരുന്നു.

776. ഇത്തരം കാര്യങ്ങൾ നമുക്കും മുന്നറിയിപ്പാണ്. നാം കേരളീയർ ഒറ്റക്കെട്ടായി സംസ്ഥാനത്തിന്റെ താൽപര്യത്തിനുവേണ്ടി മുന്നേറണം. ഐക്യത്തോടെ നാടിന്റെ താൽപര്യത്തിനുവേണ്ടി നിന്നാൽ ഏത് പ്രതിസന്ധിയെയും നമുക്ക് നേരിടാം. നമ്മുടെ ചരിത്രം

അതാണ് പഠിപ്പിക്കുന്നത്. ഭാവിക്കായി കരുതലോടെ സംസ്ഥാനതാൽപര്യം ഉയർത്തിപ്പിടിക്കാം. നമുക്ക് ഭാവിയിലേക്ക് ഒറ്റക്കെട്ടായി മുന്നേറാം.

777. ഇനി ഞാൻ 2025-26 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2026-27 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

**2025-26 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്**

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 137082.61 |
| റവന്യൂ ചെലവ് | 173971.80 |
| റവന്യൂ കമ്മി | (-)36889.19 |
| മൂലധന ചെലവ് (തനി) | (-)15632.07 |
| വായ്പകളും മുൻകൂറുകളും (തനി) | (-)1428.24 |
| പൊതുകടം (തനി) | 49908.80 |
| പൊതുകണക്ക് (തനി) | 4000.00 |
| ആകെ കമ്മി | (-)40.71 |
| വർഷാരംഭ രൊക്ക ബാക്കി | (-)341.74 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)382.45 |

## 2026-27 ലെ ബജറ്റ് എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 182972.10 |
| റവന്യൂ ചെലവ് | 217558.76 |
| റവന്യൂ കമ്മി | (-)34586.66 |
| മൂലധന ചെലവ് (തനി) | (-)19384.86 |
| വായ്പകളും മുൻകൂറുകളും (തനി) | (-)1447.99 |
| പൊതുകടം (തനി) | 51378.49 |
| പൊതുകണക്ക് (തനി) | 4000.00 |
| ആകെ കമ്മി | (-)41.01 |
| വർഷാരംഭ രൊക്ക ബാക്കി | (-)382.45 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)423.46 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (-)1350.00 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)1773.46 |

778. സർ, 2026-27–ലെ ബജറ്റ് സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു.